# 3

# ദുരുപദേഷ്ടാക്കന്മാർ

## (2:1- 22)

അദ്ധ്യായം 1 ലെ പത്രൊസിന്റെ നിർദ്ദേശങ്ങൾ സഭയെ കുഴപ്പത്തിലാക്കിയ ദുരുപദേഷ്ടാക്കന്മാരെ സംബോധന ചെയ്തിട്ടായിരുന്നുവെങ്കിൽ, അത് കണ്ടുപിടിക്കുവാൻ പ്രയാസമുള്ളതായിരുന്നു. സഭകൾ അഭിമുഖീകരിച്ച പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള വാക്കുകളായിരിക്കാം അവൻ തിരഞ്ഞെടുത്തത്, എന്നാൽ അപ്പൊസ്തലനോട് എതിർത്തവരെ സംബോധന ചെയ്യുവാൻ അവൻ തന്റെ വായനക്കാർക്ക് വിട്ടുകൊടുക്കുകയായിരുന്നു. ഈ സമയത്ത് അവൻ അത് സൂക്ഷ്മമായി തന്നെ വെച്ചു. ക്രിസ്തീയ ഉപദേശങ്ങളുടെ അന്തസത്തക്ക് സഭയിലെ ദുരുപദേഷ്ടാക്കന്മാർ ഭീഷണി ഉയർത്തുകയായിരുന്നു. ഇതിൽ ഉപദേഷ്ടാക്കന്മാരെ വിവരിച്ച രീതി തന്നെയാണ് യൂദയുടെ പുസ്തകത്തിലുമുള്ളത്. വേദാഗത്തിൽ വരുന്ന ഭാഷയിലെ സാമ്യം നാം ശ്രദ്ധിക്കുന്നതാണ്.

### ദുരുപദേഷ്ടാക്കന്മാരെ കുറിച്ചുള്ള മുന്നറിയിപ്പ് (2:1-3)

**1എന്നാൽ കള്ളപ്രവാചകന്മാരും ജനത്തിന്റെ ഇടയിൽ ഉണ്ടായിരുന്നു. അങ്ങനെ നിങ്ങളുടെ ഇടയിലും ദുരുപദേഷ്ടാക്കന്മാർ ഉണ്ടാകും; അവർ നാശകരമായ മതഭേദങ്ങളെ നുഴയിച്ച് തങ്ങളെ വിലെക്ക് വാങ്ങിയ നാഥനെ തള്ളിപ്പറഞ്ഞ് തങ്ങൾക്ക് തന്നെ ശീഘ്രനാശം വരുത്തും. 2അവരുടെ ദുഷ്ക്കാമ പ്രവൃത്തികളെ പലരും അനുകരിക്കും; അവർ നിമിത്തം സത്യമാർഗം ദുഷിക്കപ്പെടും. 3അവർ ദ്രവ്യാഗ്രഹത്തിൽ കൗശലവാക്ക് പറഞ്ഞു നിങ്ങളെ വാണിഭം ആക്കും. അവർക്ക് പൂർവ്വകാലം മുതൽ ന്യായവിധി താമസിയാതെ വരുന്നു.**

**വാക്യം 1.** അദ്ധ്യായം 1 അവസാനിപ്പിക്കുന്നതിനും അദ്ധ്യായം 2 ആരംഭിക്കുന്നതിനും ഇടക്ക് ശരിക്കുള്ള ഒരു നിർത്തൽ കാണുന്നില്ല. യിസ്രായേലിന്റെ മദ്ധ്യത്തിലേക്ക് ദൈവം പ്രവാചകന്മാരെ അയച്ചിരുന്നു. അവർ "ആത്മനിയോഗത്താൽ സംസാരിച്ചു" (1:21). അവർ ദൈവിക സന്ദേശം പ്രസംഗിക്കുകയും എഴുതുകയും ചെയ്തു. പക്ഷെ, ചിലർ ദൈവത്തിന്റെ സന്ദേശത്താൽ സ്വയം സേവിക്കുകയാണെന്ന് യിസ്രായേൽ ധരിച്ചു. അതേ സമയം ദൈവത്തിന്റെ പ്രവാചകന്മാർ ദൈവ വചനം ആയിരുന്നു അറിയിച്ചിരുന്നത്. പത്രൊസ് പറഞ്ഞു, **കള്ളപ്രവാചകന്മാരും ജനത്തിന്റെ ഇടയിൽ ഉണ്ടായിരുന്നു.** "കള്ളപ്രവാചകന്മാരുടെ" പ്രതിസന്ധി നേരിട്ടവരായിരുന്നു യിരെമ്യാവും യെഹെസ്ക്കേലും. യിരെമ്യാവ് മുന്നറിയിച്ചു, "നിങ്ങളോട് പ്രവചിക്കുന്ന പ്രവാചകന്മാരുടെ വാക്കുകൾ നിങ്ങൾ കേൾക്കരുത്; അവർ നിങ്ങളെ വ്യാജം ഉപദേശിക്കുന്നു. യഹോവയുടെ വായിൽ നിന്നുള്ളതല്ല, സ്വന്തഹൃദയത്തിലെ ദർശനമത്രെ

അവർ പ്രവചിക്കുന്നത്” (യിരെ. 23:16).

യിസ്രായേൽ “ജനങ്ങൾക്കിടയിൽ ... കള്ളപ്രവാചകന്മാർ” ഉണ്ടായിരുന്നതിനാൽ, പത്രൊസിന്റെ വായനക്കാർക്കിടയിലും **ദുരുപദേഷ്ടാക്കന്മാർ വരുന്നതിൽ** അതിശയിക്കുവാനില്ല. ഒരു “കള്ള പ്രവാചകനും” ഒരു “ദുരുപദേഷ്ടാവും” തമ്മിലുള്ള വ്യത്യാസം അവ്യക്തമാണ്. അവർ പറയുന്നത് “വ്യാജം” ആണെങ്കിൽ പോലും, അവരെ “പ്രവാചകന്മാർ” എന്നു വിളിക്കുവാൻ അപ്പൊസ്തലൻ തയ്യാറായില്ല. ഈ സമയത്ത് രണ്ട് നിരീക്ഷണങ്ങൾ നടത്തുന്നത് നന്നായിരിക്കും. ഒന്ന്, സഭ പ്രതിസന്ധി നേരിട്ടത് ഉള്ളിലുള്ള റാങ്കുകാരിൽനിന്നായിരുന്നു. പൗലൊസിന്റെ ലേഖനങ്ങളിലെല്ലാം, സുവിശേഷീകരണം, ധർമ്മോപകാര പ്രവൃത്തികൾ, സഭായോഗം എന്നീ കാര്യങ്ങളെല്ലാം പ്രാധാന്യമുള്ളതാണെങ്കിലും, വളരെ കുറച്ചു മാത്രമെ ചർച്ച ചെയ്തിട്ടുള്ളു. പകരം അവന്റെ ലേഖനങ്ങളെല്ലാം മുഖ്യമായി രണ്ട് മേഖലകളിലാണ് ശ്രദ്ധിച്ചിട്ടുള്ളത്: ക്രിസ്തീയ വിശ്വാസത്തെ കുറിച്ചുള്ള ഉപദേശവും ആ ഉപദേശങ്ങളോട് എതിരാളികൾ ഉയർത്തിയ വെല്ലുവിളികളും. ക്രിസ്തീയ ഉപദേശത്തിന്റേയും പരിശീലനത്തിന്റെയും ആത്മാർത്ഥതയെ ആയിരുന്നു സഭ നേരിട്ട എ-ക്കാലത്തെയും പ്രതിസന്ധി. ‘‘ദുരുപദേഷ്ടാക്കന്മാരുടെ’’ സാന്നിധ്യം വിവേചിക്കുന്നതോ അല്ലെങ്കിൽ അധാർമ്മകർ ക്രിസ്തുവിന്റെ നാമം ധരിക്കുന്നതോ ആയിരുന്നില്ല പ്രശ്നം. ഇംഗ്ലീഷ് പറയുന്നതുപോലെ, വിശ്വാസികൾ “അര കെട്ടി” സത്യം പ്രസംഗിക്കുകയും ഉപദേശിക്കുകയും ചെയ്യുകയാണ് വേണ്ടത്.

രണ്ട്, ക്രിസ്ത്യാനികളുടെ ആശയങ്ങൾ തങ്ങളെ ചൂഷണം ചെയ്യുന്നവർക്ക് വഴങ്ങി കൊടുക്കുവാൻ പ്രേരിതരാക്കുന്നുണ്ട്. തന്റെ അനുയായികൾ സ്വയം പരിശോധിച്ച്, മറ്റുള്ളവരുടെ നന്മയെ നോക്കി, അപരിചിതരേയും സ്നേഹിതരേയും ഒരേപോലെ ദയവും ബഹുമാനവും കാണിക്കുവാനാണ് കർത്താവ് പഠിപ്പിച്ചത്. സഭയുടെ പ്രാരംഭ നാളുകൾ മുതൽ കപടവേഷക്കാർ ക്രിസ്ത്യാനികളുടെ സ്നേഹവും വിശ്വാസവും പിടിച്ചുപറ്റാൻ നോക്കുന്നുണ്ട.[1] പണം മാത്രമുള്ള കാര്യങ്ങളിൽ തങ്ങളെ ചൂഷണം ചെയ്യുകയാണെന്നു വരികിലും, ക്രിസ്ത്യാനികൾ ഉദാരമനസ്ക്കരായി തീരുകയാണ് പതിവ്.[2] എങ്ങനെയായാലും, മറ്റു പല വഴികളും സഭയുടെ നന്മ ആളുകൾ മുതലെടുക്കുവാൻ ശ്രമിക്കും. ബൈബിൾ ഉപദേശത്തെ നിരാകരിക്കുന്ന വ്യക്തിപരമായ സിദ്ധാന്തങ്ങളും വ്യക്തിപരമായ അധികാരവും ശിഷ്യന്മാരിൽ ഉപയോഗിക്കുവാൻ തുനിയും. അന്യോന്യമുള്ള സ്നേഹത്താലാണ് അവർ യേശുവിന്റെ ശിഷ്യന്മാർ ആണ് എന്നു ലോകം അറിയുന്നത് എന്നാണ് ക്രിസ്തു പറഞ്ഞത് (യോഹ. 13:35). വിശ്വാസികൾ ആ നിർദ്ദേശം മാനിക്കും. അക്കാരണത്താൽ, ക്രിസ്തുവിൽ വിശ്വസിക്കുന്നു എന്ന് അവകാശപ്പെടുകയും വാക്കും പ്രവൃത്തിയും കർത്താവിന് എതിരായിരിക്കുന്നവർക്ക് എതിരായി നിൽക്കുമ്പോൾ നാമുക്ക് പ്രയാസം നേരിടും.

2 പത്രൊസിന്റെ ലേഖനത്തിലെ “ദുരുപദേഷ്ടാക്കന്മാർ” എന്തുകൊണ്ട് ക്രിസ്ത്യാനികളെ ഭീഷണിപ്പെടുത്തി എന്നും, പത്രൊസ് എന്തുകൊണ്ടാണ് കർശനമായി അവരെ എതിർത്തതെന്നും അറിയുവാൻ നമുക്ക് ആഗ്രഹമുണ്ട്, പക്ഷെ അവർ കൃത്യമായും പഠിപ്പിച്ചിരുന്നതെന്തെന്ന് അപ്പൊസ്തലൻ വ്യക്തമാക്കിയിട്ടില്ല. **നാശകരമായ മതഭേദങ്ങളെ നുഴയിക്കുന്ന** വഞ്ചനയും, കൗശലവും ഉപയോഗിക്കുന്നവരാണെന്നാണ് പത്രൊസ് സൂചിപ്പിച്ചത്.

ക്രിസ്തീയ വിശ്വാസത്തെ തരം താഴ്ത്തുന്നതും ഭിന്നിപ്പുളവാക്കുന്നതുമായ ഒന്നാണ് മതഭേദം. ഒരർത്ഥത്തിൽ "നാശകരമായ മതഭേദങ്ങൾ" ആവശ്യത്തിലധികമായതാണ്. മതഭേദം അതിന്റെ സ്വഭാവത്തിൽ തന്നെ നാശം ഉൾപ്പെടുന്നതാണ്. അത് സഭക്കും സഭ ക്രിസ്തുവിന്റെ സന്ദേശം എത്തിക്കുവാനുള്ള ലോകത്തിനും ദോഷമാണ്.

പത്രൊസ് അഭിമുഖീകരിച്ച "ദുരുപദേഷ്ടാക്കന്മാരുടെ" ഉപദേശങ്ങൾ പ്രത്യേകിച്ച്, വ്യസനകരമാണ്. അവർ **തങ്ങളെ വിലക്ക് വാങ്ങിയ നാഥനെ തള്ളിക്കളഞ്ഞ** അവസ്ഥയിലേക്ക് നീങ്ങിയിരിക്കുകയാണ്. ഏതർത്ഥത്തിലാണ് അവർ അവനെ തള്ളിക്കളഞ്ഞത്? മറുരൂപ മലയിൽ വെച്ചുണ്ടായ സംഭവങ്ങളോടൊപ്പം, "ഇവൻ എന്റെ പ്രിയ പുത്രൻ" എന്നു ദൈവം പറഞ്ഞതായി മുമ്പിലത്തെ അദ്ധ്യായത്തിൽ അപ്പൊസ്തലൻ പറഞ്ഞു. യേശുവിന്റെ പുത്രത്വവും ദൈവികത്വവും ആയിരുന്നു പ്രശ്നം എന്നു തോന്നുന്നു. പത്രൊസിന്നു ക്രിസ്തുവിന്റെ ദൈവികത്വം വാദരഹിതമായിരുന്നു. "ദുരുപദേഷ്ടാക്കന്മാർ" അവന്റെ ദൈവികത്വത്തെ മുഴുവനായും അല്ലെങ്കിൽ, കർത്താവിന്റെ പൂർണ്ണമായ മനുഷ്യത്വത്തെയും തള്ളിക്കളഞ്ഞിരിക്കാം; എന്നാൽ അതിനപ്പുറമായി നമുക്ക് ഒന്നും പറയുവാൻ കഴിയുകയില്ല.

നമ്മുടെ ആകാംക്ഷ നീരസപ്പെടുത്തിയേക്കാം. യേശുവിന്റെ ദൈവികത്വത്തെ "ദുരുപദേഷ്ടാക്കന്മാർ തള്ളിക്കളഞ്ഞു" എങ്കിൽ, അവൻ ആരാണെന്നും അവരുടെ വിശ്വാസം എന്തായിരുന്നു? അവൻ ഒരു ഗുരു ആയിരുന്നോ? അല്ലെങ്കിൽ ദൈവശക്തിയുള്ള ദൂതനാകാം എന്നാൽ എല്ലാ നിലയിലും ദൈവമല്ല എന്നായിരുന്നോ? പത്രൊസ് അത് പറയുന്നില്ല. അപ്പൊസ്തലനെ സംബന്ധിച്ച്, ക്രിസ്തുവിന്റെ ദൈവികത്വത്തെ തള്ളിക്കളയുന്നത്, അവന്റെ "വിലക്ക് വാങ്ങൽ" തള്ളിക്കളയുന്നതിനു തുല്യമാണ്. 2 പത്രൊസിന്റെ ലേഖനത്തിൽ ഇവിടെ മാത്രമാണ് ക്രിസ്തുവിന്റെ മരണത്തെ കുറിച്ച് പറയുന്നത് എന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്. അത് ചായ്വുള്ള ഒന്നാണ്. അപ്പോഴും കർത്താവ് അവരെ വീണ്ടെടുത്തു എന്ന് അപ്പൊസ്തലൻ പറഞ്ഞപ്പോൾ ക്രിസ്തുവിന്റെ രക്തത്തിന്റെ വീണ്ടെടുപ്പ് ശക്തി ഒരു വിഷയമായിരുന്നു. അവൻ തന്റെ രക്തം കൊടുത്താണ് വിലക്ക് വാങ്ങിയത്. ഇവിടെ വീണ്ടെടുപ്പിന് അല്ലെങ്കിൽ വിലക്ക് വാങ്ങലിന് (*അഗോരാസോ*) ഉപയോഗിച്ച അതേ ക്രിയയാണ് 1 കൊരിന്ത്യർ 6:20 ലും 7:23 ലും ഉപയോഗിച്ചിരിക്കുന്നത്. വിലക്ക് വാങ്ങുവാൻ യേശു ക്രൂശിൽ ചിന്തിയ രക്തമാണ് ഉപയോഗിച്ചത്. 2 പത്രൊസിന്റെ ലേഖനത്തിൽ, യേശു മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റതിനെ കുറിച്ച് പറയുന്നില്ല, പക്ഷെ ഉയർത്തെഴുന്നേറ്റ ക്രിസ്തുവാണ് വാഴുന്നത്. യേശു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരുന്നു വാഴുന്നു എന്നത് ഒരുപക്ഷെ "ദുരുപദേഷ്ടാക്കന്മാർ നിഷേധിച്ചിരിക്കാം.

വാങ്ങുക എന്നതും വീണ്ടെടുക്കുക എന്നതും അടുത്ത് ബന്ധമുള്ള ആശയങ്ങളാണ്. ആളുകളെ അവരുടെ പാപങ്ങളിൽനിന്നു മോചിപ്പിക്കുവാൻ യേശുവിന് കഴിഞ്ഞത് അവൻ ദൈവത്തിന്റെ പ്രിയപുത്രൻ ആയതുകൊണ്ടാണ്. ക്രിസ്തുവിന്റെ ദൈവികത്വത്തെ "ദുരുപദേഷ്ടാക്കന്മാർ" തള്ളിക്കളഞ്ഞപ്പോൾ, അവരെ വിലക്ക് വാങ്ങിയ ശക്തിയെയാണ് അവർ ത്യജിച്ചുകളഞ്ഞത്. ക്രിസ്തീയ ഉപദേശത്തിന്റെ ഹൃദയ ഭാഗമായ ഏറ്റുപറച്ചലിനെ അവർ നിഷേധിച്ചിരിക്കയാൽ, "ദുരുപദേഷ്ടാക്കന്മാർ" **തങ്ങൾക്ക് തന്നെ ശീഘ്രനാശം** വരുത്തിയിരിക്കുകയാണ്. അവരുടെ ഉപദേശങ്ങൾ "നാശകരമാണെന്ന്" പത്രൊസ്

മുൻപ് പറഞ്ഞിരുന്നു.[3] അത്തരം ഉപദേശങ്ങൾ മറ്റുള്ളവരേയും അവരുമായി ബന്ധപ്പെടുന്നവരെയും നശിപ്പിക്കും. പത്രൊസിന്റെ വായനക്കാർ “ദുരുപ ദേഷ്ടാക്കന്മാരുടെ” ഉപദേശം പിൻപറ്റിയാൽ, അവർക്കും “ശീഘ്രനാശം” ആണ് സംഭവിക്കുക.

**വാക്യം 2.** “ദുരുപദേഷ്ടാക്കന്മാരുടെ” ഉപദേശത്തെ സംബന്ധിച്ച് ചുരു ങ്ങിയ രീതിയിലാണ് പറഞ്ഞിരിക്കുന്നതെങ്കിലും, പത്രൊസിന്റെ ലേഖനത്തിൽ അവരുടെ സ്വഭാവത്തെ വെളിപ്പെടുത്തിയിരിക്കുന്നു. സംസാരിക്കുന്നവരുടെ സ്വഭാവത്തെ വിലയിരുത്തിയാണ് ആളുകൾ കേൾക്കുന്ന സത്യത്തെ വില യിരുത്തുന്നത് എന്ന് അപ്പൊസ്തലൻ മനസിലാക്കിയിരുന്നു. അക്കാരണ ത്താലായിരുന്നു അപ്പൊസ്തലൻ തന്റെ വിശ്വസ്തതയെ മുന്നദ്ധ്യായത്തിൽ തുറന്നു പറഞ്ഞത്, തന്നെ എതിർത്തവരുടെ തലതിരിഞ്ഞ സ്വഭാവത്തെയും അവൻ എടുത്തു കാണിച്ചിരുന്നു. അവർ **ഭോഗേഛയിൽ** ഏർപ്പെടുക മാത്ര മല്ല, സിദ്ധാന്തത്തിന്റേയോ ഉപദേശത്തിന്റേയോ അടിസ്ഥാനത്തിൽ, 2:19-ൽ അവർ തങ്ങളെത്തന്നെ ന്യായീകരിക്കുന്നവരാണെന്നു പറയുന്നു. ഇന്ദ്രിയ-ജയം അഭ്യസിക്കുന്നതിനേക്കാൾ എളുപ്പമാണ് ഭോഗേഛയിൽ ഏർപ്പെടുന്നത്. എന്തുകൊണ്ടാണ് **അനേകർ അധർമ്മ പ്രവൃത്തികളെ** പിൻപറ്റുന്നത് എന്നു മനസിലാക്കുവാൻ പ്രയാസം ഇല്ല.

അധർമ്മം സഭയിൽ സഹിക്കുമ്പോൾ, പ്രത്യേകിച്ച് സഭയിൽ ഉപദേഷ്ടാ ക്കന്മാർ എന്ന് അവകാശപ്പെടുന്നവർ അത് പരിശീലിക്കുമ്പോൾ, നാശം ആ ഉപദേഷ്ടാക്കന്മാരിൽ മാത്രം ഒതുങ്ങുന്നില്ല. ശരീരം മുഴുവൻ കഷ്ടപ്പെടും. കർത്താവും വേദനിക്കും. **അവർ നിമിത്തം സത്യമാർഗം ദുഷിക്കപ്പെടും.** ക്രിസ്ത്യാനികൾ പിൻപറ്റിയ ജീവിതവഴിയേയും, ഉപദേശങ്ങളെയും “സത്യ ത്തിന്റെ മാർഗം” എന്നു വിശേഷിപ്പാൻ അപ്പൊസ്തലൻ മടിച്ചില്ല. തന്റെ വായ നക്കാർ “സത്യത്തിൽ ഉറച്ചുനിൽക്കുന്നവരാണ്” എന്നു അപ്പൊസ്തലൻ മുൻപ് പറഞ്ഞിരുന്നു (1:12). “സത്യം” എന്നതിനു പകരം, “സത്യ മാർഗം” എന്നു അപ്പൊസ്തലൻ പറയുവാൻ പ്രത്യേക കാരണം ഉണ്ടോ? അല്ലെങ്കിൽ, അത് ഒരു ശൈലി വ്യത്യാസം മാത്രമായിരുന്നോ? ഒരുപക്ഷെ രണ്ടാമത്തേതായിരിക്കാം ശരി. എങ്കിലും, “വഴി” എന്നത് പറയുന്ന സത്യം നിസാരമായി കാണാവുന്ന തല്ല. അത് ഉറപ്പിക്കുന്ന ഒരുകൂട്ടം ഉപദേശം മാത്രമല്ല; സഞ്ചരിക്കേണ്ട പാ തയാണ് അത്. ക്രിസ്തുവിനെ ഏറ്റു പറയുന്നതാണ് “ദൈവ വഴി” എന്നത് (പ്രവൃ. 18:26), അത് “സമാധാനത്തിന്റെ വഴി” ആണ് (റോമ. 3:17; എൻഐവി), “ജീവനുള്ള പുതുവഴി” (എബ്രാ. 10:20), “നീതിയുടെ വഴി” (2 പത്രൊ. 2:21).

ഉപദേശങ്ങളും പരിശീലനങ്ങളുമാണ് ക്രിസ്ത്യാനികളെ യോജിപ്പിച്ച് നി ർത്തുന്നത്. ക്രിസ്തുവിൽ ആകുക എന്നാൽ അവന്റെ ശരീരത്തിൽ ആകുക എന്നാണ് അർത്ഥം. ശരീരത്തിന്റെ ഏതെങ്കിലും ഭാഗത്തിന് മുറിവേറ്റാൽ ശരീരം മുഴുവൻ അത് ബാധിക്കും. സഭ ദുഷിക്കപ്പെടുമ്പോൾ, ആ നടപടി യാൽ കർത്താവ് തന്നെയും ദുഷിക്കപ്പെടും, അവന്റെ നാമം ധരിച്ചിരിക്കുന്നവർ അവരുടെ ഭോഗേഛ നിമിത്തം മറ്റുള്ളവരേയും തരംതാഴ്ത്തി നശിപ്പിക്കും.

അന്യ ദേവന്മാരെ നമസ്ക്കരിക്കുന്ന ലോകത്തിലുള്ളവർ അവരുടെ ഭോഗേഛ നിമിത്തം ക്രിസ്തുവിന്റെ നാമം ദുഷിക്കപ്പെടുന്നത് അപ്രതീക്ഷിത മായിരുന്നില്ല. ലോകം മനപ്പൂർവ്വം അന്യോന്യം പൊറുക്കുന്നതായ പെരുമാറ്റം ക്രിസ്ത്യാനികളെ ദുഷിക്കുന്നത് അസാധാരണമായി തോന്നാം. ക്രിസ്ത്യാനി കൾ നല്ല നിലവാരത്തിലുള്ള ജീവിതം നയിക്കണമെന്ന് അ-വിശ്വാസികൾ പോ

ലും ആവശ്യപ്പെടുന്നു. ദുരുപദേഷ്ടാക്കളെ അളക്കുന്ന അളവിനാൽ അവിശ്വാസികൾ സഭയെ മൊത്തത്തിൽ അളക്കുമെന്ന് അവർ മനസിലാക്കണം. സഭയിലെ ബലഹീനരായ അംഗങ്ങളെ വെച്ച് അഭക്തർ സഭയെ സ്ഥിരമായി വിധിക്കും എന്നറിയുക.

ക്രിസ്തീയ ഉപദേശത്തിനു വിട്ടുവീഴ്ച്ച വരുത്തുന്നവരുടെ വഴികളെയും സ്വഭാവത്തെയും അപ്പൊസ്തലൻ തീവ്രമായി എതിർക്കുന്നതിൽ വായനക്കാരന് മടുപ്പുളവാക്കുമെന്ന് ഈ ലേഖനത്തിലെ രണ്ടാം അദ്ധ്യായം വായിക്കുമ്പോൾ തോന്നിയേക്കാം. രണ്ടാം അദ്ധ്യായം വായിക്കുന്നതിന് അസ്വസ്ഥതയും മടുപ്പും ഉളവാക്കുന്നതാണ്. എങ്ങനെയായാലും, പുതിയ നിയമത്തിലെ പ്രബോധനങ്ങളിൽ വെച്ച് അപ്പൊസ്തലന്റെ പ്രബോധനം ഏറ്റവും പ്രായോഗികമായി ഒരർത്ഥത്തിൽ കാണാം. ദുരുപദേഷ്ടാക്കന്മാരെ സഹിക്കാവുന്നതല്ല എന്നാണ് പത്രൊസ് വ്യക്തമാക്കിയത്. അവർ സഭയിലേക്ക് നുഴഞ്ഞു വന്ന് സഭാ ജീവിതത്തെയും വഴികളെയും മോശമാക്കുവാൻ അനുവദിക്കരുത്. യേശുക്രിസ്തുവിന്റെ നാമത്തിൽ ക്രിസ്തുവിന്റെ ഉപദേശത്തിന് വിട്ടുവീഴ്ച്ച നടത്തുന്നവർ ഉള്ള കാലത്തോളം, ക്രിസ്ത്യാനികളെ ചുഷണം ചെയ്യുന്നവർ ഉള്ള കാലത്തോളം 2 പത്രൊസിലെ നിർദ്ദേശം അനിവാര്യമാണ്. ലേഖനത്തിൽ പറഞ്ഞ പ്രശ്നങ്ങൾ അപ്രസക്തമല്ല; അവ അവഗണിക്കാവുന്നതല്ല.

**വാക്യം 3**. സഭയെ കുഴപ്പത്തിലാക്കുന്നവർ, "ഭോഗേഛക്ക്" തങ്ങളെത്തന്നെ ഏൽപിച്ചുകൊടുക്കുന്നതിനു പുറമെ, അവർ **അത്യാഗ്രഹികളും** ആണ്. തങ്ങളുടെ നേട്ടത്തിനായി നിർമ്മിത കഥകൾ പ്രചരിപ്പിക്കുന്നവരെ പോലെ തന്നെയാണ് ഇക്കൂട്ടരും. പത്രൊസ് മുന്നറിയിച്ചു, **അവർ വ്യാജ വാക്കുകളാൽ നിങ്ങളെ വശീകരിക്കും**. ദുരുപദേഷ്ടാക്കന്മാരെ കുറിച്ച് പത്രൊസ് മൂന്നു കാര്യങ്ങൾ പറഞ്ഞു കഴിഞ്ഞു: (1) അവർ കർത്താവിനെ തള്ളിക്കളഞ്ഞു. (2) അവർ ഭോഗേഛക്ക് വിധേയരായി. (3) അവർ ദ്ര്യാഗ്രഹികളായി. കപടവേഷക്കാർ തങ്ങളുടെ നേട്ടത്തിനായി മനുഷ്യരുടെ ആവശ്യങ്ങളെയും ബലഹീനതകളെയും ചൂഷണം ചെയ്യും. ചൂഷണം എല്ലായിടത്തും ഉണ്ട്. തങ്ങളുടെ കയ്യിൽ അത്ഭുത മരുന്ന് ഉണ്ടെന്ന് പറഞ്ഞ് ചിലർ വ്യാജ വൈദ്യന്മാരുടെ വേഷത്തിൽ ആളുകളുടെ ആരോഗ്യത്തെ ചൂഷണം ചെയ്യും. അത്യാഗ്രഹികൾ മതത്തെ ലാഭകരമായി ചൂഷണം ചെയ്യുമ്പോൾ ക്രിസ്ത്യാനികൾ അതിശയിക്കരുത്. ധാർമ്മിക വിലക്കുകളിൽനിന്നും ഒരു മോചനം ആളുകൾക്ക് വാഗ്ദാനം ചെയ്യുന്നതുകൊണ്ട് ദുരുപദേഷ്ടാക്കന്മാർക്ക് എളുപ്പത്തിൽ വൈകാരിക ആവേശമുള്ള സദസ് ലഭിക്കും.

ദുരുപദേഷ്ടാക്കന്മാർ "തങ്ങൾക്ക് തന്നെ ശീഘ്രനാശം വരുത്തുമെന്ന്" പത്രൊസ് പറഞ്ഞു കഴിഞ്ഞു. കൂടുതൽ ഊന്നൽ ചെലുത്തി അവൻ പറഞ്ഞു, **അവർക്ക് പൂർവ്വകാലം മുതൽ ന്യായവിധി താമസിയാതെ വരുന്നു**. "ന്യായവിധിയും," "നാശവും" വ്യക്തിപരമായി അവരുടെ സ്വഭാവങ്ങൾക്ക് വരുമെന്നാണ് അപ്പൊസ്തലൻ പറഞ്ഞത്. യവനന്മാർ വിഗ്രഹാരാധനയെ സംബന്ധിച്ച് മനുഷ്യത്വം ആരോപിച്ചിരുന്നു. *ഏരോസ്* കടുത്ത ഭേഗേഛയാലുള്ള സ്നേഹം മാത്രമായിരുന്നില്ല, ഏരോസ് ഒരു യുവ ദേവന്റെ പേരുമായിരുന്നു, അവൻ അഫ്രോഡൈറ്റിന്റെ മകൻ ആയിരുന്നു, അവൻ മറ്റുള്ളവരിൽ സ്നേഹം പ്രകടിപ്പിക്കുവാനായി നടന്നിരുന്നു. അതുപോലെ, രോഗസൗഖ്യം വരുത്തുന്ന ദേവനായിരുന്ന അസ്ദേപിയസ് ചിലപ്പോൾ ആരോഗ്യം (*ഹുഗിയെയിയാ*) എന്നു വിളിക്കുന്ന ദേവതയും ആകാറുണ്ടായിരുന്നു.

പത്രൊാസിന്, മനുഷ്യത്വാരോപണം ഒരു അലങ്കാര പ്രയോഗം മാത്രമായിരുന്നു, നാടകിയമായി ഒരു പ്രസ്താവന നടത്തൽ. എസ്ക്കറ്റോളജിക്കൽ (*എക്പ ലായി*) യുഗത്തിൽ ദുരുപദേഷ്ടാക്കന്മാരെ വിധിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നത് ആളുകൾ ഇഷ്ടപ്പെട്ടിരുന്നു. ദുരുപദേഷ്ടാക്കന്മാരെ "വിധിക്കുന്നതിൽ ഒരു തെറ്റും സംഭവിക്കുകയില്ല." തിരിച്ചറിയൽ നടപടിയാണ് ദൈവത്തിന്റെ ഉദ്ദേശം എന്ന് പത്രൊാസ് തന്റെ വായനക്കാരെ ഉറപ്പിച്ചു ബോധ്യപ്പെടുത്തി. അവൻ ലോകത്തിൽ സജീവമായി പ്രവർത്തിക്കുന്നു. ന്യായവിധി "മന്ദം" ആകുകയോ "താമസിക്കുകയോ" ഇല്ല. താഴെ പറയുന്ന വാക്യങ്ങളിൽ ദൈവത്തിന്റെ ന്യായവിധി നീങ്ങിപ്പോകാത്തതാണെന്ന് സംഭവങ്ങൾ വിവരിച്ച് വ്യക്തമാക്കുന്നു. 3:9 ലേതുപോലെ, ദൈവത്തിന്റെ ദീർഘക്ഷമയെയും, ന്യായവിധി താമസിക്കുന്നതിനേയും സംശയിക്കുന്നവർക്ക് കഴിഞ്ഞ കാലത്ത് ദൈവം ലോകത്തിൽ നടത്തിയ ന്യായവിധി ഉറപ്പായും സംഭവിക്കുമെന്ന് കാണിക്കുന്നു.

## ദൈവത്തിന്റെ ന്യായവിധി
## തീർച്ചയാണ് (2:4-10)

**4പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിക്കാതെ അന്ധതമസിന്റെ ചങ്ങ
ലയിട്ട് നരകത്തിലാക്കി ന്യായവിധിക്കായി കാപ്പാൻ ഏൽപിക്കയും 5പുരാത
നലോകത്തെയും ആദരിക്കാതെ ഭക്തികെട്ടവരുടെ ലോകത്തിൽ ജലപ്രളയം
വരുത്തിയപ്പോൾ നീതിപ്രസംഗിയായ നോഹയെ ഏഴുപേരോടുകൂടെ പാലി
ക്കയും 6സൊദോം ഗൊമോറാ എന്ന പട്ടണങ്ങളെ ഭസ്മീകരിച്ച് ഉന്മൂല നാശ
ത്താൽ ന്യായം വിധിച്ചു മേലാൽ ഭക്തികെട്ടു നടക്കുന്നവർക്ക് 7ദൃഷ്ടാന്തമാക്കി
വെക്കയും അധർമ്മികളുടെ ഇടയിൽ വസിക്കുമ്പോൾ നാൾ തോറും അധർമ്മ
പ്രവൃത്തികൾ കണ്ടും കേട്ടും 8തന്റെ നീതിയുള്ള മനസിൽ നൊന്ത് അവ
രുടെ ദുഷ്ക്കാമ പ്രവൃത്തിയാൽ വലഞ്ഞുപോയ നീതിമാനായ ലോത്തിനെ
വിടുവിക്കയും ചെയ്തു. 9കർത്താവ് ഭക്തന്മാരെ പരീക്ഷയിൽനിന്നു
വിടുവിപ്പാനും നീതികെട്ടവരെ, വിശേഷാൽ മലിനമോഹം കൊണ്ട്, ജഡത്തെ
അനുസരിച്ച് നടക്കയും കർത്തൃത്വത്തെ നിന്ദിക്കയും ചെയ്യുന്നവരെ തന്നെ.
10ന്യായവിധിദിവസത്തിലെ ദണ്ഡനത്തിനായി കാപ്പാനും അറിയുന്നുവല്ലോ.**

ഈ നീണ്ട ഗ്രീക്ക് വാചകം ഒരിക്കലും അവസാനിക്കുന്നില്ല. പത്രൊാസ് ദുരുപദേഷ്ടാക്കന്മാരെ കൂടുതൽ വിശദമാക്കുവാൻ ശ്രമിക്കുന്നതോടെയാണ് അത് വാക്യം 10-ൽ തീരുന്നത്. കഴിഞ്ഞ കാലത്ത് ന്യായം വിധിച്ച ദൈവം ഇപ്പോഴും വിധിക്കുവാൻ ശക്തനാണ് എന്ന് നിബന്ധനകളോടുകൂടിയുള്ള വാചകങ്ങൾ പറഞ്ഞ് അപ്പൊസ്തലൻ വ്യക്തമാക്കി. യൂദയുടെ ലേഖനത്തിലെ സമാനതയും അതു തെളിയിക്കുന്നതാണ്. ദൈവം ദൂതന്മാരെ ആദരിച്ചില്ലെങ്കിൽ, അവൻ നോഹയുടെ കാലത്തെ ലോകത്തെ ആദരിച്ചില്ലെങ്കിൽ, അവൻ സൊദോമിനെയും ഗൊമോറയെയും ആദരിച്ചില്ലെങ്കിൽ ... ഇങ്ങനെ വാചകം നമുക്ക് അനവധി പറയുവാൻ കഴിയും. "ദുരുപദേഷ്ടാക്കന്മാരെയും ആദരിക്കാതെ, അവരെയും ദൈവം ന്യായം വിധിക്കും." യാതൊരു സംശയത്തിനും ഇടകൊടുക്കാതെയാണ് പത്രൊാസ് സൂചന നൽകിയത്. വാക്യം 9 ൽ ചില തർജ്ജമക്കാർ "പിന്നെ" എന്നു ചേർത്ത് വാചകം അവസാനിപ്പിക്കുവാൻ ശ്രമിക്കുന്നു, അത് കൃത്രിമമാകും.

**വാക്യം 4.** ഈ വാക്യം എടുത്ത് **ദൂതന്മാരെ** കുറിച്ച് ഒരു സിദ്ധാന്തം ഉയർത്തിയിട്ടുണ്ട്, എന്നാൽ വാസ്തവത്തിൽ സാത്താന്റെ ഉത്ഭവത്തിന് അങ്ങനെ യാതൊരു സിദ്ധാന്തവുമില്ല. ദൂതന്മാർ യാദൃശ്ചികമായി വന്നവരായിരുന്നു; ദൈവത്തിന്റെ ന്യായവിധിയാണ് വിഷയം. ദൈവത്തിനും മനുഷ്യർക്കും ഇടയിൽ ദൂതന്മാരുടെ പ്രവർത്തനത്തെ സംബന്ധിച്ച് പത്രൊസ് ഒരു സിദ്ധാന്തവും പറയുന്നില്ല. അവരുടെ ഉത്ഭവത്തെ കുറിച്ചോ അവർ പാപം ചെയ്ത് എങ്ങനെ ന്യായവിധിക്കിരയായി എന്നോ പത്രൊസ് പറയുന്നില്ല. ദൂതന്മാരെ കുറിച്ച് പറഞ്ഞത് വായനക്കാർക്ക് ചോദ്യങ്ങൾ ചോദിക്കുവാനുള്ള നല്ല അവസരമാണ് നൽകിയത് എന്നു നമുക്ക് പറയാം.

ബൈബിളിലെ ദൂതന്മാർ, ഭൂതങ്ങൾ, സാത്താൻ എന്നിവർ ഒരു സമസ്യയാണ്. എബ്രായ വാക്കായ *മലാക്കും* ഗ്രീക്ക് വാക്ക് *ആഞ്ചെലോസും* പൊതുവായ വാക്കുകളാണ്, അർത്ഥം "സന്ദേശവാഹകൻ" എന്നാണ്. ചില സന്ദർഭങ്ങളിൽ ദൈവം സന്ദേശവാഹകരെ അേയച്ചിട്ടുണ്ട്. ഏതാനും ദൂതന്മാരുടെ പേരുകൾ പറഞ്ഞിരിക്കുന്നു: മിഖായേൽ, ഗബ്രിയേൽ. അതിൽ കൂടുതലായി ഒന്നും പറയുന്നില്ല. എങ്ങനെയായാലും ദൂതന്മാരെ കുറിച്ച് അധികം പറയുവാൻ മനസിനെ ഊഹാപോഹത്തിന് വിടേണ്ട ആവശ്യമില്ല. ദൈവപുത്രന്മാർ യഹോവയുടെ സന്നിധിയിൽ ചെന്നപ്പോൾ സാത്താനും ചെന്നതായി ഇയ്യോബിന്റെ പുസ്തകത്തിലും ചില സങ്കീർത്തനപുസ്തകത്തിലും നാം വായിക്കുന്നത് അക്ഷരികമായി എടുക്കരുത്. അധികാരശ്രേണിയിലുള്ള ദൂതന്മാരുടെ റാങ്കിൽ കെരൂബുകളെയും സിറാഫുകളെയും ഉൾപ്പെടുത്തുന്നത് ഊഹാപോഹം മാത്രമാണ്. ബൈബിൾ പ്രസ്താവനകളുമായി ദൈവത്തിന്റെ സന്ദേശവാഹകർ ഇടക്കിടക്ക് വരാറുണ്ട്. അത്തരം വ്യക്തികൾ നിലവിലുണ്ട് എന്നു മാത്രമെ നമുക്ക് അറിയാവു.

"പിശാച്" എന്ന വാക്കോ "സാത്താൻ" എന്ന വാക്കോ 2 പത്രൊസ് 2:4 ൽ ഇല്ല.[4] എങ്കിലും ആ വാക്യം സാത്താന്റെ ഉത്ഭവം പറയുവാൻ ആളുകൾ എടുക്കുന്നു. ദൂതനായിരുന്നപ്പോൾ ദൈവത്തോട് മൽസരിക്കുവാനുള്ള അവന്റെ നിഗളഭാവമാണ് അവനെ ഭൂമിയിലേക്ക് തള്ളിക്കളയുവാൻ കാരണമാക്കിയത് എന്ന ഒരു പാരമ്പര്യമായ കഥ പ്രചാരത്തിലിരിക്കുന്നുണ്ട്. അത് സ്ഥിരീകരിക്കുവാനായി ബൈബിൾ പ്രസ്താവന നമുക്ക് ആവശ്യമാണ്. യോഹന്നാന്റെ പുസ്തകത്തിലെ ഒരു ഉയർന്ന ആലങ്കാരികഭാഗമാണ് വെളിപ്പാട് 12. വേദഭാഗത്തിൽനിന്നു സാത്താന്റെ ഉത്ഭവം യോജിച്ചിരിക്കുന്ന ഒരു പ്രസ്താവനയിൽനിന്നു വേർതിരിച്ചെടുക്കുവാൻ പ്രയാസമാണ്. "സാത്താൻ മിന്നൽ പോലെ ആകാശത്തു നിന്നു വീഴുന്നത് ഞാൻ കണ്ടു" (ലൂക്കൊ. 10:18), എന്ന് യേശുപറഞ്ഞപ്പോൾ, സാത്താന്റെ പ്രത്യേക പരാജയത്തെ കുറിച്ചാണ് പറഞ്ഞത് എന്നു നമുക്ക് അറിയാം, അതിനു പ്രവർത്തിച്ചത് കർത്താവാണ്. സോരിനെ ദൈവം ന്യായം വിധിച്ചതിനെ കുറിച്ചാണ് യെഹെസ്കേൽ 28 ൽ പറയുന്നത്. എന്നാൽ അദ്ധ്യായത്തിൽ ഏദെൻ തോട്ടത്തെ കുറിച്ചും സംസാരിച്ചിട്ടുണ്ട്. സാത്താന്റെ ഉത്ഭവത്തെ കുറിച്ചു പറയുന്നത് ആകർഷണിയമാണ്. ദൂതന്മാരെ പോലെ സാത്താൻ യാദൃശ്ചികമായിട്ടാണ് വരുന്നത്. സാത്താൻ എങ്ങനെ ബന്ധപ്പെടുന്നു അല്ലെങ്കിൽ മനുഷ്യരുടെ പാപത്തിനു എങ്ങനെ കാരണമായി തീരുന്നു എന്നത് അവ്യക്തമാണ്. അവൻ എന്ത് ചെയ്താലും, മനുഷ്യരെ തങ്ങളുടെ ഉത്തരവാദിത്വത്തിൽ പാപമോചനം നൽകുന്നില്ല.

എവിടെയോ എങ്ങനെയോ, ഒരു സമയത്ത് ദൂതന്മാർ **പാപം ചെയ്തു.**

ദൂതൻ പാപം ചെയ്തതിനെ കുറിച്ച് പത്രൊസിന് ഉദ്ധരിക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ അതിനു പറ്റിയ വേദഭാഗമാണ് ഉൽപത്തി 6:1–4. ജലപ്രളയത്തിനു മുൻപ് ഉൽപത്തി രേഖപ്പെടുത്തിയിരിക്കുന്നത് "ദൈവത്തിന്റെ പുത്രന്മാർ മനുഷ്യരുടെ പുത്രിമാർ സൗന്ദര്യമുള്ളവരെന്നു കണ്ട് തങ്ങൾക്ക് ബോധിച്ചവരെ ഭാര്യമാരായി എടുത്തു" സൃഷ്ടികളിൽ ദോഷം ദൃശ്യമാകുന്നത് ഈ സന്ദർഭത്തിലാണ്. അനന്തരഫലമായി ദൈവം ജലപ്രളയം വരുത്തി. "ദൂതൻ" എന്ന വാക്ക് ഉൽപത്തി 6 ൽ കാണുന്നില്ല, ഇയ്യോബ് 1:6–ൽ പറയുന്നതുപോലെ, "ദൈവപുത്രന്മാർ" സ്വർഗീയ സൈന്യത്തിലെ വ്യക്തികൾ ആയിരുന്നേക്കാം.

പത്രൊസ് പറഞ്ഞ ദൂതന്മാർ "ദൈവപുത്രന്മാർ" എന്നതിനു തുല്യമാണെന്നതിനു പിന്തുണക്കുന്ന വേദഭാഗമാണ് ഉൽപത്തി 6:2. പുതിയനിയമ കാലത്തെ റബ്ബിമാർ, ഉൽപത്തി 6:2 ലെ "ദൈവപുത്രന്മാർ" എന്ന വിഷയത്തിൽ വളരെ താൽപര്യം പ്രകടിപ്പിച്ചിരുന്നു, ഉൽപത്തി 6 നെ അലങ്കരിച്ച് 1 യൂനക്ക് എന്ന പേരിൽ പുസ്തകവും ഇറക്കി. യൂദയും 1 യൂനക്കിനെ കുറിച്ച് പറഞ്ഞിരിക്കയാൽ അത് രണ്ട് പേർക്കും പരിചയമുള്ളതായിരുന്നു എന്നു വ്യക്തം. കൂടാതെ, പത്രൊസ് തന്റെ രണ്ട് ലേഖനങ്ങളിലും കൂടെ, മൂന്നു പ്രാവശ്യം ന്യായവിധിയെ സൂചിപ്പിച്ചിരിക്കുന്നു (1 പത്രൊ. 3:20; 2 പത്രൊ. 2:5; 3:6). ജലപ്രളയത്തെ പരിചയപ്പെടുത്തിയ അദ്ധ്യായത്തിൽ തന്നെയാണ് "ദൈവപുത്രന്മാരെ" കുറിച്ചുള്ള സംഭവം ആരംഭിക്കുന്നത്.

അവസാനം തെളിവ് അനിശ്ചിതമാണ്. ദൂതന്മാരെ നരകത്തിലേക്ക് തള്ളിക്കളഞ്ഞിരിക്കുന്നു എന്ന് പത്രൊസ് പറഞ്ഞപ്പോൾ അത് ഉൽപത്തി 6 ലെ "ദൈവപുത്രന്മാർ" ആയിരിക്കയില്ല പത്രൊസിന്റെ മനസിൽ ഉണ്ടായിരുന്നത് എങ്കിൽ, ദൂതന്മാരെ കുറിച്ച് പ്രതിപാദിക്കുന്ന മറ്റു പഴയനിയമ വേദഭാഗങ്ങൾ ഇല്ല. ദൂതന്മാരെ ന്യായം വിധിച്ചതിനെ കുറിച്ച് യൂദയും പറയുന്നുണ്ട്, അവർ വീഴുവാൻ കാരണം ദൈവം അവർക്ക് കൊടുത്ത സ്ഥാനത്തിൽ അവർ തൃപ്തരായിരുന്നില്ല എന്നു കൂടെ യൂദാ കൂട്ടിച്ചേർത്തിരിക്കുന്നു. എന്നാൽ പത്രൊസ് ദൂതന്മാരുടെ പാപത്തെ പ്രത്യേകമായി പറയുന്നില്ല.

പത്രൊസ് പറഞ്ഞു, **പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിക്കാതെ, അവരെ നരകത്തിലേക്ക് തള്ളിക്കളഞ്ഞു**. "നരകത്തിലേക്ക് ... തള്ളിക്കളഞ്ഞു" എന്നു തർജ്ജമ ചെയ്തിരുക്കുന്ന വാക്ക് (*ടാർടാരു*) എന്ന ക്രിയയുടെ അർത്ഥം, "നരകത്തിന്നു ഏൽപിച്ചു കൊടുത്തു" എന്നാണ്. പുതിയ നിയമത്തിൽ ആ വാക്ക് ഇവിടെ മാത്രമാണ് ഉള്ളത്. അന്യദേവന്മാരെ നമസ്ക്കരിക്കുന്നവരുടെ സാഹിത്യത്തിൽ, ടാർടാറസ് എന്നത് ഒളിമ്പ്യൻ ദേവന്മാരുടെ പൂർവ്വികരെ, അധോലോകത്തിന്റെ ഭാഗത്തേക്ക് ഏൽപിച്ചുകൊടുക്കുന്ന സ്ഥലമായി കണക്കാക്കിയിരുന്നു. അമാനുഷ വ്യക്തികളെ പറയുന്ന വാക്ക് ആയതുകൊണ്ടായിരിക്കാം പത്രൊസ് ആ വാക്ക് തിരഞ്ഞെടുത്തത്, ഇവിടെ വിഷയം ദൂതന്മാരാണ്. ദുഷ്ടന്മാരെ പാതാളത്തിലേക്ക് ഏൽപിച്ചുകൊടുക്കുന്നതിനെയാകാം അപ്പൊസ്തലൻ സൂചിപ്പിച്ചത്.

ദൂതന്മാരെ "അന്ധതമസിന്റെ ചങ്ങലയിട്ടു [*സെയിരായിസ്*] ബന്ധിച്ചിരിക്കുന്നു" എന്നാണ് ചില കയ്യെഴുത്തുപ്രതികളിൽ. "ഇരുട്ടിന്റെ അഗാധകൂപത്തിൽ" [*സിരോയിസ്*] എന്നാണ് മറ്റു കയ്യെഴുത്തുപ്രതികളിൽ. എൻഎഎസ്ബി അനുകൂലിക്കുന്നത് **ഇരുട്ടിന്റെ അഗാധകൂപങ്ങളിൽ** എന്ന പ്രയോഗത്തെയാണ്. നാം ഏതു തിരഞ്ഞെടുത്താലും ചെറിയ വ്യത്യാസം വരും. "ചങ്ങലകൾ," "കുഴികൾ" എന്നിവ രൂപകാലങ്കാരമാണ്. ആത്മിയ ജീവി

കളെ അക്ഷരികമായി ചങ്ങലയിലും കുഴിയിലും ഇടുക എന്നു പറയുന്നത് അർത്ഥശൂന്യമാണ്. കർത്താവ് വരുമ്പോൾ എല്ലാവരും അവന്റെ മുൻപിൽ ന്യായവിസ്താരത്തിന് നിൽക്കുന്ന സമയമാണ് ദൂതന്മാർ **ന്യായവിധിക്കായി** കാത്തിരിക്കുന്നു എന്നു പറയുന്നത്.

**വാക്യം 5.** ദുരുപദേഷ്ടാക്കന്മാർക്ക് തീർച്ചയായും വരുവാനുള്ള ന്യായ വിധിയെ കുറിച്ചാണ് അപ്പൊസ്തലൻ തുടർന്നും പറയുന്നത്. ദൈവം ദൂത ന്മാരെ ആദരിച്ചില്ല എങ്കിൽ, **പുരാതന ലോകത്തെയും** ആദരിച്ചില്ല. ദൈവപു ത്രന്മാരുടെ പുത്രന്മാർ മനുഷ്യപുത്രന്മാരുടെ പുത്രിമാരെ എടുത്തതിനു ശേഷം ഉൽപത്തി 6 ൽ ദൈവം ജലപ്രളയം വരുത്തി, മുകളിൽ പറഞ്ഞ സംഭവപരമ്പ രകൾ കണക്കിലെടുത്തുകൊണ്ടാകാം, 2:4 ലെ "ദൂതന്മാർ" ഉൽപത്തി 6 ലെ "ദൈവപുത്രന്മാർക്ക്" സമമാണെന്ന് ചിലർ പറയുന്നത്. ദൈവം നീതി കെട്ട വരെ ന്യായം വിധിക്കും എന്നതിന് പത്രൊസും യൂദയും മൂന്ന് ഉദാഹരണങ്ങൾ നൽകിയിരിക്കുന്നു. അവയിൽ രണ്ടെണ്ണം ഒന്നു തന്നെയാണ്, എന്നാൽ യൂദ ജലപ്രളയത്തിന് പകരം മരുഭൂമിയിലെ യിസ്രായേൽമക്കളുടെ ഉദാഹരണ മാണ് പറഞ്ഞത് (യൂദാ. 5). ഇവിടെയും 3:5, 6 ലും ജലപ്രളയം ദൈവത്തിന്റെ ന്യായവിധി ആയിട്ടാണ് പത്രൊസ് പറഞ്ഞിരിക്കുന്നത്; അതേസമയം യൂദ ജലപ്രളയത്തെ പറഞ്ഞിട്ടേയില്ല.

**നീതി പ്രസംഗിയായ നോഹ** എന്ന് പത്രൊസ് പറഞ്ഞപ്പോൾ അവൻ യെഹൂദ ക്രിസ്തീയ പാരമ്പര്യത്തെയാണ് എടുത്തുകാണിച്ചത്. തനിക്ക് ചുറ്റും കണ്ട അഭക്തി നോഹയെ ദുഃഖിപ്പിച്ചിരിക്കും എന്ന കാര്യത്തിൽ സംശയമില്ല. അവരുടെ ദുഷ്ടതയെ വിട്ടുകളഞ്ഞ് നീതി പ്രവർത്തിക്കുവാൻ അക്കാലത്ത് ജീവിച്ചിരുന്നവരിൽ അവൻ തീവ്രപരിശ്രമം നടത്തിയിരുന്നത് നമുക്ക് ഊഹി ക്കാവുന്നതാണ്. എങ്ങനെയായാലും, ഉൽപത്തിയിൽ വിവരിക്കുന്ന ആളുക ളുടെ അവസ്ഥ കണ്ട് നോഹയല്ല, മറിച്ച് ദൈവമാണ് ദുഃഖിച്ചത്.

> ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയനിരുപണ ങ്ങളുടെ വിചാരമൊക്കെയും എല്ലായ്പോഴും ദോഷമുള്ളതത്രെ എന്നും ദൈവം കണ്ടു. താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കകൊണ്ട് യഹോവ അനുതപിച്ചു. അത് അവന്റെ ഹൃദയത്തിന് ദുഃഖമായി (ഉല്. 6:5, 6).

പിന്നീട് രേഖ പറയുന്നു, "ദൈവം ഭൂമിയെ നോക്കി അത് വഷളായി എന്നു കണ്ടു. സകല ജഡവും ഭൂമിയിൽ തന്റെ വഴി വഷളാക്കിയിരുന്നു" (ഉല്. 6:12).

ഉൽപത്തിയിൽ, നോഹ പ്രസംഗിച്ചതായി പറയുന്നില്ല. അവനെ നീതി മാനായിട്ടാണ് പറയുന്നത്. ഒരു പെട്ടകം പണിയുവാൻ ദൈവം അവനോട് പറഞ്ഞപ്പോൾ, അവൻ വിശ്വസ്തമായി അത് പൂർത്തിയാക്കി. നോഹയുടെ പ്രസംഗമായിരുന്നില്ല പത്രൊസിന്റെ പോയിന്റ്. വിഷയം ദൈവത്തിന്റെ ന്യായവിധി ആയിരുന്നു. ലോകത്തിൽ ദൈവം ജലപ്രളയം വരുത്തി ന്യായം വിധിച്ച സംഭവം പത്രൊസ് പറഞ്ഞ സഭയെ കുഴപ്പത്തിലാക്കിയ ദുരുപദേ ഷ്ടാക്കന്മാർക്ക് വരുമെന്ന് മുന്നറിയിക്കുകയാണ് ചെയ്തത്.

മറ്റു പല തർജ്ജമക്കാരും ചെയ്യുന്നതുപോലെ എൻഏഎസ്ബിയും ഗ്രീക്കിനെ സമാന്തര പ്രയോഗം നടത്തിയിരിക്കുന്നത് **നോഹയെ ... ഏഴു പേരോടുകൂടെ പാലിച്ചു** എന്നാണ്. 1 പത്രൊസ് 3:20-ൽ അക്ഷരികമായി, "എട്ടാമനായി, നോഹയെയും ദൈവം സംരക്ഷിച്ചു" എന്നാണ് ഗ്രീക്കിൽ

വായിക്കുന്നത്. ജലപ്രളയത്തിൽനിന്നു "എട്ടുപേരെ" ദൈവം രക്ഷിച്ചു എന്ന് പത്രൊസ് പറയുന്നുണ്ട്. ഉൽപത്തിയിലെ വിവരം അനുസരിച്ച്, ആ എട്ടുപേർ എന്നു പറയുന്നത്, നോഹയും, നോഹയുടെ ഭാര്യയും, മൂന്ന് ആൺമക്കളും അവരുടെ ഭാര്യമാരും അടങ്ങുന്നതാണ് (ഉല്. 8:18). ആലങ്കാരിക പ്രാധാന്യം പരിഗണിച്ചാണ് അപ്പൊസ്തലൻ "എട്ട്" എന്ന സംഖ്യ ഉപയോഗിച്ചത് എന്നാണ് റിച്ചാർഡ് ജെ. ബക്കാം വിശ്വസിച്ചത്. ഉൽപത്തി 1; 2-ൽ സൃഷ്ടിത്വത്തിനു ശേഷം എട്ടാം ദിവസം കൂട്ടിച്ചേർത്തിരിക്കുന്നതുപോലെ, വരുവാനുള്ള ലോകവും എട്ടാം ദിവസം ആയിരിക്കുമെന്ന് ക്രിസ്ത്യാനികൾ വിശ്വസിച്ചിരുന്നു. കൂടാതെ, ഞായറാഴ്ച്ചയെ മറ്റു ദിവസങ്ങളിൽനിന്നു വേർതിരിച്ചു നിർത്തുവാൻ, "എട്ടാം നാൾ" എന്നു വിളിച്ചിരുന്നു.[5]

മറ്റു മനുഷ്യർക്കെല്ലാമെന്നപോലെ, **അഭക്തിയുള്ള ലോകത്തിൽ ദൈവം ജലപ്രളയം വരുത്തി**. അവൻ ജലപ്രളയം വരുത്തിയപ്പോൾ ദൈവം നീതി നടപ്പാക്കുവാൻ ആഗ്രഹിക്കുന്നവനാണ് എന്ന് വ്യക്തമാക്കി. അന്നു ന്യായം വിധിച്ച അതേ ദൈവം ഇന്നും ന്യായം വിധിക്കും. ദൈവം എട്ടുപേരെ ആദരിച്ചു എന്ന കാര്യം പത്രൊസിന്റെ വായനക്കാർ മനസിലാക്കാതിരിക്കുകയില്ല. അതേ സമയം പാപം ചെയ്ത ദൂതന്മാരെ ആരെയും ദൈവം ആദരിച്ചതുമില്ല. ജലപ്രളയം വന്നപ്പോൾ ഭക്തരെ ദൈവം ആദരിച്ചു. അന്തിമ വിധി ദിവസം, ജലപ്രളയത്തിൽനിന്നു നോഹയെ ദൈവം വിടുവിച്ചതുപോലെ, വിശ്വസ്തരായി ജീവിച്ചവരെ അവൻ വിടുവിക്കും. എട്ടുപേരെ അവൻ ആദരിച്ചതു പുതിയ കാര്യമായിരുന്നു.

**വാക്യം 6**. അവൻ മുൻപ് ചെയ്തതുപോലെ, ദൈവം ന്യായം വിധിച്ചതിന്റെ മൂന്നാമത്തെ ഉദാഹരണം ഉൽപത്തിയിൽനിന്ന് പത്രൊസ് പറയുന്നു. പാപം ചെയ്ത ദൂതന്മാരെയും, ജലപ്രളയത്തിനു മുൻപുള്ള ലോകത്തെയും **ദൈവം ന്യായം വിധിച്ചതുപോലെ, അവൻ സൊദോമിനേയും ഗൊമോറയേയും നശിപ്പിച്ചു**. ബൈബിളിൽ ശ്രദ്ധിക്കത്തക്ക സംഭവമായിരുന്നു സൊദോമിന്റേതും ഗൊമോറയുടേയും. ഉൽപത്തി 19 ൽ അവരുടെ നാശം രേഖപ്പെടുത്തിയശേഷം, ദൈവമില്ലാത്തവരെ ദൈവം ന്യായം വിധിക്കുമെന്ന് കാണിക്കുവാൻ മോശെയും പ്രവാചകന്മാരും ഇടക്കിടക്ക് സൊദോമിനേയും ഗൊമോറയെയും എടുത്ത് കാണിക്കുമായിരുന്നു (ആവ. 29:23; 32:32; യെശ. 1:9, 10; 3:9; 13:19; യിരെ. 23:14; 49:18; 50:40; വിലാ. 4:6; യെഹെ. 16:46–56; ആമോ. 4:11; സെഫ. 2:9). മത്തായിയിലും ലൂക്കൊസിലും, സൊദോമിനെ കുറിച്ച് അഞ്ചു വാക്യങ്ങളുണ്ട്; പട്ടണത്തെ കുറിച്ച് പൗലൊസ് ഒരിക്കൽ സൂചിപ്പിച്ചു (റോമർ. 9:29).

ദൈവത്തിന്റെ ന്യായവിധി തീർച്ചയുള്ളതാണെന്ന് കാണിക്കുവാൻ പത്രൊസും യൂദയും ആ പട്ടണങ്ങളെ കുറിച്ച് പപറഞ്ഞിരിക്കുന്നു. ദുഷ്ടന്മാരെ ദൈവം ന്യായം വിധിക്കുമെന്ന് പുതിയ നിയമകാലയളവിലെ യെഹൂദ ക്രിസ്തീയ പ്രസിദ്ധീകരണങ്ങളിൽ ആ പട്ടണങ്ങളെ ഉദ്ധരിച്ച് പറഞ്ഞിരിക്കുന്നു. ലോത്തിന്റെ ഭാര്യ ഉപ്പുതൂണായി മാറിയ സംഭവം ജോസഫസ് തന്റെ പുസ്തകത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു.[6] ആ പട്ടണങ്ങളിലെ ജനങ്ങളുടെ പാപത്തെ പത്രൊസ് പൊതുവായിട്ടാണ് പറഞ്ഞിരിക്കുന്നത്, എന്നാൽ യൂദ പ്രത്യേകമായി അവരുടെ പാപത്തെ അന്യജഡമോഹികൾ എന്ന് എടുത്തു പറഞ്ഞിരിക്കുന്നു (യൂദാ 7 ന്റെ പരാമർശം നോക്കുക). ഇംഗ്ലീഷ് ഭാഷയിൽ "സോഡോമൈറ്റ്സ്" എന്ന പ്രയോഗം ഉപയോഗിക്കുന്നതിന് വിട്ടുപോയിരിക്കുകയാണ്.

ആ പട്ടണങ്ങളിൽ ദൈവം ന്യായം വിധിച്ചതിനെ പ്രത്യേകമായി ട്ടാണ് പത്രൊസ് എടുത്തു പറയുന്നത്. അവൻ അവയെ **ഭസ്മീകരിച്ചാണ് നശിപ്പിച്ചത്**. പാരമ്പര്യമായി യെഹൂദന്മാർ താമസിച്ചിരുന്ന സൊദോമും ഗൊമോറയും ചാവുകടലിന് അടുത്തായിരുന്നു. ചാവുകടലിനു സമീപമുള്ള ഭൂമി ഉപ്പുരസമുള്ളതും വരണ്ടതും കൃഷിയോഗ്യമല്ലാത്തതുമായിരുന്നു. ദേശം ചാരമായി തീർന്നിരുന്നു. ചാവുകടലിനു സമീപമുള്ള ആ പ്രദേശത്തെ "ചാര ദേശം" എന്നാണ് അറിയപ്പെട്ടതെന്ന് പത്രൊസിന്റെ കാലത്ത് ജീവിച്ചിരുന്ന ഒരു ഭൂമിശാസ്ത്ര ഗവേഷകൻ പറഞ്ഞിരിക്കുന്നു. പത്രൊസ് ഉപയോഗിച്ച ക്രിയക്ക് തുല്യമായ വാക്കാണ് "ചാരം" എന്ന വാക്കിന് അദ്ദേഹം ഉപയോഗിച്ചത് (*ടെഫ്രു*).[7] ലൂക്കൊസ് 17:26–30 ൽ യേശു പറഞ്ഞതുപോലെ, ദൈവത്തിന്റെ ന്യായവിധിയെ സൂചിപ്പിച്ച് അപ്പൊസ്തലൻ നോഹയുടെ ലോകത്തെ എടുത്തു കാണിച്ചു. സോരിനെ ന്യായം വിധിക്കുമെന്നതിനുള്ള ചിത്രീകരണമായി സൊ ദോം, ഗൊമോറ എന്നീ പട്ടണങ്ങളെ ഉദാഹരണമായി കാണിച്ചുകൊടുത്തു.

**അഭക്തരായി ജീവിക്കുന്നവർക്കുള്ള ഒരു മുന്നറിയിപ്പാണ്** സൊദോ മിന്നും ഗൊമോറക്കും സംഭവിച്ചത്. "ഉദാഹരണം" എന്നതിനു ഉപയോഗിച്ച ഗ്രീക്ക് വാക്ക് (*ഹുപോഡെയിഗ്മാ*) ഒഴിവാക്കേണ്ടതിനുള്ള നിഷേധ ഉദാഹ രണവും അനുകരിക്കേണ്ടതിനുള്ള ക്രിയാത്മകമായ ഉദാഹരണവുമാണ്. എന്താണ് അർത്ഥമെന്ന് സന്ദർഭം വ്യക്തമാക്കും. ക്രിസ്ത്യാനികൾക്ക് യേശു ക്രിസ്തു ആണ് "മാതൃക" എന്നു പറഞ്ഞപ്പോൾ (1 പത്രൊ. 2:21) ഉപയോഗിച്ച ഗ്രീക്ക് വാക്ക് മറ്റൊന്നാണ്, അത് ക്രിയാത്മകമായി ഒരാൾക്ക് മാതൃകയായി എടുക്കാവുന്ന വാക്കാണ്. "അഭക്തിയോടെ ജീവിക്കുന്നവർ" എന്ന് പത്രൊസ് പറഞ്ഞത് ദുരുപദേഷ്ടാക്കന്മാരെയാണ്, അവരാണ് സൊദോമിന്റേയും ഗൊമോറയുടേയും ന്യായവിധിയെ നേരിടേണ്ടി വരുമെന്ന് ശ്രദ്ധിക്കേണ്ടത്.

**വാക്യം 7.** നോഹ ജീവിച്ച ലോകത്തിന് സംഭവിച്ചത് പത്രൊസ് തന്റെ വായനക്കാരെ ഓർമ്മിപ്പിച്ച് വ്യക്തമാക്കിയത് ദൈവം ദാരുണ ന്യായവിധി നടത്തിയപ്പോൾ വിശ്വസ്തരായിരുന്നവരെ വിടുവിച്ചു, സൊദോമിനേയും ഗൊമോറയെയും നശിപ്പിച്ചപ്പോൾ അവൻ **നീതിമാനായ ലോത്തിനെ വിടു വിച്ചു**. ദൈവം കഴിഞ്ഞകാലത്ത് വിശ്വസ്തരായവരെ വിടുവിച്ചുവെങ്കിൽ, ദുരുപദേഷ്ടാക്കന്മാരെ ന്യായം വിധിക്കുമ്പോൾ, വിശ്വസ്തരെ വിടുവിക്കും എന്ന ഉറപ്പാണ് അപ്പൊസ്തലൻ നൽകുന്നത്. ലോത്തിന്റെ സംഭവം വിവരിച്ചു എങ്കിലും ആ ചിന്ത പത്രൊസ് അവിടെ അവസാനിപ്പിക്കുന്നില്ല.

2:4–ൽ ആരംഭിച്ച സങ്കീർണ്ണവും ദൈർഘ്യമേറിയതുമായ ഒരു വാചകമാണ് ഈ വാക്യം. വാക്യം 7–ൽ "ദൈവം ആദരിക്കാതെ ഇരുന്നു എങ്കിൽ ..."എൻഎ എസ്ബിയിൽ എങ്കിൽ എന്നത് ചരിച്ച് ആവർത്തിച്ചു പറഞ്ഞിരിക്കുന്നു, അത് ഇംഗ്ലീഷ് വാചകത്തിനായി തർജ്ജമക്കാർ കൊടുത്തിരിക്കുന്നതാണ്. "എങ്കിൽ" എന്നതു കൊടുത്തതുകൊണ്ട്, "പിന്നെ" എന്ന് 2:9 ലുള്ളത് വാചകത്തിലെ നിബന്ധനകൾ പൂർത്തിയാക്കുന്നതിനാണ്. "എങ്കിൽ" എന്ന് 2:4 ലേതുപോലെ ഒരാൾ പ്രതീക്ഷിക്കുമ്പോൾ, അതിന്റെ ഫലമായി "പിന്നെ" ദൈവം "ദുരുപദേ ഷ്ടാക്കന്മാരേയും (2:1–3 ൽ പറഞ്ഞിരിക്കുന്ന) ആദരിക്കുകയില്ല" എന്ന് അനു മാനിക്കാം, പക്ഷെ പത്രൊസ് ചിന്ത അവിടെ അവസാനിപ്പിക്കുന്നില്ല. എന്നാൽ അവൻ, ലോത്തിന്റെ കാര്യം പറഞ്ഞ് മറ്റൊരു ദിശയിലേക്ക് നീങ്ങുകയാണ്.

പത്രൊസ് ലോത്തിനെ കുറിച്ചു പറഞ്ഞത് **ദുഷ്ട മനുഷ്യരുടെ ദുഷ്ക്കാമ പ്രവൃത്തികൾ കണ്ടും കേട്ടും വലഞ്ഞുപോയ നീതിമാനായ മനുഷ്യൻ** എന്നാ

ണ്. ഉൽപത്തി 13:1-13 ലെ ലോത്തിന്റെ സംഭവം ഒരാൾ വായിക്കുമ്പോൾ, "നീതിമാനായ" എന്ന നാമവിശേഷണം നമ്മുടെ മനസിലേക്ക് വരുന്നില്ല. തന്റെ ആട്ടിൻകൂട്ടത്തെ വളർത്തുവാൻ ആവശ്യമായ സ്ഥലം തിരഞ്ഞെടുക്കുവാൻ പറഞ്ഞപ്പോൾ, അവൻ ഫലപുഷ്ടിയുള്ള പ്രദേശം തിരഞ്ഞെടുത്തു. "അവൻ തന്റെ കൂടാരം സോദോം വരെ നീട്ടി അടിച്ചു" (ഉല്. 13:12). പക്ഷെ അവിടെയുള്ള ആളുകൾ ദുഷ്ക്കാമ പ്രവൃത്തികളിൽ ഏർപ്പെട്ടവരായിരുന്നു.

ദൂതന്മാരെ പോലും അതിഥി സൽക്കാരം നടത്തി ആദരിച്ചതുകൊണ്ടാകാം ഒരുപക്ഷെ പത്രൊസ് ലോത്തിനെ "നീതിമാൻ" എന്നു വിളിച്ചത് (ഉല്. 19:1-3). കൂടാതെ, അബ്രഹാമിന്റെ അനന്തരവൻ അവരുടെ പാപജീവിതം കണ്ടു വലഞ്ഞിരുന്നു എങ്കിലും അവരുടെ പാപം അവനിൽ വന്നിരുന്നില്ല. ആ പട്ടണങ്ങളെ നശിപ്പിക്കുവാൻ ദൈവം തീരുമാനിച്ചപ്പോൾ, ലോത്തിനെ അവിടെനിന്നു വിടുവിക്കുവാൻ തീരുമാനിച്ചു. അവിടെയാണ് പത്രൊസ് പറയുന്നത് നാം വിശ്വസിക്കേണ്ടത്. ഉൽപത്തിയിൽ പറയാത്ത പോയിന്റ് പത്രൊസ് ഇവിടെ വ്യക്തമാക്കുകയാണ്. തന്റെ അയൽക്കാർ അവരുടെ പ്രവൃത്തികളാൽ അവർ ലോത്തിനെ "ഞെരുക്കി" എന്ന് ഉൽപത്തിയിൽ പറയുന്നില്ല. എങ്ങനെയായാലും, ദേശത്ത് വരുത്തിയ വിപത്തിൽനിന്നു ദൈവം അവനെ വിടുവിച്ചത് അവന്റെ ദൈവഭക്തിയായിരുന്നു എന്ന് സ്പഷ്ടം.

**വാക്യം 8.** ഉൽപത്തി പുസ്തകത്തിൽ ലോത്തിനെ കുറിച്ച് പറയുമ്പോൾ ഈ ആനുകൂല്യം അവിടെ ഇല്ലാത്തതിനാലാകാം പത്രൊസ് നീതിമാനായ ലോത്ത് എന്ന് അവനെ വിശേഷിപ്പിച്ചത്. അവൻ **കണ്ടതും കേട്ടതുമായ കാര്യങ്ങൾ അവന്റെ നീതിയുള്ള മനസിനെ ദുഃഖിപ്പിച്ചി**[രുന്നു]. സൊദോമിലെ ആളുകളുടെ ദുഷ്ക്കാമ പ്രവൃത്തികളെ കണ്ട് നിഷ്ക്രിയമായി കടന്നു പോകുന്നതിനു പകരം, ലോത്ത് വലഞ്ഞുപോയിരുന്നു. തനിക്ക് ചുറ്റും സംഭവിച്ച ഭയങ്കര സംഭവങ്ങൾ കണ്ടും കേട്ടും അവന്റെ മനസിൽ ഭാരം ഏറിയിരുന്നു.

അതുപോലെ, പത്രൊസിന്റെ വായനക്കാരും ജീവിച്ചിരുന്നത് ക്രൂരത്വവും, ഭോഗേച്ഛയും, വിഗ്രഹാരാധനയും സാധാരണ സംഭവമായിരുന്ന സ്ഥലത്തായിരുന്നു. രണ്ട് കാര്യങ്ങൾ അന്തർലീനമാക്കിയതായിരുന്നു അപ്പൊസ്തലന്റെ സന്ദേശം: (1) ദൈവം അഭക്തരെ ന്യായം വിധിക്കുമ്പോൾ വിശ്വസ്തരെ വിടുവിക്കും. (2) ക്രിസ്ത്യാനികൾ ലോകത്തുള്ള പാപത്തോട് വിട്ടുവീഴ്ച്ച ചെയ്യരുത്, അങ്ങനെ ചെയ്താൽ അവരും ന്യായവിധിയിൽ അകപ്പെടും. ലോത്തിന്റെ മാതൃക മനസിലാക്കി ക്രിസ്ത്യാനികൾ പാപത്തെ നിസാരമായി കാണരുത്. സൊദോമിൽനിന്ന് ഓടിപ്പോയതുകൊണ്ടാണ് ലോത്തിനെ മരണം വിഴുങ്ങാതിരുന്നത്, എങ്കിലും, അഭക്തരുടെ മദ്ധ്യെ ജീവിച്ചതിന്റെ എല്ലാ അനന്തരഫലങ്ങളും അവനിൽനിന്ന് ഒഴിവായിരുന്നില്ല. തന്റെ ഭാര്യയും തന്റെ സമ്പാദ്യമെല്ലാം അവനു നഷ്ടപ്പെട്ടു. പാപിയെ ദൈവം നിത്യശിക്ഷാവിധിയിൽനിന്നു വിടുവിക്കുമെങ്കിലും പാപത്തിന് ധാരാളം അനന്തരഫലങ്ങളുണ്ട്.

**വാക്യം 9.** അവസാനം, 2:4-ൽ തുടങ്ങിയതായ വാചകം, നാം വിചാരിക്കുന്നതുപോലെ അല്ല എങ്കിലും ഒരു അവസാനം വന്നിരിക്കുന്നു എന്നു പറയാം. ന്യായവിധിയോടുകൂടിയാണ് വാചകം ആരംഭിക്കുന്നത്, ഭക്തന്മാരെ വിടുവിക്കുമെന്നും ദുഷ്ടന്മാരെ ന്യായം വിധിക്കും എന്നും പറഞ്ഞുകൊണ്ടാണ് അവസാനിപ്പിക്കുന്നത്. സഭയിൽ കുഴപ്പം ഉണ്ടാക്കിയിരുന്ന ദുരുപദേഷ്ടാക്കന്മാരെ ദൈവം ന്യായം വിധിക്കുമെന്ന് ഉറപ്പിക്കുവാൻ പത്രൊസ് മൂന്ന് ഉദാഹരണങ്ങൾ നൽകി: (1) പാപം ചെയ്ത ദൂതന്മാർ (2) ജലപ്രളയത്തിനു

മുൻപ് ഉണ്ടായിരുന്ന നോഹയുടെ കാലത്തെ ആളുകൾ (3) സൊദോമും ഗൊമോറയും. അവസാനത്തെ രണ്ടു സംഭവങ്ങളിലും വിടുവിപ്പ് പറയുന്നുണ്ട്. **ദൈവഭക്തരെ പരീക്ഷയിൽനിന്നു വിടുവിപ്പാൻ കർത്താവിന് അറിയാം.** "പ രീക്ഷണങ്ങൾ" (*പെയിരാസ്മോസ്*) എന്നു പറയുന്നത് പരിശോധനകളാണ്. നിരന്തരമായി പാപത്തിൽ ജീവിച്ചിരുന്ന ആളുകൾക്കിടയിൽ ജീവിച്ചതിനാൽ നോഹ തീർച്ചയായും പരീക്ഷണങ്ങളെ നേരിട്ടിരുന്നു. തന്റെ അയൽക്കാരുടെ അധർമ്മപ്രവൃത്തികൾ കണ്ടും കേട്ടും, ലോത്തിന്റെ മനസ് വലഞ്ഞുപോയിരുന്നു. രണ്ടു സംഭവങ്ങളിലും ദുഷ്ടരെ ദൈവം നശിപ്പിച്ചപ്പോൾ നീതിമാന്മാരെ ദൈവം സംരക്ഷിച്ചു.

പരീക്ഷണങ്ങളെ അതിജീവിക്കുവാനുള്ള സഹനശക്തി എല്ലാവർക്കും ഉണ്ടാകണമെന്നില്ല. യേശു തന്റെ ശിഷ്യന്മാരെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചു, "ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടങ്കൽ നിന്നു ഞങ്ങളെ വിടുവിക്കേണമേ" (മത്താ. 6:13). പത്രൊസിന്റെ വായനക്കാരിൽ ചിലരെ ദുരുപദേഷ്ടാക്കന്മാർ പ്രേരിപ്പിച്ചിരുന്നു. ചിലർ യേശുവിലുള്ള തങ്ങളുടെ വിശ്വാസത്തിൽനിന്ന് പിന്തിരിഞ്ഞു. എന്നാൽ കർത്താവിനോടുള്ള ചായ്‌വ് നിമിത്തം പത്രൊസിന്റെ അപ്പൊസ്തോലിക ഉപദേശം കേട്ടവർക്കും, പരീക്ഷണങ്ങളെ പ്രതിരോധിച്ചവർക്കും വിടുതൽ ലഭിച്ചു. അവന്റെ സമകാലികരായ അഭക്തിയുള്ള ആളുകളിൽനിന്ന് ദൈവം നോഹയെ മാന്ത്രികമായിട്ടല്ല വിടുവിച്ചത്. വിശ്വാസത്താൽ നോഹ പെട്ടകം പണിതു (എബ്രാ. 11:7). വിടുവിക്കുന്നവൻ ആളുകളെ വിടുവിച്ചത് വില കൂടാതെയല്ല. പാപമുള്ള ദേശത്തുനിന്ന് ദൈവം ലോത്തിനെ വിടുവിച്ചു, ആ നടപടിയിൽ ലോത്തിന് തന്റെ ഭാര്യയും സമ്പത്തും നഷ്ടമായി. തന്റെ സമ്പത്ത് വർദ്ധിപ്പിക്കുവാനായിരുന്നു ലോത്ത് ഫലപുഷ്ടിയുള്ള യോർദ്ദാൻ താഴ്‌വര തിരഞ്ഞെടുത്തത്, അത് ഇപ്പോൾ വിരോധാഭാസമാേയി തീർന്നിരിക്കുന്നു. അവസാനം അവന് ഒന്നുമില്ലാതായി തീർന്നു. ദൈവം ലോത്തിനെ വിടുവിച്ചത് വില കൂടാതെയായിരുന്നില്ല. വിടുവിപ്പ് എളുപ്പമാണെന്ന് ദൈവം ഒരിക്കലും വാഗ്ദാനം ചെയ്തിട്ടില്ല. ദൈവം "ഭക്തരെ പരീക്ഷയിൽനിന്നു വിടുവിക്കു[മ്പോൾ] പോലും" നിർബ്ബന്ധമായി വില കൊടുക്കേണ്ടിവരുന്ന ഒന്നാണ് പാപം.

ദൈവം മനുഷ്യരുടെ കാര്യങ്ങളിൽ നീതിയോടെ ഇടപെടുന്നത് ഉടനെ സ്പഷ്ടമാകുകയില്ല. അവർ അന്യായമായി കഷ്ടം സഹിക്കുന്നത് ദൈവം അറിയുന്നുണ്ട് എന്നാണ് പത്രൊസ് തന്റെ വായനക്കാർക്ക് ഉറപ്പ് കൊടുത്തത്. കൂടാതെ, ദുരുപദേഷ്ടാക്കന്മാരുടെ അഭക്തിയേയും അവൻ അറിയുന്നു. എങ്ങനെ വിടുവിക്കണം എന്നു ദൈവത്തിന് അറിയാം. **നീതികെട്ടവരെ ന്യായവിധിയിൽ എങ്ങനെ ശിക്ഷിക്കണം എന്നും അവന് അറിയാം.** കർത്താവ് ഭൂമിയിൽ രക്ഷിതാവായി വരികയും ക്രൂശിൽ മരിച്ച് ഉയർത്തെഴുന്നേറ്റ് പിതാവിന്റെ വലത്തുഭാഗത്തേക്ക് പോയി വാണുകൊണ്ടിരിക്കുകയും, അവസാനം അവൻ വീണ്ടും വരികയും ചെയ്യും എന്നതാണ് ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനം. "ക്രിസ്തുവും അങ്ങനെ തന്നെ അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു തനിക്കായി കാത്തു നിൽക്കുന്നവരുടെ രക്ഷക്കായി അവൻ പാപം കൂടാതെ രണ്ടാമത് പ്രത്യക്ഷനാകും" (എബ്രാ. 9:28). അവൻ രണ്ടാമത് വരുമ്പോൾ, എല്ലാ കണ്ണുകളും അവനെ കാണുകയും "എല്ലാ നാവും അവനെ ഏറ്റു പറയുകയും ചെയ്യും" (ഫിലി. 2:11). ആ സമയത്ത് ദൈവം അഭക്കരെ ന്യായം വിധിക്കും. അവസാനം ദൈവ

ത്തിന്റെ നീതി ജയിക്കും; അതുവരെ ലോകത്തിൽ പരീക്ഷണങ്ങൾ ഉണ്ടായിരിക്കും. ഇപ്പോൾ പോലും ഭക്തരെ ദൈവം പരീക്ഷണങ്ങളിൽനിന്നു വിടുവിക്കും എന്നതാണ് പത്രൊസിന്റെ ഉറപ്പ്.

**വാക്യം 10**. പതിനാറാം നൂറ്റാണ്ടിൽ ഫ്രെഞ്ചുകാരനായിരുന്ന സ്തെഫാനസ് ആയിരുന്നു പുതിയ നിയമം അദ്ധ്യായങ്ങളും വാക്യങ്ങളുമായി തരം തിരിച്ചത്. മിക്ക സംഭവങ്ങളിലും, വിഭജിക്കൽ യുക്തിപരമാണ്; അത് വായനക്കാരന് വളരെ ഗുണം ചെയ്യുന്നതാണ്. ചില സന്ദർഭങ്ങളിൽ, അദ്ധ്യായങ്ങളായാലും വാക്യങ്ങൾ ആയാലും തിരിച്ചിരിക്കുന്നത് ഒരു ചിന്തയുടെ മദ്ധ്യത്തിൽ വെച്ചാണ്. അങ്ങനെ വാക്യത്തെ തിരിച്ചിരിക്കുന്നതിനുള്ള നല്ല ഉദാഹരണമാണ് 2 പത്രൊസ് 2:10. നാം ആ വാക്യത്തിന്റെ ആദ്യ ഭാഗം ഇവിടെയും അടുത്ത ഭാഗം പിന്നീടും ആയി നാം ചർച്ച ചെയ്യും.

"നീതി കെട്ടവരെ എങ്ങനെ ശിക്ഷിക്കും" എന്ന് പൊതുവായ വാക്കുകളിലൂടെ പത്രൊസ് മുൻപ് പറയുകയുണ്ടായി. ഇപ്പോൾ അവൻ പ്രത്യേകമായി ദുരുപദേഷ്ടാക്കന്മാരെ നേരിടുകയാണ്. ആ നീതികെട്ട ഉപദേഷ്ടാക്കന്മാരെ അവൻ കുറ്റപ്പെടുത്തിയത് രണ്ട് കാരണങ്ങളാലായിരുന്നു: (1) അവർ **അന്യജഡത്തെ മോഹിക്കുന്നവരായിരുന്നു**, (2) അവർ **അധികാരത്തെ നിന്ദിച്ചു**. ആദ്യ പ്രയോഗത്തിൽ അപ്പൊസ്തലൻ ശക്തമായ വാക്കുകളാണ് ഉപയോഗിച്ചത്. അക്ഷരികമായ തർജ്ജമ ഇങ്ങനെ വായിക്കുന്നു, "പ്രത്യേകിച്ച് ഭോഗേഛയാൽ ജഡത്തിന്റെ പുറകെ പോകുക." പത്രൊസിന്റെ വിഷയം സൊദോം ആയിരുന്നു. യൂദയിൽനിന്നു വ്യത്യസ്തമായി, പത്രൊസ് നേരിട്ട് ആ പട്ടണത്തിന്റെ പാപത്തെ പറയുന്നില്ല, എന്നാൽ ഉപയോഗിച്ച വാക്കുകൾ അവരുടെ പാപത്തെ സൂചിപ്പിക്കുന്നതുമാണ്. ദുരുപദേഷ്ടാക്കന്മാരുടെ ജീവിത ശൈലിയെ കൈയേറ്റം ചെയ്യുന്നതായിരുന്നു ആ വാക്കുകൾ.

എന്ത് "അധികാരത്തെ" ആണ് ദുരുപദേഷ്ടാക്കന്മാർ "നിന്ദി[ച്ചത്]" എന്നു വ്യക്തമല്ല. ഗ്രീക്ക് വാക്ക് (*കൂരിയോടെസ്*) കർത്താവിന്റെ അധികാരത്തെ, അല്ലെങ്കിൽ ദൈവത്തിന്റെ അധികാരത്തെ, അതുമല്ലെങ്കിൽ, അവന്റെ സന്ദേശവാഹകരായ ദൂതന്മാരുടെ അധികാരത്തെ ആയിരിക്കാം പറയുന്നത്. പാപം ചെയ്ത ദൂതന്മാരെ കുറിച്ച് പത്രൊസ് പറഞ്ഞു കഴിഞ്ഞു (2:4), എന്നാൽ ദൂതന്മാരെ കുറിച്ച് താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങളിൽ വീണ്ടും പറയും. ദുരുപദേഷ്ടാക്കന്മാർ ആരോപിച്ചത് ദൂതന്മാരെയാണോ അതോ അവരുടെ അധികാരത്തെയാണോ എന്ന് ഒരു സൂചനയുമില്ല. ദൂതന്മാരുടെ പ്രാധാന്യത്തെ കുറിച്ച് അറിയുവാൻ പിന്നീട് ജ്ഞാനവാദികൾ ഇവിടെ പറയുന്ന അധികാരം ദൂതന്മാരുടേതാണെന്ന് വിചാരിച്ചു. എന്നാൽ പത്രൊസ് ദുരുപദേഷ്ടാക്കന്മാരുടെ ധാർഷ്ട്യവും മനപ്പൂർവ്വവുമായ രീതികളെ പറഞ്ഞിരിക്കയാൽ (2:10, 18), ഒന്നുകിൽ അവർ ക്രിസ്തുവിന്റെ അധികാരത്തെ അല്ലെങ്കിൽ ക്രിസ്തു അപ്പൊസ്തലന്മാർക്ക് ഏൽപിച്ചുകൊടുത്ത അധികാരത്തെ തള്ളിക്കളഞ്ഞിരിക്കുവാനാണ് സാധ്യത. ദൈവത്തിന്റെ സന്ദേശവാഹകർ ആത്മ-ശ്വാസിയമായി നൽകിയ ഉപദേശങ്ങളെയായിരുന്നു ദുരുപദേഷ്ടാക്കന്മാർ നിന്ദിച്ചത്.

## ദുരുപദേഷ്ടാക്കന്മാരുടെ<br>സ്വഭാവം (2:10-16)

**10ന്യായവിധി ദിവസത്തിലെ ദണ്ഡനത്തിനായി കാപ്പാനും അറിയുന്നു**

**വല്ലോ. [11]ബലവും ശക്തിയും ഏറിയ ദൂതന്മാർ കർത്താവിന്റെ സന്നിധിയിൽ അവരുടെ നേരെ ദൂഷണവിധി ഉച്ചരിക്കാതിരിക്കെ, ആ ധാർഷ്ട്യമുള്ള തന്നി ഷ്ടക്കാർ മഹിമകളെ ദുഷിപ്പാൻ ശങ്കിക്കുന്നില്ല. [12]ജാത്യാ പിടിപെട്ട് നശിപ്പാൻ പിറന്ന ബുദ്ധിയില്ലാത്ത ജന്തുക്കളെ പോലെ അവർ അറിയാത്തതിനെ ദുഷി ക്കയാൽ അനീതിയുടെ കൂലി അനുഭവിച്ചുകൊണ്ട് സ്വന്ത വഷളത്വത്താൽ നശിച്ചുപോകും. [13]അവർ താൽക്കാലിക ഭോഗതൃപ്തി സുഖം എന്നു വെച്ച് നിങ്ങളുടെ സ്നേഹസദ്യകളിൽ നിങ്ങളോടുകൂടെ വിരുന്നുകഴിഞ്ഞു പ ുളെക്കുന്ന കറകളും കളങ്കങ്ങളും ആകുന്നു. [14]അവർ വ്യഭിചാരിണികളെ കണ്ട് രസിക്കുകയും പാപം കണ്ട് തൃപ്തിപ്പെടാതിരിക്കുകയും ചെയ്യുന്ന കണ്ണുള്ളവരും സ്ഥിരമില്ലാത്ത ദേഹികളെ വശീകരിക്കുന്നവരും ദ്രവ്യാഗ്രഹ ത്തിൽ അഭ്യാസം തികഞ്ഞ ഹൃദയമുള്ളവരുമായ ശാപയോഗ്യന്മാർ. [15]അവർ നേർവഴി വിട്ട് തെറ്റി ബെയോരിന്റെ മകനായ ബിലെയാമിന്റെ വഴിയിൽ നട ന്നു. [16]അവൻ അനീതിയുടെ കൂലി കൊതിച്ചു എങ്കിലും തന്റെ അകൃത്തിനു ശാസന കിട്ടി; ഉരിയാടാക്കഴുത മനുഷ്യവാക്കായി ഉരിയാടി പ്രവാചകന്റെ ബുദ്ധിഭ്രമത്തെ തടുത്തുവല്ലോ.**

ദുരുപദേഷ്ടാക്കന്മാർക്ക് ന്യായവിധി വരുമെന്ന് അപ്പൊസ്തലൻ ഉറപ്പിച്ചു പറഞ്ഞ ശേഷം, അവൻ അവരുടെ എല്ലാ-സ്വഭാവ ദൂഷ്യത്തെയും എടുത്തു കാണിക്കുന്നു. അവർ പഠിപ്പിച്ചതെന്തെല്ലാമായിരുന്നു എന്ന് അറിയുവാൻ ന മുക്ക് താൽപര്യമുണ്ട്. വ്യക്തികളെ കൊല ചെയ്ത വസ്തുതകളെ വിശദമായി ചർച്ച ചെയ്യുവാൻ പാശ്ചാത്യ സംസ്ക്കാരം അനുവദിക്കുന്നില്ല. പുരാതന കാലത്ത് വ്യക്തിയും സന്ദേശവും അടുത്തിരുന്നു.

**വാക്യം 10.** മറ്റാരിലേക്കും അധികാരത്തിനായി നോക്കാതെ ദുരുപദേ ഷ്ടാക്കന്മാർ അതിന് തങ്ങളിലേക്ക് തന്നെ നോക്കുകയായിരുന്നു എന്നാണ് പ ത്രൊസ് ഉറപ്പിച്ചു പറഞ്ഞത്. അവർ **ധാർഷ്ട്യക്കാരും തന്നിഷ്ടക്കാരും**ആയി രുന്നു. ആദ്യ പാപത്തിന്റെ കാരണം സ്വയംപര്യാപ്തമായ നിഗളമായിരുന്നു. മറ്റു കാര്യങ്ങളോടൊപ്പം, ദൈവഭക്തിക്ക് സഹോദരീസഹോദരന്മാരിൽനി ന്ന് താഴ്മ നാം പഠിക്കണം. സ്വന്ത "വെളിപ്പാട്" ദൈവത്തിന്റേത് എന്നവകാ ശപ്പെട്ടവരിൽ അവസാനത്തേതായിരുന്നില്ല 2 പത്രൊസിന്റെ ലേഖനത്തിലെ ദുരുപദേഷ്ടാക്കന്മാർ, അവർ ബൈബിളിലെ നിർദ്ദേശങ്ങളേയും പക്വതയും ബൈബിൾ പരിജ്ഞാനവും ഉള്ള ക്രിസ്ത്യാനികളാൽ നയിക്കപ്പെടുന്നതിനേ യും നിന്ദിക്കുന്നവരായിരുന്നു അവർ.

അവരുടെ "ധാർഷ്ട്യത്തിനും," "തന്നിഷ്ടത്തിനും" ഉദാഹരണമായി, ആ ദുരുപദേഷ്ടാക്കന്മാർ **ശക്തിയും മഹിമയുള്ള ദൂതന്മാരെ ദുഷിക്കു** [വാൻ] ശങ്കിച്ചില്ല. പരിഗണിക്കത്തക്ക വ്യത്യാസമുള്ളവയാണ് ഈ അവ സാന പ്രയോഗം. എൻആർഎസ്വിയിൽ വായിക്കുന്നു, "അവർ മഹിമകളെ ദുഷിക്കുവാൻ ഭയപ്പെടുന്നില്ല." എൻഐവിയിൽ "സ്വർഗിയ വ്യക്തികളെ ദുഷിക്കുവാൻ അവർക്ക് ഭയമില്ലായിരുന്നു." അക്ഷരികമായി ഗ്രീക്കിൽ പറയു ന്നത് "അവർ മഹിമകളെ ദുഷിക്കുമ്പോൾ ഭയന്നു വിറക്കുന്നില്ല" എന്നാണ്. എന്താണ് "മഹിമകൾ"? "മഹത്വം" (*ഡോക്സാ*) ബഹുവചനത്തിൽ വരുന്നത് അപൂർവ്വമായാണ്. അത് സ്വർഗീയ വ്യക്തികൾ ആയിരിക്കാം; അങ്ങനെ തന്നെ ആയിരിക്കണമെന്നില്ല. ചില സാഹചര്യങ്ങളിൽ, വിശിഷ്ടരായ ആളുകളെ സൂചിപ്പിച്ച് ആ വാക്ക് ഉപയോഗിച്ചിട്ടുണ്ട് 1 പത്രൊസ് 1:11-ൽ, ബഹുവചനം

ഉപയോഗിച്ചിരിക്കുന്നത് “മഹത്വമുള്ള” കാര്യങ്ങളെ ഉദ്ദേശിച്ചാണ്. സഭയിലെ അദ്ധ്യക്ഷന്മാരുടെയും അപ്പൊസ്തലന്മാരുടെയും അധികാരത്തെ ദുരുപദേഷ്ടാക്കന്മാർ ദുഷിക്കയായിരുന്നു എന്നാണ് പത്രൊസ് പറഞ്ഞത്. സഭ പണിതിരിക്കുന്നത് “അപ്പൊസ്തലന്മാരുടേയും പ്രവാചകന്മമാരുടേയും അടിസ്ഥാനത്തിന്മേലാണ്, ക്രിസ്തുയേശു അതിന്റെ മൂലക്കല്ലുമാണ്” (എഫെ. 2:20). ക്രിസ്തു തന്റെ വചനത്തിൽ പറഞ്ഞിരിക്കുന്ന അദ്ധ്യക്ഷന്മാരെ, ദുരുപദേഷ്ടാക്കന്മാർക്ക് ബഹുമാനമില്ലായിരുന്നു എന്നതായിരുന്നു അവരുടെ പ്രശ്നം. ദൂതന്മാരെ കുറിച്ചു പറയുന്നത് വാക്യം 10-ൽ അല്ല, അടുത്ത വാക്യത്തിലാണ്.

**വാക്യം 11.** ദൂതന്മാർ പോലും തിരസ്ക്കരിച്ച പ്രത്യേകാവകാശങ്ങൾ തങ്ങൾക്കുണ്ടെന്ന് ദുരുപദേഷ്ടാക്കന്മാർ കരുതിയിരുന്നു. അവർ സഭയിലെ ആത്മികരായ അദ്ധ്യക്ഷന്മാരെ നിന്ദിച്ചു, എന്നാൽ **ബലവും ശക്തിയുമേറിയ ദൂതന്മാർ കർത്താവിന്റെ സന്നിധിയിൽ ദൂഷണവിധി ഉച്ചരിക്കാതിരുന്നു**. വാദം ചെറിയവർ തൊട്ട് വലിയവർ വരെ ആയിരുന്നു.[8] ദൂതന്മാർ തെറ്റു ചെയ്താൽ ശിക്ഷാർഹരാണെങ്കിൽ, ആ ദുരുപദേഷ്ടാക്കന്മാർ എത്രയധികം ശിക്ഷാർഹരാകും? എന്നായിരുന്നു അപ്പൊസ്തലന്റെ പോയിന്റ്. 2:4 നു ശേഷം ആദ്യമായാണ് ദൂതന്മാരെ കുറിച്ചു പറയുന്നത്. അപ്പൊസ്തോലിക അധികാരത്തെ എതിർത്ത ദുരുപദേഷ്ടാക്കന്മാരുടെ ധാർഷ്ട്യത്തെ ചിത്രീകരിക്കുവാനായിരുന്നു ദൂതന്മാരെ പരിചയപ്പെടുത്തിയത്. 2:10 ലെ “മഹിമകളെ” അവർക്ക് സഹിക്കുവാൻ കഴിഞ്ഞിരുന്നില്ല.

“ശക്തി” ഒരു താരതമ്യ വാക്കാണ്, എന്നാൽ പത്രൊസിന്റെ വായനക്കാർ ദൂതന്മാരെ താരതമ്മ്യം ചെയ്യേണ്ടത് എന്നു വ്യക്തമല്ല. “മഹിമകളേക്കാൾ” ദൂതന്മാർ “ബലത്തിലും ശക്തിയിലും” വലിയവർ ആയിരുന്നോ? അവർ സഭയിലെ ദൂതന്മാരേക്കാൾ വലിയവരായിരുന്നോ, അല്ലെങ്കിൽ അവർ ദുരുപദേഷ്ടാക്കന്മാരേക്കാൾ വലിയവരായിരുന്നോ? അത് പറയേണ്ട ആവശ്യമേ വരുന്നില്ല. പത്രൊസ് അതായിരിക്കാം ഉദ്ദേശിച്ചത്. സഭാദ്ധ്യക്ഷന്മാർക്ക് നേരെ ദുരുപദേഷ്ടാക്കന്മാർ ഉന്നയിച്ച ശ്രദ്ധയില്ലാത്ത ആരോപണങ്ങളെ വ്യക്തമാക്കുന്നതാണ് ആ താരതമ്യം.

“ദൂതന്മാർ അവരുടെ നേരെ കർത്താവിന്റെ സന്നിധിയിൽ ദൂഷണവിധി ഉച്ചരിക്കാതിരിക്കെ” എന്നു പത്രൊസ് പറഞ്ഞത് ആർക്കെതിരെ എന്നാണ് അർത്ഥമാക്കിയത്? 2:10 ലെ “മഹിമകൾ” തിരിച്ചറിയുന്നതനുസരിച്ച് “അവരെ” എന്നു പറയുന്ന സർവ്വനാമം വ്യത്യസ്തമായിരിക്കും. എൻഎഎസ്ബിയുടെ തർജ്ജമയാണ് നാം എടുക്കുന്നതെങ്കിൽ, “മഹിമകൾ” എന്നു പറയുന്നത് ദൂതന്മാർ എന്നു കണക്കാക്കാം. മുൻപ് പറഞ്ഞ “അവരെ” എന്നത് ദുരുപദേഷ്ടാക്കന്മാർ ആയും എടുക്കാം. “ദുരുപദേഷ്ടാക്കന്മാരെ ദൂതന്മാർ ദുഷിക്കുവാൻ മടിച്ചപ്പോൾ ശക്തിയുള്ള ദൂതന്മാരെ ദുഷിക്കുവാൻ ദുരുപദേഷ്ടാക്കന്മാർ മടിച്ചിരുന്നില്ല” എന്നതാണ് അർത്ഥം. ദൂതന്മാർ പോലും ദുരുപദേഷ്ടാക്കന്മാരെ ദൂഷണ കുറ്റം ചുമത്താതിരിക്കെ ദുരുപദേഷ്ടാക്കന്മാർ ദൂതന്മാരെ ദുഷിക്കുന്നത് വിരോധാഭാസമാണ്. എങ്ങനെയായാലും, “മഹിമകൾ” എന്നു പറയുന്നത് സഭാദ്ധ്യക്ഷന്മാർ ആണെങ്കിൽ, അങ്ങനെയാണെന്ന് നമുക്ക് വിശ്വസിക്കാം, അപ്പോൾ അർത്ഥം, “ദൂതന്മാർപോലും സഭാദ്ധ്യക്ഷന്മാർക്ക് എതിരെ ദൂഷണവിധി ഉച്ചരിക്കാതിരിക്കെ, ദുരുപദേഷ്ടാക്കന്മാർക്ക് എങ്ങനെ സഭാദ്ധ്യക്ഷന്മമാർക്കെതിരെ ദൂഷണവിധി ഉച്ചരിക്കുവാൻ കഴിയും.”

**വാക്യം 12.** യൂദയുടെ സമാന്തര വേദഭാഗത്തൊഴിച്ച് ബൈബിളിൽ മറ്റൊരു

ഭാഗത്തുമില്ലാത്ത പരുഷമായ ഭാഷയാണ് ദുരുപദേഷ്ടാക്കന്മാരെ അടുത്ത തായി പറയുന്നത്. തനിക്കെതിരെയും മറ്റു സഭാദ്ധ്യക്ഷന്മാർക്കെതിരെയും ദുരു പദേഷ്ടാക്കന്മാർ ഉപയോഗിച്ച അതേ ഭാഷയിലാണ് അവർക്കെതിരെ അപ്പൊ സ്തലൻ ഉപയോഗിച്ച ഭാഷ. അവർക്ക് എതിരെ വരുവാനിരിക്കുന്ന ന്യായ വിധിയെയായിരുന്നു അപ്പൊസ്തലൻ മുന്നറിയിച്ചത്. ആ ദുരുപദേഷ്ടാ ക്കന്മാർ, **ജാത്യാ പിടിപെട്ട് നശിപ്പാൻ പിറന്ന ബുദ്ധിയില്ലാത്ത ജന്തുക്കൾ** ആണെന്നാണ് പത്രൊസ് പറഞ്ഞത്. ദുരുപദേഷ്ടാക്കന്മാരുടെ ലക്ഷ്യം, പെ രുമാറ്റം, ഉപദേശ സത്ത എന്നിവ വേർതിരിച്ചെടുക്കുവാൻ പ്രയാസമായി രുന്നു. അവർ ആരായിരുന്നു എന്നും എന്തു പുറപ്പെടുവിച്ചിരുന്നു എന്നും അവൻ വിലയിരുത്തിയിട്ടാണ് അത് പറഞ്ഞത്. അവർ വിവേചനം ഇല്ലാത്ത തലക്കനം ഉള്ളവരായിരുന്നു. വന്യമൃഗങ്ങളെ നേരിടുന്നതുപോലെ മാത്രമെ അവരെ നേരിടുവാൻ കഴിയുമായിരുന്നുള്ളു. കാരണം അവർ ശക്തി മാത്രം തിരിച്ചറിയുന്ന പ്രാകൃതസ്വഭാവക്കാരായിരുന്നു. അവരെ കുറിച്ച് വിവേചിപ്പാൻ പോലും കഴിയുകയില്ല. അവർ തങ്ങളുടെ സുഖം മാത്രമെ കരുതിയിരുന്നുള്ളു.

വിശ്വാസത്തിൽ യുവാക്കളായിരിക്കുമ്പോൾ, നാം കാരണങ്ങൾക്കും ചോദ്യങ്ങൾക്കും ഉത്തരം കണ്ടെത്തുവാൻ ശ്രമിക്കും. ചിലരെ "തീയിൽനി ന്ന്" വലിച്ചിഴച്ചാണ് രക്ഷിക്കുന്നത് (യൂദാ. 23). പത്രൊസ് അഭിമുഖീകരിച്ച ഉപദേഷ്ടാക്കന്മാർ മൽസരത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചവരായിരുന്നു. ലിശുദ്ധ വിശ്വാസം ആവശ്യപ്പെടുന്നതിനെ അവർ **അറിയാതിരുന്നതിനെ പരിഹ സിക്കുകയും അറിയാത്ത** [തിനെ] **ദുഷിക്കുകയും** ചെയ്തിരുന്നു. നിയന്ത്ര ണങ്ങളെ ഇല്ലാതാക്കുന്ന ജീവിത ശൈലിയാണ് നിഗളഭാവത്തോടെ അവർ സ്വീകരിച്ചിരുന്നത്. അവർ തിരഞ്ഞെടുത്ത രീതിയിൽ തന്നെ അവരെ നേ രിടുകയല്ലാതെ മറ്റു മാർഗ്ഗമില്ല. വിവേചനം ഒഴിവാക്കുന്ന രീതിയായിരുന്നു അവർ അവലംബിച്ചത്. അവസാനം കർത്താവ് മടങ്ങി വരുമ്പോൾ, "സഹജ ജന്തുക്കൾ," അല്ലെങ്കിൽ "ക്രൂര മൃഗങ്ങൾ" (കെജെവി) നശിച്ചുപോകും. അതേ സമയം, ദുരുപദേഷ്ടാക്കന്മാർ **ആ ജന്തുക്കളെ പോലെ നശിച്ചുപോകും**. അവർ സഭക്ക് കുഴപ്പം ഉണ്ടാക്കിയതിനാൽ അവരുടെ അന്ത്യം തീർച്ചയാണ്.

**വാക്യം 13.** നമുക്ക് എഴുതി കിട്ടിയിരിക്കുന്ന പുതിയനിയമ കയ്യെഴുത്തു പ്രതികളിൽ, ഈ വാക്യത്തിലെ ആരംഭ വാക്ക് വ്യത്യസ്തമായിട്ടാണ് കാണു ന്നത്. കെജെവിയിലെ വാക്ക് *കോമിയൗമെനോയി* തർജ്ജമ ചെയ്തിരിക്കു ന്നത് "അനീതിയുടെ കൂലി ലഭിക്കും" എന്നാണ്. നല്ല തെളിവുള്ള വാക്കാണ് *അഡികൗമെനോയി* എന്നാണ് മിക്ക വേദപുസ്തക പണ്ഡിതന്മാർ വിശ്വസി ക്കുന്നത്. രണ്ടാമത്തെ വായന പിൻപറ്റി എൻഏഎസ് ബി പറയുന്നത് ദുരുപ ദേഷ്ടാക്കന്മാർ **തെറ്റു ചെയ്തതിന്റെ ഫലമായിട്ടാണ് അവർ തെറ്റായി കഷ്ടം അനുഭവിക്കേണ്ടി വരുന്നത്** എന്നാണ്.[9] തെറ്റു ചെയ്തതിന്റെ കൂലിയായി തെറ്റായി കഷ്ടമേൽക്കുന്നത് രസകരമായ ആശയമാണ്. പാപം ചെയ്താൽ ഈലോകത്തിലായാലും രക്ഷയില്ല എന്ന തത്വമാണ് നമ്മെ പഠിപ്പിക്കുന്നത്.

മറ്റുള്ളവരുടെ ചെലവിൽ സുഖിക്കുവാൻ ആഗ്രഹിക്കുന്നവർക്ക്, സത്യ സന്ധത, വ്യക്തിപരമായ ആത്മാർത്ഥത, തത്വം എന്നിവ ഒന്നുമല്ല. അവർ തങ്ങളുടെ ജീവിതത്തിലെ തിരഞ്ഞെടുത്ത നല്ല സമയങ്ങളെ നഷ്ടപ്പെടുത്തു കയാണ്. മോശെയുടെ ന്യായപ്രമാണത്തിലെ ഏറ്റവും വാദിക്കപ്പെട്ട വേദഭാ ഗങ്ങളിൽ ഒന്നായിരുന്നു "... നിങ്ങളുടെ പാപഫലം നിങ്ങൾ അനുഭവിക്കും" (സംഖ്യ. 32:23). "പാപത്തിന് അതിന്റേതായ ശിക്ഷയുണ്ട്" എന്നായിരിക്കാം

ആ വാക്യം പറയുന്നനത്. പത്രൊസിന്റെ മനസിൽ അത് നീക്കം ചെയ്യുവാൻ കഴിയാത്തതായിരുന്നു. സുഖലോലുപതയുടെ നിയന്ത്രണത്തിൽനിന്ന് മോചിപ്പിക്കുവാൻ കഴിയാതെ വരുമ്പോൾ അത് ആളുകളെ കുഴപ്പത്തിലേക്കും നാശത്തിലേക്കും എത്തിക്കും. പാപം സ്വയം-നശിപ്പിക്കുന്നതാണ്. ദൈവം പരാമർശിക്കുന്നതോ വിലക്കിയിരിക്കുന്നതോ ആയ കാര്യങ്ങൾ നമ്മുടെ ജീവിതം തകർക്കുകയോ മരണത്തിലേക്ക് നമ്മെ തള്ളിവിടുകയോ ചെയ്തേക്കാം. നിഷേധമായി പറഞ്ഞാൽ, അനിയന്ത്രിതമായ ശക്തിയിൽനിന്നോ ചഞ്ചല പ്രകൃതിയുള്ള ദൈവത്തിൽനിന്നോ വരുന്നതല്ല പാപം. തെറ്റു ചെയ്യുന്ന ആളുകൾക്ക്, ഒരു ശിശുവിന്റെ ചിരിയിലോ, അല്ലെങ്കിൽ ഒരു ദയാപ്രവൃത്തിയിലോ സന്തോഷിക്കുവാൻ കഴിയുകയില്ല. സുഖത്തിന്റെ പുറകെ പോകുന്നവർ തങ്ങൾക്കും അവരുമായി ബന്ധപ്പെടുന്നവർക്കും കുഴപ്പം ഉണ്ടാക്കുന്നവരായിരിക്കും. അവർ “തെറ്റു ചെയ്ത് തെറ്റായി കഷ്ടം അനുഭവിക്കുന്നതിൽ” അതിശയിക്കുവാനില്ല.

ദുരുപദേഷ്ടാക്കന്മാർ അവർക്ക് തന്നെയല്ല കുഴപ്പം വരുത്തി വെക്കുന്നത്, അവർ ക്രിസ്തുവിന്റെ ശരീരത്തെ വഷളാക്കുവാനാണ് ശ്രമിക്കുന്നത്. അവർ ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ട ആളുകളുമായി **ചേർന്ന് വിരുന്നു കഴിഞ്ഞ് പുളെക്കുന്ന കറകളും കളങ്കങ്ങളും** ആകുന്നു. ദുരുപദേഷ്ടാക്കന്മാരെ പുറത്തുകാണിക്കുകയും അവരിൽനിന്നും വേർപെട്ടിരിക്കുകയും ചെയ്യുന്നതിൽ പരാജയപ്പെട്ടതിന് ഒരുപക്ഷെ പത്രൊസ് തന്റെ വായനക്കാരെ ശാസിക്കുകയാവാം ചെയ്തത്. ഗ്രീക്ക് മൂലഗ്രന്ഥവുമായി അർത്ഥത്തിൽ യോജിക്കുന്നതാണ് ആർഈഎബി വിവരിക്കുന്നത്. “അവരുടെ സുഖം എന്നത് പകൽ വെളിച്ചത്തിൽ മത്തരാകുന്നതുപോലെ ആണ്. അവർ നിങ്ങളോടു കൂടെ ഭക്ഷണത്തിന് ഇരിക്കുമ്പോൾ, നിങ്ങളുടെ സമ്പർക്കത്തിന് അവർ പുളെച്ച് ഒരു കറയായി തീരും.”

പകൽ വെളിച്ചത്തിൽ ചെയ്താലും ഇരുട്ടിൽ ചെയ്താലും പാപം പാപം തന്നെയാണ്, എന്നാൽ പകൽ വെളിച്ചത്തിൽ പാപം ചെയ്യുന്നവർ ലജ്ജയില്ലാത്തവരും കഠിനഹൃദയരുമാണ്. മദ്യപാനവും അതോടനുബന്ധിച്ചു ചെയ്യുന്ന എല്ലാ ദുഷ്ക്കർമ്മങ്ങളും ഇരുട്ടിന്റെ പ്രവൃത്തികളാണ് (1 തെസ്സ. 5:7). പാപത്തിന് നിഷേധവും ക്രിയാത്മകവുമായ വശമുണ്ട്. ഒരാൾ പാപത്തിൽ ജീവിക്കുന്നേടത്തോളം അയാൾ ലജ്ജിക്കപ്പെടും, അയാളുടെ അടുക്കൽ യേശുവിന്റെ സന്ദേശം എത്തിയേക്കാം. **പകൽ സമയത്ത് ഭോഗേഛയിൽ പുളെച്ചു മതിക്കുന്നവർ** തങ്ങളുടെ പിന്നിൽ ലജ്ജ വിട്ടിട്ടാണ് അവർ പോകുന്നത്. ഒരാളുടെ ലക്ഷ്യമനുസരിച്ച്, പാപത്തെ ഒളിച്ചുവെക്കുന്നത് പ്രത്യാശയുടെ ദീപസ്തംഭമോ അല്ലെങ്കിൽ കാപട്യത്തിന്റെ അടയാളമോ ആയിരിക്കാം. ഒരാൾ പാപത്തെ മറെച്ചു വെക്കുന്നത്, താൻ അതിൽ ലജ്ജിക്കുകയും മാറുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നതുകൊണ്ടാകാം. അയാൾക്ക് പ്രത്യാശയുണ്ട്. മറ്റൊരാൾ പാപത്തെ മറച്ചുവെക്കുന്നത്, താൻ ആരാണെന്ന് അറിയിക്കാതെ, അയാൾക്ക് മാന്യത നിലനിർത്തുവാനാണ്. അയാൾക്ക് കാപട്യക്കാരന്റെ കൂലിയാണ് ലഭിക്കുന്നത്.

എൻഏഎസ്ബി അടക്കമുള്ള പല തർജ്ജമകളിലും, ഈ വാക്യത്തിൽ രണ്ടാമത്തെ വ്യത്യാസം കാണാം. ചില കയ്യെഴുത്തുപ്രതികളിൽ “വഞ്ചനകൾ” (*അപാടായിസ്*) എന്നതിനു പകരം വായിക്കുന്നത്, “സ്നേഹസദ്യകൾ” (*അഗാപായിസ്*) എന്നാണ്. യൂദാ 12-ൽ വ്യക്തമായി വായിക്കുന്നത് രണ്ടാമത്തേതാണ്. ഈ വാക്യത്തിൽ നാം “വഞ്ചനകൾ” എന്ന വാക്ക് എടുത്താലും

പത്രൊസിന്റെ മനസിൽ പങ്കിടുന്ന ഭക്ഷണമായിരുന്നേക്കാം ഉണ്ടായിരുന്നത്. ആളുകളുടെ ഏറ്റവും-വലിയ ആഘോഷത്തിലും കൂട്ടായ്മയിലും മുഖ്യമായി കാണപ്പെടുന്നത് ആഹാരം പങ്കിടുന്നതാണ്. നിർഭാഗ്യവശാൽ ചിലപ്പോൾ അത്തരം കൂട്ടായ്മകൾ കശപിശയിൽ കലാശിക്കാറുണ്ട്. ഒരു വിധത്തിലുള്ള ദുർവ്വിനിയോഗത്തെ കുറിച്ച് പൗലൊസ് 1 കൊരിന്ത്യർ 11:20, 21-ൽ പറഞ്ഞിരിക്കുന്നു. പത്രൊസ് മറ്റൊന്നിനെ കുറിച്ചു പറയുന്നു. കർത്താവിനെ ബഹുമാനിക്കുന്നവരോടൊപ്പം തന്നിഷ്ടക്കാരും ദുഷ്ടരുമായ ആളുകൾ ഭക്ഷണത്തിനിരിക്കുന്ന സാഹചര്യം വന്നേക്കാം. അപ്പോൾ എല്ലാവരേയും ഒരേ ഗണത്തിൽ പെടുത്തുവാൻ സാധ്യതയുണ്ട്. പാപത്തെ എതിർക്കാതെ അതിനെ സ്വീകരിക്കുന്നത്, അതിനെ അംഗീകരിക്കുന്നതിനു തുല്യമാണ്. സഭയിൽ പാപത്തെ അനുവദിച്ചാൽ, ലോകത്തിന് വിശുദ്ധി കാണിച്ചുകൊടുക്കുവാൻ സഭക്ക് കഴിയാതെ വരും. ക്രിസ്തുവിനു പുറത്തുള്ളവർ അത് കണ്ട് ചിരിക്കുവാനിടയാകും; അവന്റെ ശരീരത്തിലെ വിശ്വാസത്തിൽ ബലഹീനരായവർ മനുഷ്യവിദ്വേഷികളായി തീരും, പാപം എങ്ങനെയായാലും മരണം കൊണ്ടുവരും.

**വാക്യം 14.** പത്രൊസ് ഈ ഭാഗത്ത് ചിലരെ “ദുരുപദേഷ്ടാക്കന്മാർ” എന്നു വിളിച്ചു എങ്കിലും, അവരുടെ പെരുമാറ്റവും സ്വഭാവവുമായിരുന്നു അല്ലാതെ ഉപദേശമായിരുന്നില്ല പത്രൊസ് എടുത്തു കാണിച്ചത്. അവർ തരംതാഴ്ന്നവരും, **വ്യഭിചാരിണികളെ കണ്ട് രസിക്കുകയും പാപം കണ്ട് തൃപ്തിപ്പെടാതിരിക്കുന്നവരുമായിരുന്നു.** തർജ്ജമ ഏതായാലും, അർത്ഥം അതാണെങ്കിലും അപ്പൊസ്തലൻ സാധാരണ “വ്യഭിചാരം” (*മോയിചെയിയാ*) എന്നതിനുള്ള വാക്കല്ല ഇവിടെ ഉപയോഗിച്ചത്. അക്ഷരികമായി അവൻ പറഞ്ഞത് അവർ “വ്യഭിചാരകണ്ണുകളുള്ളവർ” (*മോയിചാലിസ്*) ആയിരുന്നു എന്നാണ്.

പത്രൊസ് ഉപയോഗിച്ച വാക്ക് നാം ഗൗരവമായി എടുത്താൽ, ആ ഉപദേഷ്ടാക്കന്മാർക്ക് സ്ത്രീകളെ ലൈംഗിക വേഴ്ച്ചക്ക് ഉപയോഗിക്കുവാനുള്ള വസ്തുവായി മാത്രമെ കാണുവാൻ കഴിയുന്നുള്ളു എന്നാണ് പത്രൊസ് പറഞ്ഞത്. ഇന്ന് അശ്ലീല ചിത്രങ്ങൾ നിർമ്മിക്കുകയും അത് ആസ്വദിക്കുകയും ചെയ്യുന്നവർ, സ്ത്രീകളെ അർത്ഥവത്തായ ബന്ധമുള്ള വ്യക്തികളായിട്ടല്ല കാണുന്നത്. മറിച്ച്, ഉപയോഗിച്ച് തള്ളിക്കളയേണ്ട വസ്തുവായിട്ടാണ് കാണുന്നത്. അന്നത്തെ ദുരുപദേഷ്ടാക്കന്മാരെ പോലെ, ഇന്ന് ചിലർക്ക് സ്ത്രീകളെ സ്നേഹിച്ച്, അവരുടെ ആവശ്യങ്ങൾ നിറവേറ്റി, അവരുമായുള്ള ബന്ധം ശരിയായി കാണുവാൻ കഴിയുന്നില്ല. അവർ “പാപം കണ്ട് തൃപ്തിപ്പെടാത്തവർ” ആണ്.

അപേക്ഷിക്കുന്ന ഒരു സാഹചര്യമില്ലെങ്കിൽ, പാപം പരീക്ഷിക്കുകയില്ല. മിക്ക ആളുകൾക്കും, സ്ത്രീകൾക്കും പുരുഷന്മാർക്കും തങ്ങളുടെ ലൈംഗിക താൽപര്യം നിറവേറ്റുവാൻ അന്യോന്യം ആവശ്യപ്പെടും. **സ്ഥിരമല്ലാത്ത ദേഹികളെ** ആയിരുന്നു ദുരുപദഷ്ടാക്കന്മാർ വശീകരിച്ചിരുന്നത് എന്നത് ശ്രദ്ധിക്കുക. **വശീകരിക്കുക** എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് (*ഡെലീസോ*), പുതിയ നിയമത്തിൽ 2:18 ലും യാക്കൊബ് 1:14 ലും മാത്രമാണ്. “ചൂണ്ടയിൽ ഇര ഇട്ടു മീൻപിടിക്കുന്നതുപോലെ”, ആത്മിയമായി അപക്വതയുള്ളവരെയാണ് ദുരുപദേഷ്ടാക്കന്മാർ കെണിയിലാക്കുന്നത്. ഇത്തരത്തിൽ വശീകരിക്കപ്പെടുന്നവർ പിന്നീട് അതിൽനിന്നു മോചനം നേടുവാൻ കഴിയാത്ത വിധത്തിലാകുന്നു. അവരെ അത് “അർബ്ബുദ വ്യാധിപോലെ കാർന്നു തിന്നുകൊണ്ടിരിക്കും” (2 തിമൊ. 2:17), ചിലപ്പോൾ ക്രിസ്ത്യാനികൾ തലകു

ലുക്കി ആ പ്രശ്നത്തെ അവഗണിച്ചുകളയും. ക്രിസ്തുവിനെ പോലെയുള്ള ജീവിത മാതൃക സമൂഹത്തിന് നൽകുന്നതിന് പകരം, ദുർന്നടപ്പും പാപവും അനുവദിച്ചാൽ, തെറ്റിനെ മുദ്രവെച്ച് സഭ അംഗീകരിക്കുന്നു എന്ന കാഴ്ച്ചപ്പാടായിരിക്കും ലോകത്തിനുണ്ടാകുക.

ദുരുപദേഷ്ടാക്കന്മാർ മറ്റുവഴികളിലും തങ്ങളുടെ സ്വയം-സേവന സ്വഭാവം തെളിയിച്ചിരുന്നു. അവരുടെ **ഹൃദയങ്ങ**[ളിൽ] **ദ്രവ്യാഗ്രഹത്തിൽ-അഭ്യാസം** നടത്തിയവരായിരുന്നു. അളവു തൂക്കങ്ങൾ കണ്ടുപിടിച്ചതിനെ കുറിച്ച് ജോസെഫസ് പറഞ്ഞിരിക്കുന്നു. അവ തന്റെ കക്ഷികളിൽനിന്ന് ദ്രവ്യാഗ്രഹം പ്രതീക്ഷിച്ചാണ് ആളുകൾ ഉപയോഗിച്ചത്.[10] ക്രിസ്തുവിൽനിന്നകന്നുള്ള ദുരുപദേഷ്ടാക്കന്മാരുടെ ദ്രവ്യാഗ്രഹം അവരെ **ശപിക്കപ്പെട്ട മക്കളാക്കി** തീർത്തു. പുരാതന ലോകത്തെയും ആധുനിക ലോകത്തെയും ഒരേപോലെ ചൂഷണം ചെയ്യുന്നതും ദുർവ്വിനിയോഗം ചെയ്യുന്നതുമാണ് ലൈംഗികതയും, പണവും. "ജിംനാസിയം" എന്ന ഇംഗ്ലീഷ് വാക്ക് ഗ്രീക്ക് മൂല ഗ്രന്ഥത്തിൽ നിന്ന് തർജ്ജമ ചെയ്ത വാക്ക് "അഭ്യാസം" (*ജുംനാസോ*) എന്നാണ്. ദുരുപദേഷ്ടാക്കന്മാർ തങ്ങളെത്തന്നെ അഭ്യസിച്ചവരായിരുന്നു; അവർ തങ്ങളുടെ ആർത്തി ശമിപ്പിക്കുവാനായിരുന്നു ശ്രമിച്ചിരുന്നത്. അതിന് ഉപയോഗിച്ച മാർഗം ദ്രവ്യമായിരുന്നു.

**വാക്യം 15.** അവർ **നേർവഴി** വിട്ട് **തെറ്റിപ്പോയിരിക്കുന്നു** എന്ന് പത്രൊസ് പറഞ്ഞപ്പോൾ, ആ ദുരുപദേഷ്ടാക്കന്മാർ വിലയുള്ള ഉദ്ദേശവുമായി തുടങ്ങി. പക്ഷെ ഹുമനെയോസിനേയും അലെക്സന്തരുടേയും വിശ്വാസക്കപ്പൽ തകർന്നതുപോലെ അവരുടെ വിശ്വാസവും തകർന്നുപോയി (1 തിമൊ. 1:19, 20). സ്നാനത്തിൽ അവർ ക്രിസ്തുവിനെ ധരിച്ചിരുന്നു എങ്കിലും, പിന്നെ ഒരിക്കലും അവനെ കൈക്കൊള്ളാതിരിക്കുന്ന അവസ്ഥയിലേക്ക് തിരിഞ്ഞ് ജീവിക്കുവാൻ തുടങ്ങി. ജീവിതത്തിന് സ്ഥിരോൽസാഹം ആവശ്യമാണ്. എന്നാൽ ആ ദുരുപദേഷ്ടാക്കന്മാരിൽ ധനത്തിന്റെ വഞ്ചന വചനത്തെ ഞെരുക്കി കളയുവാൻ അനുവദിച്ചു (മത്താ. 13:22). അക്ഷരികമായി അവർ "നേർവഴി" വിട്ടുകളഞ്ഞു എന്നാണ് ഗ്രീക്കിൽ കൊടുത്തിരിക്കുന്നത്. ജീവങ്കലേക്ക് പോകുന്ന വാതിൽ ഇടുക്കവും ഞെരുക്കവും ആയത് എന്നാണ് കർത്താവ് പറഞ്ഞത് (മത്താ. 7:14). ദുരുപദേഷ്ടാക്കന്മാർ തിരഞ്ഞെടുത്തത് വിശാലമായ വഴിയാണ്. ദ്രവ്യാഗ്രഹത്താൽ അവർ ബെയോരിന്റെ മകൻ **ബിലെയാമിന്റെ വഴി തിരഞ്ഞെടുത്തു**. അത് തേയ്മാനം സംഭവിച്ച വഴിയായിരുന്നു.

സംഖ്യാപുസ്തകം 22 ലാണ് ബിലെയാമിന്റെ സംഭവം ആരംഭിക്കുന്നത്. മോവാബ് രാജാവായിരുന്ന ബാലാക്ക് മറച്ചുവെച്ചതായ യിസ്രായേൽ സൈന്യത്തെ ഭയപ്പെട്ടിരുന്നു. അവനെ പ്രവാചകനായിരുന്ന ബിലയാമിന്റെ അടുക്കലേക്ക് അയച്ചു യിസ്രായേലിനെ വന്നു ശപിക്കുവാൻ ആവശ്യപ്പെട്ടു. പക്ഷെ ദൈവത്തിന്റെ ആലോചന കൂടാതെ താൻ ഒന്നും പറയുകയില്ല എന്നതായിരുന്നു അവന്റെ നിലപാട്. താൻ അവരെ അനുഗ്രഹിച്ചിരിക്കുന്നു എന്നായിരുന്നു ദൈവം അവനോട് പറഞ്ഞത്; ബിലെയാം പോകരുതായിരുന്നു. അവിടെ സംഗതി തീർന്നു എന്നു തോന്നിയേക്കാം, എന്നാൽ ബാലാക്ക് കാര്യങ്ങളെ വിലയിരുത്തിയത് മറ്റൊരു വിധത്തിലായിരുന്നു. ആളുകളെ ഇളക്കുവാൻ എന്ത് ചെയ്യണമെന്ന് അവന് അറിയാമായിരുന്നു; പണവും ശക്തിയും. ബിലെയാം കൂടുതൽ നൽകുവാൻ തയ്യാറായി. പിന്നെ ബാലാക്ക് മുമ്പിലത്തേതിനേക്കാൾ പ്രശസ്തരായിരുന്ന സന്ദേശവാഹകരെ കൂടുതൽ വാഗ്ദനാവുമായി അയച്ചു.

പ്രവാചകന് "നിങ്ങൾക്ക് എന്റെ ഉത്തരം ലഭിച്ചതല്ലേ? ദൈവം എന്നോട് പോകരുത് എന്നാണ് പറഞ്ഞത്" എന്നു പറയാമായിരുന്നു, പകരം അവൻ ഇളകിപ്പോയി. ബിലയാം ഇപ്പോൾ സംപ്രീതനായിട്ടാണ് പ്രതികരിച്ചത്. പണം നല്ലതാണ് എന്നു അവൻ കണ്ടു. ഒരുപക്ഷെ അവന് ദൈവത്തെ സ്വാധീനിക്കുവാൻ കഴിഞ്ഞേക്കാം. അവൻ മറ്റൊരു ആവശ്യവുമായി പോയി. ദൈവം പറഞ്ഞു, "പൊയ്ക്കോൾക." പത്രൊസ് പറഞ്ഞ ദുരുപദേഷ്ടാക്കന്മാരെ പോലെ, ദ്രവ്യാഗ്രഹം ബിലെയാമിനെ കടന്നു പിടിച്ചു. മതത്തെ ഭൗതിക ലാഭത്തിനായി ഉപയോഗിക്കുന്നവരെപോലെ ആയി ബിലെയാമും.

മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ബിലെയാം ദുരുപദേഷ്ടാക്കന്മാരുടെ മാതൃകയായി തീർന്നു. യിസ്രായേലിനെ ശപിക്കുന്നതിൽ ബിലെയാം പരാജയപ്പെട്ടു. യിസ്രായേലിനെ മോവാബിന്റെ വഴിയായ വിഗ്രഹാരാധനയിലേക്ക് നയിക്കുവാൻ ബാലാക്കിന് കഴിഞ്ഞിരുന്നു എങ്കിൽ, ദൈവം അവരോട് കോപിക്കുമായിരുന്നു. ദൈവം അവരെ അനുഗ്രഹിച്ചതിനാൽ അവന് അതിനു കഴിഞ്ഞില്ല. ബിലെയാം മൊത്തത്തിൽ പരാജയപ്പെട്ടില്ല. ബാലാക്കിന് അവരെ വഴി തെറ്റിക്കുവാൻ കഴിഞ്ഞു. ബാലാക്ക് ബിലെയാമിന്റെ ഉപദേശം കേട്ടു. അതിന്റെ ഫലമായി, യിസ്രായേൽ പെയോരിലെ ബാലിന്റെ പാപത്തിൽ വീണുപോയി. അവരിൽ അനവധിപേർ മരിച്ചു (സംഖ്യാ. 25:1-9). പിന്നീട്, യുദ്ധത്തിൽ സ്ത്രീകളെ പിടിച്ച് യുദ്ധത്തിന്റെ നാശമായി സൂക്ഷിക്കുവാൻ ശ്രമിച്ചു, എന്നാൽ മോശെ തടഞ്ഞു, "ബിലെയാമിന്റെ ഉപദേശത്താൽ യിസ്രായേൽമക്കൾ യഹോവയോട് ദ്രോഹം ചെയ്തു" (സംഖ്യാ. 31:16). ലൈംഗിക ദുർന്നടപ്പിനാൽ യിസ്രായേലിനെ പരീക്ഷിക്കുന്നതിൽ ബിലെയാം വിജയിച്ചു. അവൻ ദ്രവ്യാഗ്രഹത്തിന്റേയും ലൈംഗിക അധാർമ്മികതയുടേയും പ്രതീകമായി മാറി. പത്രൊസ് അഭിമുഖീകരിച്ച ദുരുപദേഷ്ടാക്കന്മാരിലും ഈ രണ്ട് സ്വഭാവങ്ങൾ ഉണ്ടായിരുന്നു.

ബിലെയാം ആകർഷണിയ സ്വഭാവം ഉള്ളവനായിരുന്നു. അന്നുമുതൽ പുതിയനിയമ കാലം വരെ യിസ്രായേലിന്റെ ചർച്ച നടത്തുന്നവൻ എന്നാണ് അവൻ അറിയപ്പെട്ടത്; മിസ്രയിമിൽനിന്നു ദൈവം ഉടമ്പടി ചെയ്തു വിടുവിച്ചുകൊണ്ടുവന്നവരുടെ കൂട്ടത്തിൽ അവൻ പെട്ടിരുന്നില്ല; ബിലെയാം ഒരു യെഹൂദനായിരുന്നില്ല. എങ്കിലും, ബിലെയാം യഹോവയെ വിളിച്ചപേക്ഷിക്കുകയും, അവനെ യാഹ്വേ എന്നു വിളിക്കുകയും ചെയ്തു. യിസ്രായേലിന്റെ നിയമദാതാവ് എന്നായിരുന്നു യഹോവ അറിയപ്പെട്ടിരുന്നത്. യിസ്രായേലിനെ കൂടാതെ ബിലെയാമിനെ പോലെ എത്രപേർ യഹോവയായ സത്യദൈവത്തെ നമസ്ക്കരിച്ചിരുന്നു എന്നു ചിലർ സംശയിച്ചേക്കാം.

അവസാനം, ബിലെയാം അറിയപ്പെട്ടത് ദൈവത്തിന്റെ പ്രവാചകനായിട്ടായിരുന്നില്ല, മറിച്ച് തന്നെത്താൽ ഏറ്റവും ഉയർന്ന വിലക്ക് വിറ്റ ആൾ എന്നായിട്ടാണ് അറിയപ്പെട്ടത്. മിസ്രയിമിലെ അലെക്സന്തരിയക്കാരനായിരുന്ന ഫിലോ എന്ന, ഒന്നാം നൂറ്റാണ്ടിൽ ജിവിച്ചിരുന്ന ഒരു യെഹൂദൻ ബിലെയാമിന് സംഭവിച്ച തെറ്റിനെ കുറിച്ച് ബിലെയാമിന്റെ ഉള്ളിൽ നിന്നു വന്ന വാക്കുകളായി താഴെ പറയുന്ന പ്രസ്താവനകൾ നടത്തിയിരിക്കുന്നു.

> ഒരു മനുഷ്യനെ പോലെ ദൈവത്തിന് വ്യാജം സംസാരിക്കുവാൻ കഴിയുകയില്ല. മനുഷ്യ സന്തതിയെപോലെ തന്റെ പദ്ധതിക്ക് മാറ്റം വരുത്തുവാനും അവന് സാധ്യമല്ല. ദൈവം ഒരിക്കൽ ഒന്നു സംസാ

> രിച്ചാൽ, അവന് അതിൽ തന്നെ നിലനിൽക്കുവാൻ കഴിയുകയില്ലേ? മുഴുവനായി നിറവേറപ്പെടാത്ത ഒരു കാര്യവും അവൻ പറയുകയില്ല, കാരണം അവന്റെ വാക്കുകൾ തന്നെയാണ് പ്രവൃത്തികൾ. ഞാൻ ഈ ദേശത്ത് ആയിരിക്കുന്നത് അവരെ അനുഗ്രഹിക്കുവാനാണ്, അല്ലാതെ ശപിക്കുവാനല്ല.[11]

പെർഗമൊസിലുള്ള സഭയോട് യേശു പറഞ്ഞു,

> നിന്നെക്കുറിച്ച് കുറഞ്ഞോരു കുറ്റം പറവാനുണ്ട്; യിസ്രായേൽ മക്കൾ വിഗ്രഹാർപ്പിതം തിന്നേണ്ടതിന്നും ദുർന്നടപ്പ് ആചരിക്കേണ്ടതിന്നും അവരുടെ മുമ്പിൽ ഇടർച്ച വെപ്പാൻ ബാലാക്കിന്നു ഉപദേശിച്ചുകൊടുത്ത ബിലെയാമിന്റെ ഉപദേശം പിടിക്കുന്നവർ അവിടെ നിനക്കുണ്ട് (വെളി. 2:14).

**വാക്യം 16.** പത്രൊസ് 2:12 ൽ, ദുരുപദേഷ്ടാക്കന്മാരെ, ഊമകളായ, “വിവേചനാശക്തിയില്ലാത്ത മൃഗങ്ങളോടാണ്” താരതമ്യം ചെയ്തത്. ഇപ്പോൾ ഇവിടെ ചുരുങ്ങിയത് ഒരു ഊമയായ **കഴുതയോടാണ്** ബിലെയാം സംസാരിക്കുന്നത്, അത് ബിലെയാമിനേക്കാളും, അവന്റെ ആത്മിയ അവകാശികളെക്കാളും ബുദ്ധിയോടെയാണ് സംസാരിക്കുന്നത്. അടിക്കടി ഉപയോഗിക്കുന്ന ഒന്നാണ് ബിലെയാമും കഴുതയുമായുള്ള സംഭാഷണം. തലമുറകളായി കുട്ടികൾ ആ സംഭവം സണ്ഡേ സ്ക്കൂളിൽ പഠിച്ചുകൊണ്ടിരിക്കുകയാണ്. ഭോഗേഛയും നേട്ടവും ലക്ഷ്യമാക്കി ദൈവത്തിൽനിന്നും അകന്നു പോയ ആളുകളുടെ **വിഭ്രാന്തി** സൂചിപ്പിക്കുന്നതാണ് പത്രൊസിനെ സംബന്ധിച്ച് കഴുതയുടെ സംസാരം.

പാശ്ചാത്യ ലോകത്തെ അറിവുണ്ടാക്കുന്ന ചിലർക്ക് കഴുതയുടെ സംസാരം പ്രശ്നം ഉണ്ടാക്കുന്നുണ്ട്. പുതിയ നിയമകാലയളവിൽ ജീവിച്ചിരുന്ന ആളുകൾക്ക്, അവർ ജീവിച്ചിരുന്ന പാണ്ഡിത്യത്തിന്റെ ഭാഗമായിരുന്നു അത്. പുരാതന സാഹിത്യത്തിൽ, കഴുത സംസാരിക്കുന്നതിനേക്കാൾ സങ്കീർണ്ണവും അസാധാരണവുമായ സംഭവം കാണുവാൻ പ്രയാസമായിരിക്കും. ഗ്രീക്ക് സംസാരിച്ചിരുന്ന യെഹൂദ ചരിത്രകാരനായിരുന്ന ജോസെഫസ്, ഒരു പശുവിനെ യാഗം കഴിപ്പാനായി കൊണ്ടുവന്നപ്പോൾ അത് ഒരു ആട്ടിൻ കുട്ടിയെ പ്രസവിച്ച സംഭവം വിവരിക്കുന്നു.[12] ചരിത്രകാരൻ ആ സംഭവത്തെ മുഖവിലയുള്ളതായിട്ടാണ് അവതരിപ്പിച്ചത്.

## നാശത്തിന്റെ അടിമകളായിരിക്കെ സ്വാതന്ത്ര്യം വാഗ്ദത്തം ചെയ്യുന്നു (2:17-22)

**[17]അവർ വെള്ളമില്ലാത്ത കിണറുകളും കൊടുങ്കാറ്റുകൊണ്ട് ഓടുന്ന മേഘങ്ങളും ആകുന്നു; അവർക്ക് കൂരിരുട്ട് സംഗ്രഹിച്ചിരിക്കുന്നു. [18]വഴി തെറ്റി നടക്കുന്നവരോട് ഇപ്പോൾ അകന്നുവന്നവരെ ഇവർ വമ്പ് പറഞ്ഞു ദുഷ്ക്കാമവൃത്തികളാൽ കാമഭോഗങ്ങളിൽ കുടുക്കുന്നു. [19]തങ്ങൾ തന്നെ നാശത്തിന്റെ അടിമകളായിരിക്കെ മറ്റവർക്കും സ്വാതന്ത്ര്യത്തെ വാഗ്ദത്തം ചെയ്യുന്നു. ഒരുത്തൻ ഏതിനോട് തോൽക്കുന്നുവോ അതിന്നു അടിമപ്പെ**

**ട്ടിരിക്കുന്നു. [20]കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്താൽ ലോകത്തിന്റെ മാലിന്യം വിട്ടോടിയവർ അതിൽ വീണ്ടും കുടുങ്ങി തോറ്റുപോയാൽ, അവരുടെ ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിനേക്കാൾ വഷളായിപോയി. [21]തങ്ങൾക്ക് ഏൽപിച്ചു കിട്ടിയതായ വിശുദ്ധ കൽപനയെ നീതിയുടെ വഴി അറിഞ്ഞശേഷം വിട്ടുകളയുന്നതിനേക്കാൾ അത് അറിയാതിരിക്കുന്നത് അവർക്ക് നന്നായിരുന്നു. [22]എന്നാൽ സ്വന്ത ഛർദ്ദിക്ക് തിരിഞ്ഞ നായെന്നും കുളിച്ചിട്ട് ചളിയിൽ ഉരുളുവാൻ തിരിഞ്ഞ പന്നിയെന്നും സത്യമായ പഴഞ്ചൊല്ല് പോലെ അവർക്ക് സംഭവിച്ചു.**

ദുരുപദേഷ്ടാക്കന്മാർക്ക് എതിരെയുള്ള ആക്രമണം അപ്പൊസ്തലൻ പുതുക്കിക്കൊണ്ടിരുന്നു. ക്രിസ്തുവിലേക്ക് പരിവർത്തനം ചെയ്തു വന്ന പുതിയ സൃഷ്ടികളെ ദുരുപദേഷ്ടാക്കന്മാർ എങ്ങനെ സ്വാധീനിക്കുമെന്നതിനെകുറിച്ചായിരുന്നു പത്രൊസിന്റെ ആശങ്ക. ആ ദുരുപദേഷ്ടാക്കന്മാർ പുതുതായി ക്രിസ്ത്യാനികളായി തീർന്നവരെ അവർ ആദ്യം ക്രിസ്തുവിൽ നിന്നു കേട്ടതിൽനിന്നു വ്യത്യസ്തരായി ഏറ്റവും മോശമായ അവസ്ഥയിലേക്ക് നയിക്കുവാനാണ് ശ്രമിച്ചത്. ഈ വാക്യങ്ങളിൽ ദുരുപദേഷ്ടാക്കന്മാരെ സംബന്ധിച്ച ഉൾക്കാഴ്ച്ചയാണ് അപ്പൊസ്തലൻ നൽകിയത്. അവരുടെ വിഷയം സ്പഷ്ടമായും സ്വാതന്ത്ര്യമായിരുന്നു-ധാർമ്മിക നിയന്ത്രണങ്ങളിൽനിന്നും ന്യായപ്രമാണത്തിൽനിന്നുമുള്ള സ്വാതന്ത്ര്യം. സ്വാതന്ത്ര്യം നൽകുന്നതിനു പകരം, അവർ തങ്ങളുടെ പെരുമാറ്റത്തിൽ അടിമയാക്കുവാനാണ് ശ്രമിച്ചത്. അവരുടെ ജീവിതത്തിൽ, ക്രിസ്തുവിനെ യജമാനനാക്കുന്നതിനു പകരം പാപത്തിന് തങ്ങളെത്തന്നെ അടിമയാക്കുകയായിരുന്നു.

**വാക്യം 17.** കനാൻ ദേശത്തും അടുത്ത് കിഴക്കൻ പ്രദേശത്തും ജലദൗർല്ലഭ്യം ഏർപ്പെട്ടപ്പോഴത്തെ സംഭവമാണ് ഈ വാക്യം നമ്മെ ഓർമ്മിപ്പിക്കുന്നത്. ധാരാളം നീരുറവകളെ ബൈബിൾ പലപ്പോഴും ചൂണ്ടി കാണിക്കുന്നു. ശലോമോനെ യിസ്രായേലിന്റെ രാജാവായി അഭിഷേകം ചെയ്തത് യെരുശലേം മതിലിനു പുറത്തുള്ള കിദ്രോൻ താഴ്വരയിലെ ഗിബോൺ ഉറവയിലായിരുന്നു (1 രാജാ. 1:33–35). മതിലുകൾക്കുള്ളിൽ വെള്ളം എത്തിക്കുവാനായി ഹെസെക്കിയാവിന്റെ കാലത്ത് ഒരു ഗുഹ പണിയിപ്പിച്ച് ഉറവകളിൽനിന്ന് വെള്ളം പ്രവഹിപ്പിച്ച് ഒരു കുളത്തിൽ ശേഖരിച്ചാണ് ജലവിതരണം നടത്തിയത്, ആ കുളമായിരുന്നു പിൽക്കാലത്ത് ശിലോഹോം കുളമായി തീർന്നത് (2 രാജാ. 20:20; 2 ദിന. 32:30). മഴക്കാലത്ത് നീരുറവയിൽനിന്ന് വെള്ളം ഒഴുകിപ്പോകുകയും, വരണ്ട കാലാവസ്ഥയിൽ ഉപയോഗരഹിതമായ പ്രദേശമായി തീരുകയും ചെയ്തിരുന്നു. **വെള്ളമില്ലാത്ത കിണറുകളും കൊടുങ്കാറ്റുകൊണ്ട് ഓടുന്ന മഞ്ഞുമേഘങ്ങളും പോലെ**, ദുരുപദേഷ്ടാക്കന്മാർക്ക് ധാരാളം വാഗ്ദാനങ്ങൾ നൽകുവാൻ കഴിഞ്ഞു, പക്ഷെ അതൊന്നും പാലിക്കുവാൻ അവർക്ക് കഴിഞ്ഞില്ല.

പത്രൊസ് തന്റെ അലങ്കാരപ്രയോഗത്തിന് അൽപം മാറ്റം വരുത്തിക്കൊണ്ടാണ് “കൊടുങ്കാറ്റുകൊണ്ട് ഓടുന്ന മഞ്ഞുമേഘങ്ങൾ” എന്നു പറഞ്ഞത്. പടിഞ്ഞാറൻ കാറ്റിൽ ഓടുന്ന മഞ്ഞുമേഘങ്ങൾ പോലെയായിരുന്നു ദുരുപദേഷ്ടാക്കന്മാർ, മഴ വാഗ്ദാനം ചെയ്യും പക്ഷെ പകലിൽ അവയെ തുരത്തിക്കളയും. ആദ്യം തന്നെ അവരുടെ ഉദ്യമത്തിലെ മൗഢ്യത്തെ കാണിക്കുന്നതാണ് രണ്ട് ചിത്രീകരണങ്ങളും. അത്ഭുതാവഹമായ പ്രകടനങ്ങൾ കാണിക്കുവാൻ

കഴിവുള്ളവരായിരുന്നു ദുരുപദേഷ്ടാക്കന്മാർ; ബോധ്യപ്പെടുത്താവുന്ന വാക്കുകളും വിജയമാർഗവുമായിട്ടാണ് അവർ വരുന്നത്. ആ പുറമെ-ചായം പൂശുന്ന വാക്കുകളുമായി വരുന്ന ഉപദേഷ്ടാക്കന്മാരുടെ മൃദുസമീപനത്തിൽ ക്രിസ്ത്യാനികൾ കുടുങ്ങിയേക്കാം. ക്രിസ്തുവിന്റെ അനുയായികൾ നല്ലവ രാകുവാനാണ് ശീലിച്ചത്. അതുകൊണ്ട് അവർ വിശ്വസിക്കുവാനും വിശ്വസി ക്കപ്പെടുവാനും ആഗ്രഹിക്കുന്നു.

ദൈവരാജ്യത്തിന്റെ മഹത്തായ ആശയം എല്ലാവർക്കും സമാധാന-ജീവിതം വേണമെന്നു ആഗ്രഹിച്ച് എല്ലാവരെ കുറിച്ചും ചിന്തിക്കുകയും ചെയ്യുന്നു എന്നതാണ്, എന്നാൽ ചില സന്ദർഭങ്ങളിൽ ക്രിസ്ത്യാനികൾ നെറ്റി ചുളുക്കി ചില ചോദ്യങ്ങൾ ചോദിക്കേണ്ടിവരും എന്നതും പരമാർത്ഥ മാണ്. യോഹന്നാൻ എഴുതി, "പ്രിയമുള്ളവരേ, കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്ക് പുറപ്പെട്ടിരിക്കയാൽ ഏത് ആത്മാവിനേയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽനിന്നുള്ളവയോ എന്നു ശോധന ചെയ്വിൻ" (1 യോഹ. 4:1). പൗലൊസ് മുന്നറിയിച്ചു, "ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചുകളവാനായി വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽനിന്നു എഴുന്നേൽക്കും" (പ്രവൃ. 20:30). പാപം ചെയ്ത ദൂതന്മാരെ അന്ധ തമസിന്റെ ചങ്ങലയിൽ ഇട്ടിരിക്കുകയാണ് (2:4). അവസാനം, ദൂരുപദേഷ്ടാക്കന്മാരെ **സൂക്ഷിക്കപ്പെട്ട അന്ധകാരത്തിലേക്ക് തള്ളിക്കളയും,** അതേ സമയം പുതിയ സന്ദേശവുമായി ക്രിസ്ത്യാനികളെ തെറ്റിക്കുന്നവർക്ക് ന്യായവിധിയും നീക്കി വെച്ചിരിക്കുന്നു. ആദ്യപ്രതീതിയനുസരിച്ച് അവർക്ക് ന്യായവിധി ഒഴിഞ്ഞുപോകയില്ല. നീരുറവയിലെ ജലം മഴക്കാലത്ത് ഒഴുകി പോകുന്നതുപോലെയും കൊടുങ്കാറ്റിൽ ഓടിപ്പോകുന്ന മഞ്ഞുമഘങ്ങൾ പോ ലെയും വാഗ്ദാനങ്ങൾ ഭയങ്കര നാശത്തിനായി വിട്ടുവീഴ്ച്ച ചെയ്തുപോകും.

**വാക്യം 18.** ഫലപ്രദമായ ഒരു പ്രാസംഗികൻ സഭക്ക് അനുഗ്രഹമാണ്, എന്നാൽ ദുരുപദേഷ്ടാക്കന്മാരായവർ അവരുടെ വാക്ചാതുര്യത്താൽ ആളുകളെ സത്യത്തിൽനിന്നു വ്യതിചലിപ്പിച്ചേക്കാം. പ്രീതിപ്പെടുത്തുന്ന സംസാരശൈലിയുമായി, നിയന്ത്രണങ്ങളെ അവർ വലിച്ചെറിയുന്ന സമീപനം പലരേയും വശീകരിക്കുന്നതായിരിക്കും. ദുരുപദേഷ്ടാക്കന്മാർ **അധികാരഭാ വത്തോടെ ശൂന്യമായ വാക്കുകളായിരിക്കും സംസാരിക്കുന്നത്**. "വശീകരി ക്കുക" എന്ന വാക്ക് തന്നെയാണ് 2:14 ൽ കൊടുത്തിരിക്കുന്നത്. ചൂണ്ടയിൽ ഇര കൊളുത്തുന്ന അർത്ഥമാണ് ഗ്രീക്കിൽ ഉള്ളത്. ഒറ്റനോട്ടത്തിൽ, എന്നാൽ പിന്നീട് അത് മരണത്തിലേക്ക് നയിക്കുന്നതായി മാറുവാൻ സാധ്യതയുണ്ട്.

പത്രൊസിന്റെ വാക്കുകൾ വർണ്ണാഭവും അപൂർവ്വവുമായിരുന്നു. അവ യിൽ ചിലത് പുതിയ നിയമത്തിൽ മറ്റുഭാഗങ്ങളിൽ ഒന്നും കാണുകയുമില്ല. "സംസാരിക്കൽ" (*ഫ്ത്തെൻഗോമായി*) ബിലെയാമിന്റെ കഴുത സംസാരിക്കു ന്നതിനെ കുറിച്ച് പറയുന്നതിന് ഉപയോഗിച്ചിരുന്നു (2:16). പുതിയ നിയമത്തിൽ അത് വേറെ ഉപയോഗിച്ചിരിക്കുന്നത് പ്രവൃത്തികൾ 4:18-ൽ മാത്രമാണ്. അത് സാധാരണ ഉച്ചത്തിൽ വാമൊഴിയായി സംസാരിക്കുന്ന അർത്ഥമാണ് സൂചി പ്പിക്കുന്നത്. ദുരുപദേഷ്ടാക്കന്മാരുടെ വാക്കുകൾ "ധാർഷ്ട്യമുള്ളതാണ്" (*ഹൂപെറോൺകോസ്*) എന്ന് പത്രൊസ് വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു. അനുപാതം ഇല്ലാതെ വീങ്ങി നിൽക്കുന്ന അവസ്ഥയെയാണ് നാമവിശേഷണം വിവരിക്കുന്നത്. അവരുടെ വാക്കുകൾ ഒരേസമയത്ത് ഗംഭീരഭാവമുള്ളതും വിലയില്ലാത്തതുമാകുന്നു.

ക്രിസ്തുവിൽ പക്വതയുള്ളവർ ദുരുപദേഷ്ടാക്കളെ അവർ ആരാണെന്ന് തിരിച്ചറിയും, കാരണം അവരുടെ അപേക്ഷ "ജഡിക ഇഛകളിലേക്കും" **ഭോഗേഛയിലേക്കും** നയിക്കുന്നതാണ്; ആ ഉപദേഷ്ടാക്കന്മാർ, തെറ്റിൽ അകപ്പെട്ടവരുടെ ജീവിതത്തിൽ നിന്ന് **കഷ്ടിച്ച് രക്ഷപ്പെട്ട**[വരെ] **വശീകരിച്ച് കെണിയിൽ അകപ്പെടുത്തുകയാണ്** ചെയ്യുന്നത്. ഈ വാചകത്തിലെ "ഭോഗേഛ" എങ്ങനെ പ്രവർത്തിക്കുന്നു എന്നു അറിയുക പ്രയാസമാണ്. പുതിയ പരിവർത്തകരെ ഒരുപക്ഷെ "ജഡിക ഇഛയാലും" "ഭോഗേഛയാലും" ആയിരിക്കാം പുതിയ വിശ്വാസികളെ ആകർഷിച്ച് വശീകരിക്കുന്നത്. നേരെ മറിച്ച് പത്രൊസ് പറയുന്നതിന്റെ അർത്ഥം ദുരുപദേഷ്ടാക്കന്മാരുടെ "ഭോഗേഛ" യാലായിരിക്കാം ആളുകളെ വശീകരിക്കുന്നത് എന്നാകാം. ഇത്രയും വളരെ വ്യക്തമാണ്: വിശ്വാസത്തിൽ അനുഭവക്കുറവുള്ള പുരാതനലോകത്തുള്ളവരും ആധുനികലോകത്തുള്ളവരും പ്രത്യേകിച്ച് വൈകാരികമായി ദുരുപദേശത്തിന് വശംവദരാകുന്നതിനാൽ അവർ അവരെ ഇരയാക്കും.

**വാക്യം 19.** തന്നെ എതിർക്കുന്നവരായി പത്രൊസ് വിവരിച്ചത് രണ്ടാം-നൂറ്റാണ്ടിലെ നോസ്റ്റിസിസം ആയിരുന്നു എന്ന് വ്യാഖ്യാനങ്ങളിൽ വായിക്കുവാൻ കഴിയും. ഈ സാഹചര്യത്തിൽ പരിശോധിച്ചാൽ തീരാത്ത വിപുലമായ ഒരു വ്യവസ്ഥയായിരുന്നു നോസ്റ്റിസിസം എന്നത്.[13] ധാർമ്മിക നിയന്ത്രണങ്ങളിൽനിന്നുള്ള മോചനം വാഗ്ദാനം ചെയ്തവരായിരുന്നു നോസ്റ്റിക്കുകാർ എന്നത് വാസ്തവമാണ്, പക്ഷെ പത്രൊസ് പറഞ്ഞതായ സ്വാതന്ത്ര്യത്തിൽനിന്ന് വളരെ അകലെ പോകുന്ന തെളിവുകൾക്കപ്പുറമായിരുന്നു ദുരുപദേഷ്ടാക്കന്മാരുടേത്. നാം *മുഖവുരയിൽ* പറഞ്ഞതുപോലെ, 2 പത്രൊസിന്റെ ലേഖനവും യൂദയുടെ ലേഖനവും വരുന്നത് യെഹൂദ-ക്രിസ്തീയ പശ്ചാത്തലത്തിൽനിന്നായിരുന്നു എങ്കിൽ, പാലസ്തീൻ സുറിയ എന്നിവിടങ്ങളിലെ ജീവിത ശൈലി അന്നത്തെ യെഹൂദ ക്രിസ്ത്യാനിത്വത്തിൽ, ഏ. ഡി. 66-70 ലെ യെഹൂദ യുദ്ധം നടക്കുന്നതുവരെ കാണാം.

പൗലൊസ് ദമസ്ക്കൊസിലേക്ക് യാത്ര ചെയ്തത് യെഹൂദന്മാർ വിശ്വാസികളായി തീർന്നത് മനസിലാക്കുവാനായിരുന്നു (പ്രവൃ. 9:1, 2), ആരംഭത്തിൽ തന്നെ ക്രിസ്തീയ സന്ദേശം ആ പ്രദേശങ്ങളിലേക്ക് എത്തിയിരുന്നു എന്നാണ് അത് സൂചിപ്പിക്കുന്നത്. കൂടാതെ, യാക്കൊബിന്നും, യെഹൂദക്രിസ്ത്യാനിത്വത്തിനും, സുറിയക്കും നാഗ് ഹമതിയുടെ പുസ്തകങ്ങളിൽ പറയുന്ന നോസ്റ്റിസത്തിനും തമ്മിൽ ബന്ധമുണ്ടായിരുന്നു.[14] ക്രിസ്ത്യാനിത്വം ആരംഭിച്ച് ഏതാനും ദശാബ്ദങ്ങൾ കഴിഞ്ഞപ്പോൾ, ന്യായപ്രമാണ കൽപനകളിൽനിന്നു സ്വതന്ത്രരായി എന്ന് കണക്കാക്കിയിരുന്നവർ പരിഛേദനയും ന്യായപ്രമാണത്തിലെ ഉൽസവങ്ങളും ഒഴിവാക്കി സുറിയ/പാലസ്തീൻ എന്നിവിടങ്ങളിലെ യെഹൂദക്രിസ്ത്യാനികൾ സ്വാതന്ത്ര്യം ഉപദേശിക്കുന്നവരായി. അന്ന് നിലവിലുണ്ടായിരുന്ന അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവരുടെ സ്വാധീനം അവരിൽ ഉണ്ടായിരുന്നേക്കാം. ക്രമേണ അവരുടെ ഉപദേശം നോസ്റ്റിസത്തെ വളർത്തുന്നതായിരുന്നു. പക്ഷെ പത്രൊസ് എഴുതിയ സമയത്ത് നോസ്റ്റിസ വ്യവസ്ഥ ആരംഭിക്കുന്നതേ ഉണ്ടായിരുന്നുള്ളു.

**സ്വാതന്ത്ര്യം വാഗ്ദാനം ചെയ്തുകൊണ്ടായിരുന്നു** ദുരുപദേഷ്ടാക്കന്മാർ പുതിയ ക്രിസ്ത്യാനികളെ വശീകരിച്ചത്. "സ്വാതന്ത്ര്യം" പുതിയ നിയമത്തിലെ മുഖ്യവിഷയമാണ്. തന്റെ ആളുകളെ സ്വതന്ത്രമാക്കുന്നത് സത്യമാണെന്ന് യേശു പറഞ്ഞു (യോഹ. 8:32, 33). പൗലൊസ് ധൈര്യമായി

പറഞ്ഞു, “സ്വാതന്ത്ര്യത്തിനായി ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി” (ഗലാ. 5:1). ശക്തി ചെലുത്തി ദാസ്യപ്രവൃത്തി ചെയ്യിച്ചേക്കാം, എന്നാൽ ആ വിധത്തിൽ മാത്രമല്ല ആളുകളുടെ സ്വാതന്ത്ര്യം നഷ്ടമാക്കുന്നത്. ചിലർ അജ്ഞതയാൽ അടിമയായി തീരും, മറ്റുള്ള ചിലർ കൃത്രിമ നിയമാവലികളാൽ അടിമകളായി തീരുന്നു, വേറെ ചിലർ, ജഢിക ഇഛയാൽ സ്വയം-അതിൽ ഏർപ്പെടുകയും ചെയ്യും. “സ്വാതന്ത്ര്യം” വാഗ്ദാനം ചെയ്യുന്ന അതേ ഉപദേഷ്ടാക്കന്മാർ **വഷളത്വത്തിന്ന് ... അടിമകളാണ്** എന്നത്രെ പത്രൊസ് പറഞ്ഞത്.

വിസ്മയാവഹവും മനശാസ്ത്രവുമായ ഉൾക്കാഴ്ച്ചയാണ് പത്രൊസ് തന്റെ വായനക്കാർക്ക് നൽകുന്നത്: **മനുഷ്യൻ ഏതിനോട് തോൽക്കുന്നുവോ അതിന്ന് അടിമയായി തീരുന്നു.** പാപത്തിന്റെ ആസക്തിയിൽ ആണ്ടുപോയ വരെ മനസിൽ കണ്ടുകൊണ്ടാണ് പത്രൊസ് പറയുന്നത്. ലൈംഗിക അധി കാരപത്രവും അടിമയാക്കിയേക്കാം. ഭദ്രമായ കുടുംബം, കുട്ടികൾ പ്രായ പൂർത്തിയാകുന്നത് കാണൽ എന്നിവ കവർന്നെടുത്തുകളയുന്നതാണ് മുൻപ റഞ്ഞ കാര്യം. ചില ആളുകൾ തങ്ങളുടെ ലൈംഗിക ആസക്തി നിമിത്തം അവരുടെ ജീവിത വഴി തന്നെ വ്യതിചലിച്ചിട്ടുണ്ട്. അവർ പുറത്തു കടക്കു വാൻ ആഗ്രഹിക്കുമ്പോൾ, കുടുക്കിൽ അകപ്പെട്ട് പിന്നീട് അതിൽനിന്നു പുറത്തു കടക്കുവാൻ കഴിയാതെ വരുന്നു. അതേ രീതിയിലുള്ളവയാണ്, ദ്രവ്യാഗ്രഹം, ലഹരി അല്ലെങ്കിൽ മയക്ക് മരുന്ന്, കയ്പ് തുടങ്ങിയവ. നന്മ ക്കും, സന്തോഷത്തിനും, ജീവിത സാക്ഷാത്കാരത്തിനും വേണ്ടിയാണ് യേശു നിയന്ത്രണങ്ങൾ നൽകിയത്.

**വാക്യം 20.** ക്രിസ്തുവിൽ ആയി തീർന്ന പുതിയ ക്രിസ്ത്യാനികളിൽ ദു രുപദേഷ്ടാക്കന്മാർ എങ്ങനെയെല്ലാം സ്വധീനിക്കും എന്നത് പത്രൊസ് തുടരു കയാണ്. **ലോകത്തിന്റെ മാലിന്യം വിട്ടോടിയവർ** വീണ്ടും **അതിൽ കുടുങ്ങി യാൽ** എന്ന പ്രയോഗത്തിലെ സർവ്വനാമങ്ങൾ വ്യക്തമാക്കുന്നത് ഒന്നുകിൽ ദുരുപദേഷ്ടാക്കന്മാരോ അല്ലെങ്കിൽ ആത്മിയമായി അപകടരായിരുന്നവരോ ആയിരിക്കാം. അപ്പൊസ്തലൻ പറഞ്ഞത്, തെറ്റിപ്പോയവരേയും, മൽസരത്തിൽ തൃപ്തി കണ്ടെത്തിയവരെയും, പുതിയ ക്രിസ്ത്യാനികൾ ആയിട്ട് നഷ്ടപ്പെട്ട വരേയും തെറ്റായി പഠിപ്പിച്ചവരേയും സംബന്ധിച്ച്, അവരുടെ **ഒടുവിലത്തെ** [സ്ഥിതി] **ആദ്യത്തേതിനേക്കാൾ** വഷളായി പോയി. എങ്ങനെയായാലും, ഈ വാക്യം ഒരു മുന്നറിയിപ്പ് നൽകുകയാണ്: അത് ഉത്ക്കണ്ഠ പ്രകടമാക്കു ന്നു. ദുരുപദേഷ്ടാക്കന്മാർക്ക്, ഈ മുന്നറിയിപ്പ് താമസിച്ചു പോയിരിക്കുന്നു. അവരെ “നശിപ്പിക്കും” (2:12). അവർ “കറകളും കളങ്കങ്ങളും ... ശപിക്കപ്പെട്ട മക്കളും ആകുന്നു” (2:13, 14). ഈ വാക്യത്തിലെ മുന്നറിയിപ്പ് “സ്ഥിരമല്ലാത്ത ദേഹികൾക്ക്” ഉള്ളതാണ് (2:14) പ്രത്യേകിച്ച് പുതിയ പരിവർത്തകർക്ക്. ഈ ക്രിസ്ത്യാനികൾ അപ്പൊസ്തലന്മാരെ എതിർത്ത ദുരുപദേഷ്ടാക്കന്മാരെ പിൻപറ്റിയാൽ, അവരുടെ ഒടുവിലത്തെ സ്ഥിതി സുവിശേഷം കേട്ട അവ സരത്തേക്കാൾ വഷളാകുമെന്നാണ് മുന്നറിയിച്ചത്.

പത്രൊസിന്, ക്രിസ്ത്യാനിയായി തീരുക എന്നാൽ **ലോകത്തിന്റെ മാലിന്യം** വിട്ടോടുക എന്നാണ് അർത്ഥം. “മാലിന്യം” എന്ന വാക്ക് തർജ്ജമ ചെയ്തത് (*മിയാസ്മാ*) പുതിയ നിയമത്തിൽ ഇവിടെ മാത്രമാണ് ഉള്ളത്. ആ വാക്ക് ധാർമ്മികവും, ലജ്ജാകരവും, നാശകരവുമായതും, സ്വയം നശിക്കു കയും മറ്റുള്ളവരെ നശിപ്പിക്കുകയും ചെയ്യുന്ന പ്രവൃത്തിയെയാണ് കാണിക്കു ന്നത്. “ലോകം” എന്നത് വഷളത്വത്തിലേക്ക് നീങ്ങുന്ന ബഹുഭൂരിപക്ഷം ആളു

കളുടേയും പൊതുവിലുള്ള സ്വഭാവത്തെയും സൂചിപ്പിക്കുകയാണ്. ലോകത്തിന്റെ ഗതി ദൈവസന്നിധിയിൽ ദുഃഖപാത്രവും നിന്ദാപാത്രവുമാക്കുന്നതാണ്. സ്വാർത്ഥതയിലൂന്നി ആത്മാവിനെ കാണുന്നവരുടെ ജീവിതകാലയളവ് നാശത്തിലേക്ക് നയിക്കുന്നതാണ്. ഒരാൾ ക്രിസ്തുവിനെ കേൾക്കുമ്പോൾ, കർത്താവ് ആ വ്യക്തിയെ പാപത്തിന്റെ ചെളിക്കുണ്ടിൽനിന്നു കയറ്റുവാൻ ആഗ്രഹിക്കുന്നു. അയാളെ ദൈവത്തോട് നിരപ്പിക്കുന്നു; അങ്ങനെ നാശകരമായ വഴിയിൽനിന്ന് അയാൾ രക്ഷപ്പെടുന്നു, വഞ്ചനയും വഷളത്വവും അയാളുടെ വിശുദ്ധി ഇല്ലാതാക്കുന്നു. അതിന്റെ ലജ്ജ ക്രിസ്തുവിൽ ആകുമ്പോൾ നീങ്ങി പോകുന്നു.

**രക്ഷകനായ യേശുക്രിസ്തുവിന്റെ പരിജ്ഞാനം മുഖാന്തരമാണ്** നാം ലോകത്തിന്റെ മാലിന്യം വിട്ടോടുന്നത്. പത്രൊസും മറ്റു ദൃക്സാക്ഷികളായിരുന്ന അപ്പൊസ്തലന്മാരും അവതരിപ്പിച്ച സന്ദേശം "പരിജ്ഞാനം" ആയിരുന്നു, അതിന്റെ ഉറവിടം ക്രിസ്തുവിൽ ആയിരുന്നു. മറ്റുള്ളവരും പരിജ്ഞാനം അവകാശപ്പെട്ടിരുന്നു, പക്ഷെ അവരുടെ പരിജ്ഞാനം സ്വയം-സേവിക്കുന്നതായിരുന്നു. യോഹന്നാന്റെ വാക്കുകളിലായിരിക്കണം വിശ്വാസികൾ, "ആത്മാക്കളെ പരിശോധിക്കണം" (1 യോഹ. 4:1). ഒരു ഗുരുവിൽനിന്ന് കേട്ട് പഠിക്കുവാൻ ഒരു സമയം ഉണ്ട്. എന്നാൽ കേൾക്കുന്നത് പരിശോധിക്കാതിരിക്കുന്നവരെ ഒരിക്കൽ വിട്ടുപോന്നതിൽ "വീണ്ടും അകപ്പെടുത്തുവാനും" ഒരിക്കൽ വിട്ടുകളഞ്ഞ മാലിന്യത്തിൽ പിന്നെയും **കുടുങ്ങുവാനും** സാധ്യതയുണ്ട്. ലോകത്തിൽനിന്നു ക്രിസ്തുവിന്റെ വഴിയിലേക്ക് മാറിയവർ ഉടനെ ദുരുപദേഷ്ടാക്കന്മാരുടെ ചതിയിൽ അകപ്പെട്ട് വീണുപോകുവാനിടയുണ്ട്, പ്രത്യേകിച്ച്, ആവശ്യങ്ങളെ കൂടാതെയുള്ള സ്വതന്ത്ര രക്ഷ വാഗ്ദാനം ചെയ്താൽ.

ലോകത്തിലേക്ക് വീണ്ടും പിൻവാങ്ങി പോകുന്നവരെ കുറിച്ച് പത്രൊസ് അപ്രതീക്ഷിതമായി പറഞ്ഞു, "അവരുടെ ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിനേക്കാൾ വഷളായി പോയി." അവർ ക്രിസ്ത്യാനികളാകുന്നതിനു മുൻപ് പ്രത്യാശയില്ലാത്തവരും, കോപത്തിന്റെ മക്കളും, നഷ്ടപ്പെട്ടവരും ആയിരുന്നു. അവർ പിൻവാങ്ങി പോയാൽ എങ്ങനെയാണ് സ്ഥിതി അധികം വഷളാകുന്നത്? അവരുടെ രണ്ടാമത്തെ സ്ഥിതി എങ്ങനെ വഷളാകുമെന്ന് നമുക്ക് ഊഹിക്കുവാനേ കഴിയു. യേശു പറഞ്ഞു, "അറിയാതെകണ്ട് അടിക്ക് യോഗ്യമായത് ചെയ്തവനോ കുറയ അടികൊള്ളും; വളരെ ലഭിച്ചവനോട് വളരെ ആവശ്യപ്പെടും" (ലൂക്കൊ. 12:48). "കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനം ലഭിച്ചവന്" അധികം ലഭിച്ചിരിക്കുന്നു. അയാൾ "സ്വർഗീയ ദാനം ആസ്വദിച്ചിരിക്കുന്നു" (എബ്രാ. 6:4). യേശുക്രിസ്തു മടങ്ങി വന്നു ന്യായം വിധിക്കുമ്പോൾ, അവസരങ്ങൾ പാഴാക്കിയതിനും, വാഗ്ദാനങ്ങൾ ലംഘിച്ചതിനും കണക്കു ചോദിക്കും. രക്ഷിതാവിന്റെ അടുക്കലേക്ക് വരാത്തവർക്ക് ലഭിക്കാതിരുന്ന അവസരങ്ങളാണ് കർത്താവിന്റെ അടുക്കൽ വന്നവർക്ക് ലഭിക്കുന്നത്. അവന്റെ ശിക്ഷ എങ്ങനെയാണ് കഠിനമാകുന്നത് എന്ന് നാം ഒരുപക്ഷെ ചിന്തിക്കുകയില്ല.

ക്രിസ്തുവിൽ ആയവർ, വേണമെങ്കിൽ, പിൻവാങ്ങൽ അവർക്ക് തിരിഞ്ഞെടുക്കുവാൻ കഴിയുമെന്നാണ് യേശുവിന്റേയും അപ്പൊസ്തലന്മാരുടേയും ഉപദേശം വ്യക്തമാക്കുന്നത്. ക്രിസ്തുവിൽ തന്നെ നിലനിൽക്കുമെന്നതിന്റെ ഉറപ്പല്ല ക്രിസ്തുവിലാകുക എന്നാൽ. പ്രചാരത്തിലിരിക്കുന്ന "ഒരി

ക്കൽ രക്ഷിക്കപ്പെട്ടാൽ എന്നേക്കും രക്ഷിക്കപ്പെടുന്നതാണ്" എന്ന ഉപദേശം ബൈബിൾപരമല്ല. മറ്റുള്ളവരോട് പ്രസംഗിച്ചശേഷം, "കൊള്ളരുതാത്തവനായി തീരാതിരിക്കുവാൻ" ഞാൻ എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുക യത്രേ ചെയ്തത് എന്നാണ് പൗലൊസ് പറഞ്ഞത് (1 കൊ. 9:27; കെജെവി). ഒരു മനുഷ്യനിൽ അശുദ്ധാത്മാവ് ബാധിച്ചിരുന്നതിനെ കുറിച്ച് യേശു ഒരു ഉപമ പറഞ്ഞിരിക്കുന്നു. ആത്മാവ് അവനെ വിട്ടു പോയി എങ്കിലും ഒരിടത്തും വസിപ്പാൻ സ്ഥലം ലഭിച്ചില്ല. ആത്മാവ് തിരിച്ച് വിട്ടുപോന്ന മനുഷ്യന്റെ അടുക്കൽ ചെന്നപ്പോൾ, അവനിൽ യാതൊരു നന്മയും നിറക്കാതിരുന്നതായി കണ്ടു. ആ അശുദ്ധാത്മാവ് മറ്റു ഏഴ് ആത്മാക്കളെ കൂടെ കൊണ്ടു ചെന്നപ്പോൾ, അവനിൽ വസിപ്പാൻ ധാരാളം സ്ഥലം ഉള്ളതായി കണ്ടു. ഒരാൾ ശുദ്ധീകരിക്കപ്പെട്ട ശേഷവും കഴിഞ്ഞകാല പാപ വഴികളിലേക്ക് മടങ്ങുവാൻ കഴിയും എന്നാണ് അത് സൂചിപ്പിക്കുന്നത് (മത്താ. 12:43-45).

**വാക്യം 21**. മുൻ വാക്യത്തിലെ പ്രയോഗം അപ്പൊസ്തലൻ വിപുലീകരിച്ച് വ്യക്തമാക്കിയിരിക്കുന്നു. അറിയുന്നതിനെ കുറിച്ച് അപ്പൊസ്തലൻ രണ്ട് പ്രാവശ്യം പറഞ്ഞു. "വഴി തെറ്റി നടക്കുന്നവരെ കുറിച്ചുള്ള" ആകുലത തുടരുകയാണ് (2:18). ക്രിസ്തുവിനെ അറിയുക എന്നാൽ, ഒരാൾ അവനിൽ വിശ്വാസം അർപ്പിക്കുക, അവനോട് അടുത്ത് ചെന്ന് അവനെ അനുസരിക്കുകയും, ജീവനെ കണ്ടെത്തുകയും ചെയ്യുക എന്നാണ് അർത്ഥം. ദുരുപദേഷ്ടാക്കന്മാരെ പിൻപറ്റിയവർ, **തങ്ങൾക്ക് ഏൽപിച്ചു കിട്ടിയ വിശുദ്ധ കൽപനയെ, നീതിയുടെ വഴി അറിഞ്ഞശേഷം വിട്ടുകളയുന്നതിനേക്കാൾ, അത് അറിയാതിരിക്കുന്നത് അവർക്ക് നന്നായിരുന്നു**. പ്രവൃത്തികളുടെ പുസ്തകത്തിൽ, ലൂക്കൊസ് യേശുക്രിസ്തുവിന്റെ സഭയെ "മാർഗം" എന്നാണ് വിളിച്ചിരിക്കുന്നത് (പ്രവൃ. 9:2; 19:9, 23; 22:4; 24:22). പത്രൊസിന് അത് "സത്യമാർഗവും" (2 പത്രൊ. 2:2) "നേർ വഴിയും," (2 പത്രൊ. 2:15), "നീതിയുടെ വഴിയും" ആയിരുന്നു.

"വിശുദ്ധ കൽപന" നിർദ്ദേശത്തെയും സുവിശേഷങ്ങളിൽ, വിശുദ്ധ ജീവിതത്തിനായി കാണുന്ന ആജ്ഞകളുമാണ് സൂചിപ്പിക്കുന്നത്. പത്രൊസ് സുവിശേഷം എന്ന വാക്കിന് പകരം ഉപയോഗിച്ചത് "കൽപന" എന്ന വാക്ക് ആണ്, കാരണം ന്യായപ്രമാണസംബന്ധമായ പ്രശ്നമായിരുന്നു ദുരുപദേഷ്ടാക്കന്മാർ ഉയർത്തിയത്. തങ്ങൾ തന്നെ "നാശത്തിന്റെ അടിമകളായിരിക്കെ" അവർ മറ്റുള്ളവർക്ക് "സ്വാതന്ത്ര്യം" വാഗ്ദാനം ചെയ്യുകയായിരുന്നു (2:19). "ആദ്യവിശ്വാസം" വിട്ടുകളയുന്നതാണ് ക്രിസ്തുവിൽനിന്നു തിരിച്ചുപോകുന്നതിന്റെ ആദ്യപടി (വെളി. 2:4). അത് ന്യായപ്രമാണ നിയന്ത്രണങ്ങളെ ഉപേക്ഷിക്കലാണ്. സുവിശേഷം ആവശ്യപ്പെടുന്നത് അനിയന്ത്രിതമല്ല. അവരുടെ ഭക്തി തെളിയിക്കുവാനായി വളയം ചാടുവാൻ ദൈവം ആഗ്രഹിച്ചിരുന്നില്ല. കഴിഞ്ഞ കാലത്തിലേതുപോലെ ദൈവം നിയമങ്ങൾ നൽകിയിരിക്കുന്നത് "നമ്മുടെ നന്മക്കാണ്" (ആവ. 6:24). അവ ഒന്നും ഭാരമുള്ളവയല്ല (1 യോഹ. 5:3); അവ സന്തോഷത്തിന്റേയും സമാധാനത്തിന്റേയും ജീവിത പാതയിലേക്ക് നയിക്കുന്നു.

നന്മയും, പ്രത്യാശയും, ക്രിസ്തീയ കൂട്ടായ്മയും അനുഭവിക്കുകയും പിന്നീട് ജഡിക ഇച്ഛകളിലേക്ക് തിരിയുമ്പോൾ, "നീതിയുടെ വഴി" അറിഞ്ഞ ശേഷം മുമ്പിലത്തേതിനേക്കാൾ കൂടുതൽ ഹൃദയത്തെ കഠിനപ്പെടുത്തുകയാണ് ചെയ്യുന്നത്. ഭോഗേച്ഛകളിൽ ജീവിക്കുന്നതും ക്രിസ്തുവിനെ പോ

ലെ ജീവിക്കുന്നതും തമ്മിലുള്ള വ്യത്യാസം അവർ മനസിലാക്കിയതാണ്. രണ്ടും അനുഭവിച്ച ശേഷം, അവർ ബോധപൂർവ്വമാണ് വീണ്ടും പഴയ വഴി തിരഞ്ഞെടുക്കുന്നത്. “വിശുദ്ധ കൽപന” യിൽനിന്ന് അവർ തിരിയുമ്പോൾ, അവർ പാപത്തിൽ നഷ്ടപ്പെടുന്നു. രണ്ടാമത് അവരെ കർത്താവിന്റെ സുവിശേഷവുമായി സമീപിക്കുക എന്നത് ശ്രമകരമായ ദൗത്യമാണ്. “നീതിയുടെ വഴി അറിയാതിരിക്കുന്നത് അവർക്ക് നന്നായിരുന്നു.”

“വിശുദ്ധ കൽപന” അവരിൽ **ഭരമേൽപിച്ചിരുന്നതായിട്ടാണ്** പത്രൊസ് പറഞ്ഞത്. പഴയ നിയമം, യേശുവിന്റെ ഉപദേശം, പരിശുദ്ധാത്മാവിന്റെ വെളിപ്പാട്, എന്നിവ മുഖാന്തരമാണ് അപ്പൊസ്തലന്മാർ നീതിയുടെ വഴി അറിഞ്ഞത്. മറ്റുള്ളവർക്ക് ആ വഴി “ഭരമേൽപിച്ചു” കിട്ടിയതാണ്. രണ്ടായിരം വർഷങ്ങളായി “നീതിയുടെ വഴി” തലമുറ തലമുറകളായി ഭരമേൽപ്പിക്കപ്പെട്ടിരിക്കുകയാണ്. ക്രിസ്തുവിനെ അറിഞ്ഞവരുടെ ഉത്തരവാദിത്തമാണ് അടുത്ത തലമുറയിലേക്ക് സുവിശേഷ സന്ദേശം കൈമാറുക എന്നത്. അപ്പന്മാരും അമ്മമാരും മക്കളെ പഠിപ്പിക്കണം. സത്യം അറിഞ്ഞ കുടുംബത്തിന്റേയും സഭയുടേയും കർത്തവ്യമാണ് മറ്റുള്ളവരെ “നീതിയുടെ വഴിയിലേക്ക്” നയിക്കുക എന്നത്. ലോകത്തിൽ ആളുകളുടെ ജീവിതം നിലനിർത്തുവാനായി, വചനം കൈമാറുന്നതല്ലാതെ മറ്റൊരു പദ്ധതി ദൈവം കൈമാറിയിട്ടില്ല. സകല ജാതികളോടും സുവിശേഷം അറിയിക്കുവാനുള്ള ദൗത്യം ആളുകൾ എന്ന നിലയിൽ സഭയ്ക്ക് ആണ് ഉള്ളത്. ആ ദൗത്യം ഒരിക്കലും പരാജയപ്പെടാതിരിക്കട്ടെ!

**വാക്യം 22**. ജഡത്തിന്റെ ഇഛക്ക് വിധേയമായി ഒരാത്മാവ് ക്രിസ്തുവിനെ വിട്ട് പിൻമാറി പോകുമ്പോൾ, അത് ഒരിക്കലും ശുഭമായിരിക്കുകയില്ല. ഒരാൾ വിശുദ്ധിയിൽനിന്ന് പാപത്തിലേക്ക് തിരിയുന്നത്, ഒരു നായ് **സ്വന്ത ഛർദ്ദിയിലേക്ക്** [പിന്നെ] തിരിയുന്നതു പോലെയാണ്; അയാൾ [പിന്നെ], കുളിച്ചിട്ട് **ചളിയിൽ ഉരുളുവാൻ തിരിഞ്ഞ പന്നി** പോലെയാകും. ഒന്നു നേരിട്ട് തിരുവെഴുത്തിൽനിന്ന് എടുത്തതാണെങ്കിലും: “നായി ഛർദ്ദിയിലേക്ക് വീണ്ടും തിരിയുന്നതും മൂഢൻ തന്റെ വഷളത്വം ആവർത്തിക്കുന്നതും ഒരുപോലെ” (സദൃശ. 26:11), എന്നതുമായ രണ്ട് യോജിച്ച പഴഞ്ചൊല്ലുകളാണ് പത്രൊസ് ഉപയോഗിച്ചിരിക്കുന്നത്. ന്യായപ്രമാണം അനുസരിച്ച് രണ്ടും അശുദ്ധ മൃഗങ്ങളാണ്. പത്രൊസിനെ പോലെ യേശുവും ഒരു പാഠം പഠിപ്പിക്കുവാൻ രണ്ട് മൃഗങ്ങളെ ഉപയോഗിച്ചിരുന്നു (മത്താ. 7:6).

ദുരുപദേഷ്ടാക്കന്മാരോട് പത്രൊസ് എന്തുകൊണ്ടാണ് പരുഷമായി പെരുമാറിയത്? മറ്റുള്ളവരെ “അഗ്നിപരീക്ഷയിൽനിന്നും, തീയിൽനിന്നും വലിച്ചിഴച്ച്” രക്ഷിക്കുവാൻ സൗമ്യതയോടെയല്ലേ പെരുമാറേണ്ടത് (യൂദാ. 23)? 2 പത്രൊസിന്റെ ലേഖനം 2 വായിക്കുമ്പോൾ, ആദ്യം മനസിലേക്ക് വരുന്ന ഒന്നല്ല “സൗമ്യത.” തീർച്ചയായും സൗമ്യതയോടെ സംസാരിക്കേണ്ട സമയം ഉണ്ട്, എന്നാൽ തുറന്നു സംസാരിക്കേണ്ട സമയവുമുണ്ട്. സത്യത്തെ എതിർത്തവരോട് യേശു തുറന്നു സംസാരിച്ചതിനാലായിരുന്നു യേശുവിന് ശത്രുക്കളുണ്ടായത് (മത്താ. 23). ഒരു ക്രിസ്ത്യാനി യേശുവിന്റെയോ പത്രൊസിന്റേയോ വാക്കുകൾ ദയയില്ലാത്തതായി ഒരിക്കലും കണക്കാക്കരുത്, നേരെ മറിച്ച് ആരെങ്കിലും അങ്ങനെ കരുതുന്നുവെങ്കിൽ, അത് അവർ കർത്താവിന്റെ വഴിക്ക് പകരം സ്വന്ത വഴി ന്യായീകരിക്കുവാൻ ശ്രമിക്കുന്നതുകൊണ്ടാണ്. പത്രൊസ് ഇഭിമുഖീകരിച്ച ദുരുപദേഷ്ടാക്കന്മാർ ഒറ്റപ്പെട്ട ധാർമ്മിക ദൂഷണം ആയിരുന്നില്ല. പാപികളായിരുന്നവർ തങ്ങളുടെ ആ വഴി വിട്ട് രക്ഷിക്കപ്പെ

ട്ടവർ വീണ്ടും പഴയതിലേക്ക് അവരെ നയിക്കുവാൻ ഭീഷണി ഉയർത്തിയ പകർച്ച വ്യാധിയായിരുന്നു ദുരുപദേശം. അഭക്തരായ ആളുകൾ ക്രിസ്തുവിന്റെ വഴി ദുഷിക്കുന്നതായി അറിഞ്ഞപ്പോൾ പത്രൊസിനു കോപമുണ്ടായത് സ്വാഭാവികം മാത്രം. സ്വന്ത ഛർദ്ദിയിലേക്ക് തിരിഞ്ഞ നായെ പോലെ, ചിലർ ക്രിസ്തുവിനെ വിട്ടു വീണ്ടും ലോകത്തിലേക്ക് പോയത് അവനെ ദുഃഖിപ്പിച്ചു. സഭയോട് അവൻ കർശനമായി തുറന്നു സംസാരിച്ചു. അത് അങ്ങനെ തന്നെ ആയിരിക്കണം.

## പ്രായോഗികത

### ക്രിസ്തുവിന്റെ വഴി അവമതിക്കപ്പെടുമ്പോൾ (അദ്ധ്യാ. 2)

നേരിടൽ അസുഖകരമായിരിക്കും. കഴിയുമെങ്കിൽ നാം അവരെ ഒഴിഞ്ഞു മാറുവാൻ ശ്രമിക്കും. നേരിടുവാൻ വരുന്നവരെ ഒഴിഞ്ഞുമാറുന്നത് ഭീരുത്വത്തിന് തുല്യമാണ്. സ്വയേഷ്ടക്കാരും സ്വയം-സേവകരും മുന്നിട്ടിറങ്ങി തെറ്റ് പ്രചരിപ്പിക്കുമ്പോൾ, "ദുഷ്ടന്റെ മുമ്പിൽ കുലുങ്ങിപ്പോയ നീതിമാൻ കലങ്ങിയ കിണറ്റിനും, മലിനമായ ഉറവിടത്തിനും സമം" (സദൃശ. 25:26; എൻഐവി). ദൈവത്തെയും അവന്റെ ഉപദേശത്തേയും മാനിക്കുന്ന നല്ലവരും വചനപരിജ്ഞാനമുള്ളവരും സംസാരിക്കുവാൻ ധൈര്യം കാണിക്കണം. പത്രൊസ് സംബോധന ചെയ്ത ആളുകളിൽ ചിലർ ദുരുപദേഷ്ടാക്കന്മാരുടെ വലയിൽ വീണു കഴിഞ്ഞു, വേറെ ചിലർ അവരെ വെറുതെ കടന്നുപോകന്നവരായിരുന്നേക്കാം. വിശ്വസ്തരായിരിക്കുന്നവരോട് സത്യത്തിൽ ഉറച്ചുനിൽക്കുവാനായിരുന്നു അപ്പൊസ്തലൻ ആവശ്യപ്പെട്ടത്.

### അവർ നമ്മെ വാണിഭശാലയാക്കും (2:1-3)

ന്യു യോർക്ക് പട്ടണത്തിലെ കൊളംബിയ യൂണിവേഴ്സിറ്റിക്കടുത്തുള്ള ബ്രോഡ്വേ റോഡിനരികിൽ ഒരിക്കൽ ചാചകർ നിരന്നിരുന്നു. ഞാൻ യൂണിവേഴ്സിറ്റിയിൽ, ഗവേഷണം നടത്തിയ ഒരു വേനൽക്കാലത്ത് അവർക്കരികിൽകൂടെയായിരുന്നു നടന്നു പോയിരുന്നത്. ആ യാചകർക്കിടയിൽ ഒരു സ്ത്രീ തന്റെ കയ്യിൽ വിൽപനക്കായി കുറെ ബോൾ പെൻ പിടിച്ചിരിക്കുന്നത് ഞാൻ ശ്രദ്ധിച്ചു. അവൾ വെറും യാചനക്കായി മാത്രം സമയം ചെലവിടാതെ സേവനം കൂടെ നടത്തുന്നുണ്ടല്ലോ എന്നു വിചാരിച്ച് പേനകളടങ്ങിയ പാക്കറ്റിന്റെ വില ചോദിച്ചു, പറഞ്ഞ വിലയേക്കാൾ അൽപം കൂടുതൽ കൊടുത്ത് വാങ്ങി. വീട്ടിൽ ചെന്നു പേനകളെല്ലാം പരിശോധിച്ച് നോക്കിയപ്പോൾ അവയിൽ ഒന്നിൽ പോലും മഷിയില്ലാതെ എല്ലുകൾ പോലെ വരണ്ടിരുന്നു. അന്ന് എനിക്ക് അവരോട് ദേഷ്യം തോന്നി, എന്നാൽ ഇപ്പോൾ എന്റെ അന്നത്തെ ബുദ്ധിശൂന്യത ഓർത്ത് ഞാൻ ചിരിച്ചുപോകും. ഞാൻ വഞ്ചിക്കപ്പെടുന്നത് (അത് ആദ്യത്തേതോ അവസാനത്തേതോ) ആയിരുന്നില്ല. കൃപയുടെ നന്മയെ ആളുകൾ മുതലെടുക്കുന്നത് നമ്മിൽ പലർക്കും മനസിലാക്കുവാൻ കഴിയാത്ത പ്രതിഭാസമാണ്.

സഭയിൽ ഭിന്നിപ്പ് ഉണ്ടാക്കിയ ദുരുപദേഷ്ടാക്കന്മാരെ കുറിച്ച് സംസാരിച്ച് പത്രൊസ് വായനക്കാരോട്, ഫലത്തിൽ പറഞ്ഞു, "ചിലർ നിങ്ങളെ മുതലെടുക്കുവാൻ വന്നിരിക്കുകയാണ്." അവർ "ഏതു തരം മുനയുള്ള-പേനയാണ് വിറ്റിരുന്നത്" എന്നറിയുവാൻ നമുക്ക് ആകാംക്ഷയുണ്ട്, എന്നാൽ അത് കാര്യ

മാക്കേണ്ടതില്ല. തലമുറകൾ തോറും ഉപദേശങ്ങളെ മാറ്റുവാൻ വഞ്ചന ഉപയോഗിച്ചിട്ടുണ്ട്. ആളുകൾ നിരന്തരമായി വഞ്ചിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഉപദേഷ്ടാക്കന്മാരുടെ ഫലങ്ങളും ജീവിതവഴിയും ആണ് ശ്രദ്ധിക്കേണ്ടത്. ആ ഉപദേഷ്ടാക്കന്മാർ ഉപദേശിച്ചിരുന്നത് പത്രൊസ് വിശദമായി പറഞ്ഞിരുന്നു എങ്കിൽ എന്നു നാം ആശിച്ചേക്കാം, പക്ഷെ, കള്ളപ്രവാചകന്മാരേയും ദുരുപദേഷ്ടാക്കന്മാരെയും അവരുടെ ഫലത്താൽ നമുക്ക് അവരെ തിരിച്ചറിയുവാൻ കഴിയും (മത്താ. 7:15, 16). അവരുടെ പ്രത്യേക ഉപദേശത്തേക്കാൾ പത്രൊസ് യേശുവിനെ പോലെ ദുരുപദേഷ്ടാക്കന്മാരുടെ ഫലത്തെ കുറിച്ചായിരുന്നു കരുതിയിരുന്നത്.

**ദുരുപദേഷ്ടാക്കന്മാരുടെ ഭോഗേച്ഛ (2:2, 18)**

പുരാതന ലോകത്തും ആധുനിക ലോകത്തും, തങ്ങൾ ചെയ്യുന്നത് ശരിയാണെന്ന് പറഞ്ഞ്, ആളുകളിൽ ഭോഗേച്ഛ ജനിപ്പിച്ച് ആകർഷിക്കുന്നതിനെ ചിലർ എളുപ്പത്തിൽ പിൻപറ്റുവാൻ ശ്രമിക്കും. 2006 ൽ ഇറങ്ങിയ ഒരു പ്രസിദ്ധ നോവൽ ആയിരുന്നു *ഡാ വിഞ്ചി കോഡ്*. ലൈംഗികതയെ സഭ ആവശ്യമില്ലാതെ അടിച്ചമർത്തി വെച്ചിരിക്കുന്നു എന്ന ആരോപണമാണ് അതിന്റെ ലേഖകൻ ഉന്നയിക്കുന്നത്. അത് സത്യത്തിൽനിന്നു വിദൂരമാണ്. *ഡാവിഞ്ചി കോഡിനെ* തരം തിരിച്ച്, ജെയിംസ് എൽ. ഗാർലോയും പീറ്റർ ജോൺസും ഉദ്ധരിച്ച് സി. എസ്. ലൂയിസ് എഴുതി,

> സ്ത്രീകളെ അന്വേഷിച്ച് തക്കം നോക്കി മോഹത്തോടെ തെരുവിലൂടെ നടന്നുപോകുന്ന ഒരാളെ കാണുമ്പോൾ, നിർഭാഗ്യകരമായ ഒരു ഇഡിയമാണ് നാം ഓർത്തുപോകുന്നത്, ഒരു പുരുഷൻ "സ്ത്രീയെ ആഗ്രഹിക്കുന്നു." ചുരുക്കി പറഞ്ഞാൽ, അയാൾക്ക് സ്ത്രീയെ അല്ല ആവശ്യം, സുഖത്തിന് ഉപയോഗിക്കുവാൻ പറ്റുന്ന ഒരു ഉപകരണം മാത്രമാണ് സ്ത്രീ. അഞ്ചു മിനിറ്റിൽ കൂടുതൽ അയാൾ അവളെ കുറിച്ച് കരുതുകയില്ല, അതിനു ശേഷം അയാളുടെ സ്വഭാവം അതു വ്യക്തമാക്കും. അതായത് അയാളുടെ ജഡിക ഇച്ഛ നിവർത്തിക്കുന്നതുവരെ മാത്രം (കൂടിനകത്തുള്ള സിഗററ്റ് ഒരാൾ വലിക്കുവാൻ എടുത്ത ശേഷം കൂട് വലിച്ചെറിയുന്നതുവരെയായിരിക്കും കൂടിനുള്ള വില എന്നതുപോലെയാണ്).[15]

**സ്വാതന്ത്ര്യവും നിയന്ത്രണവും (2:19)**

നിയന്ത്രണത്തിനുള്ളിൽ പ്രവർത്തിക്കുന്നതാണെങ്കിൽ സ്വാതന്ത്ര്യം ഒരു അനുഗ്രഹമാണ്. അത് ഭൗതികമായും ആത്മികമായും വാസ്തവമാണ്. ഉദാഹരണമായി, നിയന്ത്രണമില്ലാത്ത ജീവിതം അസാധ്യമാണ്. ഗുരുത്വപ്രമാണം ആണ് നമ്മുടെ സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുന്നത്. അതില്ലെങ്കിൽ നമുക്ക് പ്രവർത്തിക്കുവാൻ സാധ്യമല്ല. താഴെ ഇറങ്ങുവാൻ കഴിയാതെ കെട്ടിടത്തിനു മുകളിൽ ഒഴുകി നടക്കുന്നത് ഒന്ന് ഊഹിച്ചുനോക്കുക. വിമാനത്തിനും പക്ഷികൾക്കും ഉയരത്തിൽ പറക്കുവാൻ കഴിയും, എന്നാൽ ഗുരുത്വപ്രമാണം ഉള്ളതുകൊണ്ട് ആവശ്യമുള്ളപ്പോൾ താഴെയിറങ്ങുവാൻ കഴിയുന്നു. അതുപോലെ, നിയന്ത്രണമില്ലാത്ത സ്വാതന്ത്ര്യം ആളുകളെ ജീവിതത്തിൽ ഒരിടത്തും എത്തുവാൻ സഹായിക്കുകയില്ല. അങ്ങനെയാകുമ്പോൾ, തങ്ങൾക്കും മറ്റുള്ളവർക്കും ശരിയും തെറ്റും ഒന്നുമല്ലാതാകും. ആളുകൾ തങ്ങൾക്ക് ഇഷ്ടമുള്ളത്

സംസാരിക്കുവാൻ സ്വാതന്ത്ര്യമുള്ളതുകൊണ്ട്, സത്യം സംസാരിക്കുവാൻ കഴിയാത്ത ഒരവസ്ഥയെ ഒന്നു സങ്കൽപിച്ചു നോക്കുക. മോഷ്ടിക്കുന്നത് തെറ്റല്ല എങ്കിൽ കാണുന്നതെല്ലാം സ്വന്തമാക്കുവാനുള്ള വ്യഗ്രതയെ ഒന്ന് ഊഹിച്ചു നോക്കുക.

ക്രിസ്ത്യാനികൾ സ്വാതന്ത്ര്യമുള്ള ആളുകളാണ്, പക്ഷെ ദൈവം വെച്ചിരിക്കുന്ന നിയന്ത്രണങ്ങൾക്കുള്ളിലാണ് അവർ തങ്ങളുടെ സ്വാതന്ത്ര്യം ഉപയോഗിക്കുന്നത്. പത്രൊസ് സംബോധന ചെയ്ത ദുരുപദേഷ്ടാക്കന്മാർ അപ്പൊസ്തലന്മാർ നൽകാത്ത സ്വാതന്ത്ര്യമാണ് ക്രിസ്ത്യാനികൾക്ക് വാഗ്ദാനം ചെയ്തത്. അവർ സ്വാതന്ത്ര്യത്തെ വാഗ്ദാനം ചെയ്തപ്പോൾ പത്രൊസ് പറഞ്ഞു, “തങ്ങൾ [തന്നെ] നാശത്തിന്ന് അടിമകളായിരുന്നു” എന്നാണ്. പിന്നെ അവൻ സാർവ്വലൗകികമായ ഒരു സത്യം കൂടെ ചേർത്തു, “ഒരുത്തൻ ഏതിനോട് തോൽക്കുന്നുവോ അതിന്ന് അടിമപ്പെട്ടിരിക്കുന്നു” (2 പത്രൊ. 2:19). അതുപോലെയുള്ള ഒരു പ്രസ്താവന പൗലൊസും നൽകിയിരിക്കുന്നു, “നിങ്ങൾ ദാസന്മാരായി അനുസരിപ്പാൻ നിങ്ങളെത്തന്നെ സമർപ്പിക്കയും നിങ്ങൾ അനുസരിച്ചുപോരുകയും ചെയ്യുന്നവന്നു ദാസന്മാർ ആകുന്നു. ഒന്നുകിൽ മരണത്തിനായി പാപത്തിന്റെ ദാസന്മാർ, അല്ലെങ്കിൽ നീതിക്കായി അനുസരണത്തിന്റെ ദാസന്മാർ തന്നെ” (റോമർ. 6:16). ഒരുപക്ഷെ പലപ്പോഴും പാപത്തിന്റെ വലിയ അപകടം തിരിച്ചറിയാതെ പോകുകയാണ്. ചിലപ്പോൾ ഒരാൾ തന്റെ പാപം ഉപേക്ഷിപ്പാൻ തയ്യാറാകും, എങ്കിലും പാപം അവനിൽ അവിടെ അവസാനിക്കുന്നില്ല. ഒരു പുരാതന ബുദ്ധിമാൻ പറഞ്ഞു, “യുദ്ധത്തിൽ സേവാവിമോചനവുമില്ല; ദുഷ്ടത ദുഷ്ടന്മാരെവിടുവിക്കയുമില്ല” (സഭാ. 8:8; എൻഐവി).

**ലോകത്തിന്റെ മാലിന്യം (2:20-22)**

ലോകത്തിൽ ഏറ്റവും സ്വാധീനിക്കപ്പെട്ട സാഹിത്യ കൃതി നാലാം നൂറ്റാണ്ടിലെ ഇറ്റാലിയൻ സാഹിത്യകാരനായിരുന്ന ഡാന്റേയുടേതായിരുന്നു. അയാളുടെ പ്രസിദ്ധ പുസ്തകമായിരുന്നു *ഡിവൈൻ കോമഡി.* അതിൽ അദ്ദേഹം ശുദ്ധീകരണസ്ഥലം, നരകം, സ്വർഗം എന്നിവിടങ്ങളിൽ ഒരു സന്ദർശനം നടത്തിയതായി ചിത്രീകരിച്ചിരിക്കുന്നു. നരക സന്ദർശനത്തെ “ദ ഇൻഫെർനോ” എന്നു വിളിച്ചിരിക്കുന്നു. നരകത്തിലേക്ക് നയിക്കുന്ന വാതിലുകളെ ഡാന്റെ വിശേഷിപ്പിച്ചിരിക്കുന്നത് താഴെ കൊടുത്തിരിക്കുന്ന വരികളാലാണ്:

> കഷ്ടത നിറഞ്ഞ പട്ടണത്തിലേക്കുള്ള പ്രവേശന വഴിയാണ് ഞാൻ
> തള്ളിക്കളഞ്ഞവർക്കുള്ള വഴിയാണ് ഞാൻ
> നിത്യ ദുഃഖത്തിലേക്കുള്ള വഴിയാണ് ഞാൻ
> എന്റെ നിർമ്മാതാവ് വിശുദ്ധ നീതി നീക്കം ചെയ്തിരിക്കുന്നു.
> സർവ്വശക്തനായ ദൈവം ആണ് എന്നെ ഇവിടെ ഉയർത്തിയത്.
> ആദ്യം മുതൽ അസ്തിത്വമുള്ളവന്റെ സ്നേഹവും അന്ത്യബുദ്ധിയും,
> ആ മൂലകങ്ങൾ മാത്രം കാലത്തിന് വഹിപ്പാൻ കഴിയുകയില്ലാത്തവ
> എനിക്ക് മമ്പാകെ കാലത്തിനപ്പുറം ഞാൻ നിൽക്കുകയും ചെയ്യും.[16]

ദൈവത്തിന്റെ വരുവാനുള്ള ലോകത്തിൽ, ക്ഷമിക്കപ്പെടാത്ത പാപം ദൈവത്തിൽനിന്നുള്ള നിത്യ വേർപാടായി ദൈവം വ്യക്തമായി മുന്നറിയിച്ചി

രുന്നതാണ്. പാപത്തിന് ഈ ലോകത്തിലും അനന്തരഫലം ഉണ്ട് എന്ന കാര്യവും നാം കാണാതെ പോകുകയാണ്. പാപത്തിന്റെ ശിക്ഷയുടെ ഒരു ഭാഗം നാം ഈ ലോകത്തിൽ അനുഭവിക്കും. ആ സന്ദേശമാണ് അപ്പൊസ്തലനായ പത്രൊസ് 2 പത്രൊസ് 2:20-22 ൽ നമുക്കായി വിട്ടിരിക്കുന്നത്. തന്റെ വായനക്കാർ താഴെ കൊടുത്തിരിക്കുന്ന സത്യങ്ങൾ അറിയണമെന്ന് അപ്പൊസ്തലൻ ആഗ്രഹിക്കുന്നു.

(1) *ഭോഗേച്ഛയിലും, സ്വയം-സേവന ശൈലിയിലും ജീവിക്കുന്ന ആൾ നയിക്കപ്പെടുന്നത് കഷ്ടതയിലേക്കും മരണത്തിലേക്കുമാണ്.* നാം ലേഖനത്തെ മുഴുവൻ എടുത്താൽ, പത്രൊസിന്റെ വാക്കുകളുടെ സന്ദർഭം നമുക്ക് മനസിലാകും. പത്രൊസ് സംബോധന ചെയ്ത സഭകളെ ദുരുപദേഷ്ടാക്കന്മാർ വിഴുങ്ങുവാൻ ശ്രമിക്കുകയായിരുന്നു. ദുരുപദേഷ്ടാക്കന്മാർ എന്താണ് ഉപദേശിച്ചിരുന്നതെന്ന് അപ്പൊസ്തലൻ പറയുന്നില്ല, എന്നാൽ ചില വിശദാംശങ്ങൾ നമുക്ക് പെറുക്കി എടുക്കാവുന്നതാണ്. (ഏ) പത്രൊസിനെ എതിർത്തവർ തങ്ങൾക്ക് പ്രത്യേക ജ്ഞാനം ഉണ്ടെന്നാണ് അവകാശപ്പെട്ടത്. അപ്പൊസ്തലന്മാരേക്കാൾ കൂടുതൽ അറിവ് അവർക്ക് ഉണ്ടെന്നായിരുന്നു അവർ വിചാരിച്ചത്. അവരുടെ ജ്ഞാനം ദൈവത്തിലേക്കുള്ള വഴി ആണെന്നാണ് അവർ പറഞ്ഞത്. (ബി) ദൂതന്മാരും ആത്മിയ ശക്തികളും തങ്ങളുടെ വശത്താണെന്നത്രെ അവർ അവകാശപ്പെട്ടത്. പാപം ചെയ്ത ദൂതന്മാരെ ദൈവം അന്ധ തമസിന്റെ ചങ്ങലയിട്ട് ന്യായവിധിക്കായി കാത്തിരിപ്പാനാക്കിയിരിക്കുന്നു എന്നാണ് പത്രൊസും യൂദയും പറഞ്ഞത്. (സി) ക്രിസ്തുവിന്റെ രണ്ടാം വരവിനെ അവർ "ആത്മിയവൽക്കരിക്കുവാനാണ്" ശ്രമിച്ചത്. അത് ഒരു യഥാർത്ഥ സംഭവമല്ല എന്നാണ് അവർ പഠിപ്പിച്ചത്. ഒരു വ്യക്തി ദൈവത്തിലേക്ക് വരുമ്പോൾ, ക്രിസ്തു അവനിലേക്ക് വരുന്നതാണ് വീണ്ടും വരവ് എന്നാണ് അവർ പഠിപ്പിക്കുന്നത്. പത്രൊസ് എഴുതിയിരിക്കുന്നത്, "... അവന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം എഴവിടെ? പിതാക്കന്മാർ നിദ്രകൊണ്ടശേഷം സകലവും സൃഷ്ടിയുടെ ആരംഭത്തിൽ ഇരുന്നതുപോലെ തന്നെ ഇരിക്കുന്നു എന്നു പറഞ്ഞു നടക്കുന്ന പരിഹാസികൾ പരിഹാസത്തോടെ അന്ത്യകാലത്ത് വരും എന്ന് വിശേഷാൽ അറിഞ്ഞുകൊൾവിൻ" (2 പത്രൊ. 3:3, 4).

അവയെല്ലാം കുഴപ്പത്തിലാക്കുന്നവയായിരിക്കെ, അത് സുവിശേഷത്തോട് വിട്ടുവീഴ്ച്ച ചെയ്ത ദൂരുപദേഷ്ടാക്കന്മാരുടെ സ്വഭാവമാണെന്ന് പത്രൊസ് മനസിലാക്കിയിരുന്നു. അവന്റെ ഭാഷ ശക്തമായിരുന്നു: "[അവർ] വ്യഭിചാരിണികളെ കണ്ട് രസിക്കയും പാപം കണ്ട് തൃപ്തിപ്പെടാതിരിക്കയും ചെയ്യുന്ന കണ്ണുള്ളവരും സ്ഥിരതയില്ലാത്ത ദേഹികളെ വശീകരിക്കുന്നവരും ദ്രവ്യാഗ്രഹത്തിൽ അഭ്യാസം തികഞ്ഞ ഹൃദയമുള്ളവരുമായ ശാപയോഗ്യന്മാർ" (2 പത്രൊ. 2:14).

ദുരുപദേഷ്ടാക്കന്മാർ സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുമ്പോൾ, അവർ പറയുന്ന ജീവിതത്തിന്റെ ഫലം, അടിമത്വവും മരണവും ആയിരിക്കും എന്നാണ് പത്രൊസ് പറഞ്ഞത്. "തങ്ങൾ തന്നെ നാശത്തിന്റെ അടിമകളായിരിക്കെ മറ്റുള്ളവർക്ക് [അവർ സ്വാതന്ത്ര്യത്തെ വാഗ്ദത്തം ചെയ്യുന്നു]. ഒരുത്തൻ ഏതിനോട് തോൽക്കുന്നുവോ അതിന്ന് അടിമപ്പെട്ടിരിക്കുന്നു" (2 പത്രൊ. 2:19). യേശു അതുപോലെ പറഞ്ഞു, "ആമേൻ ആമേൻ, ഞാൻ നിങ്ങളോട് പറയുന്നു, പാപം ചെയ്യുന്നവൻ എല്ലാം പാപത്തിന്നു ദാസൻ ആകുന്നു" (യോഹ. 8:34). അതേ സത്യം പൗലൊസ് ഇപ്രകാരം പറഞ്ഞിരിക്കുന്നു:

“നിങ്ങൾ ദാസന്മാരായി അനുസരിപ്പാൻ നിങ്ങളെത്തന്നെ സമർപ്പിക്കയും നിങ്ങൾ അനുസരിച്ചുപോരുകയും ചെയ്യുന്നവന്നു ദാസന്മാർ ആകുന്നു എന്ന് അറിയുന്നില്ലയോ?” (റോമർ. 6:16).

ചില സ്വാതന്ത്ര്യങ്ങൾക്ക് മറ്റു ചില സ്വാതന്ത്ര്യങ്ങളെ നിയന്ത്രിക്കേണ്ടത് ആവശ്യമാണ്. മറ്റൊരാളുടെ വസ്തു കവർന്നെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തി മോഷ്ടാവാകുന്നു, അതിനാൽ സ്വ-ബഹുമാനം നഷ്ടമാക്കുകയും, സത്യസന്ധത ഇല്ലാതാക്കുകയുമാണ് ചെയ്യുന്നത്. വിവാഹത്തിന് പുറത്ത് ലൈംഗികവേഴ്ച്ച നടത്തുവാൻ ആഗ്രഹിക്കുന്ന സ്ത്രീയായാലും/പുരുഷനായാലും, ഭാര്യയും ഭർത്താവും എന്ന നിലക്ക് വിവാഹത്തിൽകൂടെ സത്യസന്ധവും, സ്നേഹവും ഉള്ള ഒരു ബന്ധം പുലർത്തുവാൻ സാധ്യമല്ല. ദൈവത്തോടുള്ള അനുസരണക്കേട് വലിയ ഭാരമായി തീരും എന്ന് പത്രൊസ് പറഞ്ഞപ്പോൾ, അതു വളരെ ആവശ്യപ്പെടുന്നതും, സ്വാതന്ത്ര്യത്തെ ചുരുക്കി ക്രിസ്തീയ ജീവിതം തന്നെ അനിയന്ത്രിതമാക്കുകയുമാണ് ചെയ്യുന്നത്. ക്രിസ്ത്യാനികൾക്ക് വഹിപ്പാൻ കഴിയാത്ത ഭാരമുള്ളവയല്ല ദൈവത്തിന്റെ കൽപനകൾ. അവരുടെ പടികൾക്കുള്ള നീരുറവയാണ് അവ. ജീവിതത്തിനുള്ള നടത്തിപ്പ് നിർദ്ദേശം നൽകുകയും ചെയ്യും. യോഹന്നാൻ അതിനെ ഇപ്രകാരം പറയുന്നു, “നാം ദൈവത്തെ സ്നേഹിച്ച് അവന്റെ കൽപനകളെ അനുസരിച്ച് നടക്കുമ്പോൾ ദൈവമക്കളെ സ്നേഹിക്കുന്നു എന്ന് അതിനാൽ അറിയാം. അവന്റെ കൽപനകളെ പ്രമാണിക്കുന്നതല്ലൊ അവനോടുള്ള സ്നേഹം; അവന്റെ കൽപനകൾ ഭാരമുള്ളവയല്ല” (1 യോഹ. 5:2, 3).

(2) *എപ്പോൾ വേണമെങ്കിലും ഓൺ ചെയ്യുവാനും ഓഫ് ചെയ്യുവാനും കഴിയുന്ന ഒരു സ്വിച്ച് പോലെയുള്ളതല്ല ദൈവമില്ലാത്ത ജീവിതം*. ഓരോ സമയത്തും ആളുകൾ പാപം ചെയ്യുമ്പോൾ, ദൈവത്തിലേക്ക് തിരിച്ചുവരികയാണെങ്കിൽ അവർക്ക് ആദിയിലെ പരിശുദ്ധിയിൽ ആകുവാൻ കഴിയും എന്നു ചില ആളുകൾ വിശ്വസിക്കുന്നു. അത്തരത്തിലല്ല സംഭവിക്കുന്നത്. ഒരാൾ ഓരോ പ്രാവശ്യവും ദൈവത്തിൽനിന്നും പുറം തിരിഞ്ഞുപോകുമ്പോൾ, തന്നോടു തന്നെ ഓരോന്ന് അയാൾ പ്രവർത്തിക്കുകയാണ് എന്നത്രെ പത്രൊസ് പറഞ്ഞത്. പാപത്തിലേക്കുള്ള ഓരോ വഴിയും അതിന്റെ അനന്തര-ഫലങ്ങളും നമ്മെ ക്ഷീണിപ്പിക്കും. ഓരോ മൽസരവും നമ്മുടെ കരുതൽ ധനം കുറഞ്ഞു കൊണ്ടിരിക്കും. അപ്പോൾ ദൈവത്തിലേക്ക് തിരിച്ചുവരുന്നതു പ്രയാസമായിരിക്കും. ദൈവത്തെ മനസിലാക്കി അവനെ രുചിച്ചറിഞ്ഞശേഷം ലോകത്തിലേക്ക് പിന്മാറി പോയാൽ, പിന്നെ ആദ്യത്തെപ്പോലെ അയാൾക്ക് ദൈവത്തിലേക്ക് തിരിച്ചു വരുവാൻ പ്രയാസം നേരിടും.

ഒരാൾ പാപത്തിലേക്ക് വഴുതി വീഴുന്ന ഓരോ സമയവും അയാളെ പാപം പിടിച്ചു നിർത്തിക്കൊണ്ടിരിക്കും. ദൈവത്തിൽനിന്നു പുറം തിരിഞ്ഞുപോകുന്ന ആളുടെ അവസ്ഥ ആദ്യത്തേതിനേക്കാൾ വഷളായി തീരും.

> കർത്താവും രക്ഷിതാവും ആയ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്താൽ ലോകത്തിന്റെ മാലിന്യം വിട്ടോടിയവർ അതിൽ വീണ്ടും കുടുങ്ങി തോറ്റുപോയാൽ അവരുടെ ഒടുവിലത്തെ സ്ഥിതി ആദ്യത്തേതിനേക്കാൾ അധികം വഷളായി പോയി. തങ്ങൾക്ക് ഏൽപിച്ചു കിട്ടിയ വിശുദ്ധ കൽപനയെ നീതിയുടെ വഴി അറിഞ്ഞ ശേഷം വിട്ടുകളയുന്നതിനേക്കാൾ അത് അറിയാതിരിക്കുന്നത് അവർക്ക് നന്നായിരുന്നു (2 പത്രൊ. 2:20, 21).

ഇത് ഒരു ഭയാനക ചിന്തയാണ്.

പഞ്ഞികൊണ്ടുള്ള പന്ത് ഒരാൾ ഒരു കൊളുത്തിലിട്ടു വലിച്ചുകൊണ്ടിരുന്നാൽ, ഓരോ പ്രാവശ്യവും വലിക്കുമ്പോൾ, ഓരോ ഇഴ അതിൽ പിടിക്കും, അങ്ങനെ അവസാനം പൂർണ്ണമായ ഒരു മാറ്റം സംഭവിക്കുന്നതുവരെ അതു തുടരും. പാപം പ്രവർത്തിക്കുന്നത് അങ്ങനെയാണ്. പാപം ചെയ്യുന്ന ഓരോ അവസരത്തിലും, ഭയം അൽപം അവിടെ വിടുകയും, നന്മയുടെ അംശം പടിപടിയായി കുറയുകയും ചെയ്യും. നന്മയും, ദൈവവും എന്താണെന്ന് തിരിച്ചറിയുവാൻ പറ്റാത്ത അവസ്ഥയിലെത്തുന്ന ഒരാൾക്ക് മാനസാന്തരപ്പെടുവാൻ കഴിയാതെ വരും. എൻഐവിയിൽ, സഭാപ്രസംഗി 8:8-ൽ നാം വായിക്കുന്നു, "യുദ്ധത്തിൽ സേവാവിമോചനവുമില്ല; ദുഷ്ടത ദുഷ്ടന്മാരെ വിടുവിക്കയുമില്ല."

തനിക്ക് എപ്പോൾ വേണമെങ്കിലും തിരിച്ചുവരാം എന്ന വിചാരത്തിൽ ഒരാൾ പാപത്തിലേക്ക് വഴുതി വീണാൽ, അയാൾ പാപത്തിന്റെ അനന്തരഫലത്തെ കണക്കാക്കിയിട്ടില്ല എന്നു കരുതാം. ജഡത്തെ തൃപ്തിപ്പെടുത്തുന്ന ജീവിതമാണ് ഒരാൾ നയിക്കുന്നതെങ്കിൽ, അയാൾ ദൈവത്തിലേക്ക് തിരിച്ചുവരുവാൻ മനസ് കാണിക്കുന്നില്ല എന്നർത്ഥം. അതുകൊണ്ടാണ് എബ്രായ ലേഖകൻ ഇങ്ങനെ പറഞ്ഞത്, "സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം മനപ്പൂർവ്വം പാപം ചെയ്താൽ പാപങ്ങൾക്ക് വേണ്ടി ഇനി ഒരു യാഗവും അവശേഷിക്കുന്നില്ല" (എബ്രാ. 10:26).

(3) *ഭോഗേച്ഛയും ദ്രവ്യാഗ്രഹവും ഉള്ള ലൗകിക ജീവിതത്തിനു ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും മതിയായ വില കൊടുക്കണം.* കർത്താവ് തന്റെ ജനത്തിൽനിന്ന് ആവശ്യപ്പെടുന്ന ദാസ്യത്വത്തിനു പുറമെ, പാപത്തിൽ ജീവിക്കുന്നവർക്ക് ഈ ലോകത്തിലും വരുവാനുള്ള ജീവിതത്തിലും പാപത്തിന്റെ അനന്തരഫലവും അനുഭവിക്കണം. ശിഷ്യത്വത്തിനായി വിളിക്കുന്നതിനെ കുറിച്ച് ധാരാളം കാര്യങ്ങൾ ബൈബിൾ വെളിപ്പെടുത്തുന്നു. നസറേത്തുകാരനായ യേശുവിന്റെ നാമം ധരിക്കുന്നത് നിസാരമല്ല. നമ്മുടെ ശരീരങ്ങളെ ദൈവത്തിനു പ്രസാദകരമായ യാഗമായി അർപ്പിക്കുക എന്നതാണ് ക്രിസ്ത്യാനിയാകുക എന്നു പറഞ്ഞാൽ എന്നാണ് പൗലൊസ് പറഞ്ഞത് (റോമർ. 12:1).

ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ച് കർത്താവിന്റെ കൽപന അനുസരിക്കുക എന്നത് പ്രാധാന്യമുള്ള കാര്യമാണ്. അതിൽ, അയൽക്കാരന്റെ ആവശ്യങ്ങളെ കരുതുന്നതും, മക്കളെ പത്ഥ്യോപദേശത്തിൽ പോറ്റി വളർത്തുന്നതും, ക്രിസ്തുവിന്റെ സഭയായ ദൈവജനത്തെ ഉത്തേജിപ്പിക്കുന്നതും ഉൾപ്പെടുന്നു. കൂടാതെ, ധാർമ്മികമായ മൂല്യങ്ങളും കൈക്കൊള്ളണം. നുണ, മോഷണം, ലൈംഗിക അധാർമ്മികത്വം, ചതി, തുടങ്ങിയ അനവധി ലൗകിക പരിശീലനങ്ങൾ തെറ്റാണ്. ക്രിസ്ത്യാനിയാവുക എന്നാൽ ക്രിസ്തുവിന്റെ ഭാരം പങ്കിടുക എന്നാണ്. അഭക്തരായവർ ഗുരുവിനെ പകെച്ചു എങ്കിൽ ശിഷ്യന്മാരെയും പകെക്കും. ക്രിസ്തുവിനെ അനുഗമിക്കുക എന്നാൽ ശരിയായതിനുവേണ്ടി നിലകൊള്ളുകയും നീതിയെ പകെക്കുന്നവരുടെ ശത്രുക്കളായിതീരുകയുമാണ്. ക്രിസ്ത്യാനിയായി തീരുന്നതിൽ ഭാരവും ഉൾപ്പെട്ടിരിക്കുന്നു.

ക്രിസ്ത്യാനിയായി തീരുന്നതിനു യേശു ആവശ്യപ്പെടുന്ന വില വളരെ ഉയർന്നതാണ്. അവൻ വേറെയും ചിലത് പറഞ്ഞു. യേശു പറഞ്ഞു, "എന്റെ നുകം മൃദുവും എന്റെ ചുമട് ലഘുവുമാകുന്നു." നാം ജീവിച്ചിരിക്കുമ്പോൾ,

ഉപജീവനത്തിനായി ചിലതു ചെയ്യും. പാപം ചെയ്ത് അനുഭവിക്കുന്ന ഭാരവുമായി താരതമ്യം ചെയ്താൽ യേശുവിന്റെ ചുമട് ലഘുവാണെന്നാണ് കർത്താവ് പറഞ്ഞത് (മത്താ. 11:29).

*ഉപസംഹാരം.* പാപത്തിനുള്ള ശിക്ഷ വരുവാനുള്ള ലോകത്തിൽ മാത്രമുള്ളതല്ല എന്നതായിരുന്നു പത്രൊസിന്റെ സന്ദേശം. ഈ ലോക ജീവിതം നരകതുല്യമാണെന്ന് പറയുന്ന ആളുകളെ ഞാൻ കാണുകയും കേൾക്കുകയും ചെയ്തിട്ടുണ്ട്. ഭയങ്കരമായ അനന്തരഫലം പുറപ്പെടുവിക്കുന്ന ജീവിതമായിരുന്നു അവരുടേത്. അങ്ങനെയാണെങ്കിലും, പാപത്തിനുള്ള ശിക്ഷ അതിലും കൂടുതലാണ്. ഇതിന്റെയെല്ലാം ശിക്ഷ നിത്യമായി അനുഭവപ്പെടുന്നത് ന്യായവിധിക്കു ശേഷമാണ്.

---

കുറിപ്പുകൾ

[1]ലൂസിയാൻ *ദ പാസിങ് ഓഫ് പെരെഗ്രിമസ്* 11–15. [2]ധർമ്മം വിതരണം ചെയ്യുമ്പോൾ ഔദാര്യം മാത്രമായിരിക്കയില്ല പരിഗണിക്കുക. ചിലപ്പോൾ പണമോ അല്ലെങ്കിൽ വസ്തുക്കളോ വിതരണം ചെയ്യുമ്പോൾ, വേർതിരിവ് കാണിച്ചു എന്ന ക്രിയാത്മകമായ ആരോപണം നേരിടുവാൻ സാധ്യതയുണ്ട്. കൂടാതെ ക്രിസ്ത്യാനികൾ സമ്പാദ്യങ്ങളുടെ ഗൃഹവിചാരകന്മാരാണ്. അത് ബുദ്ധിയോടുകൂടെ ഉപയോഗിക്കുവാനുള്ള ഉത്തരവാദിത്തം അവർക്ക് ഉണ്ട്. [3]ഗ്രീക്കിൽ അക്ഷരികമായി വായിക്കുന്നത് “ഹെരെസീസ് ഓഫ് ഡിസ്ട്രക്ഷൺ” എന്നാണ്. [4]*സാത്താൻ* എന്ന എബ്രായ വാക്കിന്റെ അർത്ഥം, “കുറ്റാരോപൻ,” അല്ലെങ്കിൽ “പ്രതിയോഗി” എന്നാണ്. *ഡയാബോലോസ്* എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം, എബ്രായ തർജിമയുടെ ഏകദേശ അർത്ഥം “കുറ്റാരോപകൻ” എന്നു വരും. പുതിയ നിയമത്തിൽ കെജെവിയിലും മിക്ക പുതിയ തർജിമകളിലും “ഡെവിൾ” എന്ന് ചെറിയ അക്ഷരത്തിലാണ് കൊടുത്തിരിക്കുന്നത്, വർഗിയമായി എടുത്താൽ, “സാത്താൻ” എന്നതിന്റെ ആദ്യ അക്ഷരം വലിയ അക്ഷരത്തിലാണ് ഉള്ളത്, അത് പിശാചിന്റെ ശരിയായ പേരാണ് എന്നു സൂചിപ്പിക്കുന്നു. [5]റിച്ചാർഡ് ജെ. ബക്കാം, *ജൂഡ്, 2 പീറ്റർ*, വേർഡ് ബിബ്ലിക്കൽ കമെന്ററി, വാല്യം 50 (വാക്കോ, ടെക്സ്.: വേർഡ് ബുക്സ്, 1983), 250. [6]ജോസെഫസ് *ആന്റികിറ്റിസ്* 1.11.4. [7]സ്ട്രാബോ *ജിയോഗ്രഫി* 16.2.44. [8]ആ വാദത്തിന്റെ സാങ്കേതികമായ വാക്ക് *ഫോർട്ടിയോരി* എന്നാണ്, അർത്ഥം, “കൂടുതൽ വലിയ കാരണത്തിനായി.” [9]പത്രൊസിന്റെ പ്രസ്താവന നന്നായി എടുത്തിട്ടില്ലെങ്കിലും, എൻഏഎസ്ബിയിൽ വായിക്കുന്നതു തന്നെയാണ് എൻഐവിയിലും എൻആർഎസ്‌വിയിലും എടുത്തിരിക്കുന്നത്. ആർഈഎബി ആണ് നന്നായി തർജിമ ചെയ്തിരിക്കുന്നത്: “കഷ്ടത അവർ വരുത്തിയ മുറിവിനുള്ള മുറിവാണ്.” പുസ്തക തെളിവ് ചർച്ച ചെയ്യുവാൻ നോക്കുക, ജെ. എൻ. ഡി. കെല്ലി, *ഏ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽസ് ഓഫ് പീറ്റർ ആന്റ് ജൂഡ്*, ബ്ലാക്സ് ന്യൂ ടെസ്റ്റമെന്റ് കമെന്ററീസ് (ലണ്ടൻ: ആഡം & ചാൾസ് ബ്ലാക്ക്, 1969), 339. [10]ജോസെഫസ് *ആന്റികിറ്റീസ്* 1.2.2.

[11]ഫിലോ *ലൈഫ് ഓഫ് മോസസ്,* 1.283. [12]ജോസെഫസ് *വാഴ്സ്* 6.5.3. [13]കൂടുതൽ വായിക്കുവാൻ താൽപര്യമുള്ളവർ നോക്കുക, എഡ്വിൻ എം. യാമൗചി, *പ്രി-ക്രിസ്ത്യൻ നോസ്റ്റിസിസം: ഏ സർവേ ഓഫ് ദ പ്രൊപോസ്ഡ് എവിഡെൻസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1973); സംവൺ പെട്രമെന്റ്, *ഏ സെപ്പറേറ്റ് ഗോഡ്: ദ ഒറിജിൻസ് ആന്റ് ടീച്ചിങ്ങ്സ് ഓഫ് നോസ്റ്റിസിസം*, ട്രാൻസ്. കരോൾ ഹാരിസൺ (സാൻ ഫ്രാൻസിസ്കോ: ഹാർപെൻ സാൻഫ്രാൻസി

സ്കോ, 1984); കർട്ട്റഡോൾഫ്, *നോസിസ്: ദ നേച്ചർ & ഹിസ്റ്ററി ഓഫ് നോസ്റ്റിസിസം*, ട്രാൻസ്. പിേ. ഡബ്ലിയു. കോക്സൻ ആന്റ് കെ. എച്ച്. കുൻ, എഡി., റോബർട്ട് മെക്ലച്ച്ലാൻ വിൽസൻ (സാൻ ഫ്രാൻസിസ്കോ: ഹാർപ്പർ & റോ, പബ്ലിഷേഴ്സ്, 1987). [14]നോസ്റ്റിക്സുകാരെ കുറിച്ച് എഴുതിയതും 1940 കളിൽ കണ്ടെടുത്തതുമായ പുസ്തകമായിരുന്നു നാഗ് ഹാമഡി എന്നത്. സീ ദ ഡിസ്ക്കഷൻ ഇൻ ജോൺ പെയിന്റർ: *ജസ്റ്റ് ജെയിംസ്: ദ ബ്രദർ ഓഫ് ജീസസ് ഇൻ ഹിസ്റ്ററി ആന്റ് ട്രഡീഷൻ* (മിന്നപ്പൊലിസ്: ഫോർട്ട്റെസ്, 1999), 159-81. [15]ക്വോട്ടഡ് ബൈ ജെയിംസ് എൽ. ഗാർലോ ആന്റ് പീറ്റർ ജോൺസ്, *ക്രാക്കിങ് ഡാ വിൻകിസ് കോഡ്* (കൊളൊറാഡോ സ്പ്രിങ്സ്: വിക്ടർ, 2004), 38. [16]ഡാന്റേ *ഡിവൈൻ കോമെഡി: ഇൻഫെർനോ* 3.